# യേശു ഖുർആനിൽ

ശൈഖ് മുഹമ്മദ് കാരകുന്ന്

പ്രസാധനം
ഡയലോഗ് സെന്റർ കേരള

വിതരണം

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്

# പ്രസ്താവന

നമ്മുടെ നാടിന്റെ പ്രധാന സവിശേഷതകളിലൊന്ന് അതിന്റെ ബഹുസ്വരതയാണ്. മതവൈവിധ്യതയുടെയും സാംസ്‌കാരിക വൈജാത്യത്തിന്റെയും ഭാഷാ ബഹുത്വത്തിന്റെയും സംഗമ ഭൂമിയാണ് ഇന്ത്യ. അതിനാൽ രാജ്യത്തിന്റെയും ജനതയുടെയും ആരോഗ്യകരമായ നിലനില്പും പുരോഗതിയും സാധ്യമാവണമെങ്കിൽ വിവിധ മത സമൂഹങ്ങൾ തമ്മിലുള്ള സ്‌നേഹവും സൗഹൃദവും സഹകരണവും സഹിഷ്ണുതയും അനിവാര്യമാണ്. അന്യോന്യം അടുത്തറിയുന്നതിലൂടെ മാത്രമേ ഇത് പ്രായോഗികമാവുകയുള്ളൂ. വസ്തുനിഷ്ഠമായ അറിവിന്റെ അഭാവത്തിൽ അബദ്ധധാരണകളാണ് ആധിപത്യമുറപ്പിക്കുക. അത് വൻ വിപത്തുകൾക്ക് നിമിത്തമായെന്നും വരും.

കേരളം സാക്ഷരതയിലും സാംസ്‌കാരിക പ്രബുദ്ധതയിലും രാഷ്ട്രീയ അവബോധത്തിലും വളരെ മികച്ചു നിൽക്കുന്ന പ്രദേശമാണല്ലോ. അതുകൊണ്ടു തന്നെ സാമൂഹിക-സാംസ്‌കാരിക-രാഷ്ട്രീയ മേഖലകളിൽ സജീവമായ ചർച്ചകളും സംവാദങ്ങളും നടക്കാറുണ്ട്. എന്നാൽ മതമേഖലയിൽ ആശയ വിനിമയത്തിനുള്ള അവസരങ്ങൾ അത്യപൂർവമത്രെ. വിവിധ മത സമുദായങ്ങൾക്കിടയിൽ വലിയ അകൽച്ചയും തികഞ്ഞ അജ്ഞതയും ഗുരുതരമായ തെറ്റിദ്ധാരണകളും നിലനിൽക്കാനുള്ള കാരണങ്ങളിലൊന്ന് ഇതാണ്. ഇതു പരിഹരിക്കാനായി സ്‌നേഹത്തിലും പരസ്പര സഹകരണത്തിലും സൗഹാർദത്തിലും ഗുണകാംക്ഷയിലും അധിഷ്ഠിതമായ മുഖാമുഖങ്ങളും ചർച്ചകളും സെമിനാറുകളും സിമ്പോസിയങ്ങളും സംവാദങ്ങളും സംഘടിപ്പിക്കാനും ഉത്തമ ഗ്രന്ഥങ്ങൾ തയ്യാറാക്കാനുമായി രൂപംകൊണ്ട വേദിയാണ് ഡയലോഗ് സെന്റർ കേരള.

ഐഹിക ജീവിതം സമാധാന നിരതവും ക്ഷേമപൂർണവുമാ

കണമെന്നാഗ്രഹിക്കാത്ത ആരുമുണ്ടാവില്ല. അവ്വിധം മരണാനന്തരം ദൈവപ്രീതിയും ജീവിത വിജയവും ലഭിക്കണമെന്ന് മുഴുവൻ മത വിശ്വാസികളും ആഗ്രഹിക്കുന്നു. ഇതു രണ്ടും ഒരേ സമയം സാധിതമാവാൻ ഏറ്റം പറ്റിയ മാർഗമേതെന്ന് അന്വേഷിക്കാനും കണ്ടെത്താനും ഏവരും ബാധ്യസ്ഥരത്രെ.

ഭൂമിയിലെ ജീവിതം ഐശ്വര്യ പൂർണവും ക്ഷേമനിരതവുമാക്കാൻ ഏറ്റം ഉതകുന്ന പദ്ധതി തങ്ങളുടെ വശമാണെന്ന് വിശ്വസിക്കുന്ന ഭൗതിക പ്രസ്ഥാനങ്ങൾ അവ സമൂഹ സമക്ഷം സമർപ്പിക്കാൻ സദാ ജാഗ്രത പുലർത്താറുണ്ട്. ഭൂമിയിലെ ക്ഷണിക ജീവിതവും മരണശേഷമുള്ള ശാശ്വത ജീവിതവും വിജയകരവും സുരക്ഷിതവുമാകാൻ അനിവാര്യമായ വ്യവസ്ഥ തങ്ങളുടേതാണെന്ന് ഉറച്ചുവിശ്വസിക്കുന്നവർ സാമൂഹിക പ്രതിബദ്ധതയും മനുഷ്യസ്നേഹവുമുള്ളവരാണെങ്കിൽ ജനങ്ങളോടത് ഗുണകാംക്ഷാ പൂർവം തുറന്നുപറയാൻ ബാധ്യസ്ഥരാണ്. അത്തരമൊരു വ്യവസ്ഥയെ ജനങ്ങൾക്ക് പരിചയപ്പെടുത്താതിരിക്കുന്നത് കടുത്ത ദ്രോഹവും സാമൂഹിക വിരുദ്ധ സമീപനവുമാണ്. അങ്ങനെ സംഭവിക്കാതിരിക്കാനുള്ള ശ്രമത്തിന്റെ ഭാഗം കൂടിയാണ് ഡയലോഗ് സെന്റർ.

അടുത്ത ബന്ധമുള്ള രണ്ടു മതസമൂഹങ്ങളാണ് മുസ്‌ലിംകളും ക്രിസ്ത്യാനികളും. ഇരു വിഭാഗവും ദൈവത്തിലും ദൈവദൂതൻമാരിലും മരണാനന്തര ജീവിതത്തിലും വിശ്വസിക്കുന്നു. ക്രൈസ്തവ സമൂഹം ഏറ്റവുമധികം ആദരിക്കുന്ന യേശുവിനെ മുസ്‌ലിംകളും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ പേര് കേൾക്കുമ്പോൾ രക്ഷക്കും സമാധാനത്തിനുമായി പ്രാർഥിക്കുന്നു.

യേശുവിനെ വിശുദ്ധ ഖുർആൻ വിശദമായി പരിചയപ്പെടുത്തുന്നുണ്ട്. ഖുർആൻ വരച്ചുകാണിച്ച യേശുവിന്റെ ജീവിതവും സന്ദേശവും മലയാള വായനക്കാരുടെ മുമ്പിൽ സമർപ്പിക്കുന്ന ലഘു കൃതിയാണിത്. യേശുവിനെ സംബന്ധിച്ച ഖുർആന്റെ വെളിപ്പെടുത്തലുകൾ ക്രൈസ്തവ സഹോദരങ്ങൾക്ക് നൂതനമായ ഒരനുഭവമായിരിക്കുമെന്നും മുസ്‌ലിം-ക്രൈസ്തവ ധാരണകൾ കൂടുതൽ യാഥാർഥ്യാധിഷ്ഠിതവും സൗഹാർദപരവുമാകുമെന്നും പ്രതീക്ഷിക്കുന്നു.

പ്രവാചകൻമാർ പരിചയപ്പെടുത്തിയ ദൈവത്തിന്റെ സത്യശുദ്ധമായ പാത പിന്തുടർന്ന് ജീവിത വിജയം വരിക്കാൻ പ്രപഞ്ചനാഥൻ നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

- പ്രസാധകർ

# താളുകളിൽ

**അധ്യായം ഒന്ന്**
യേശുവിന്റെ ജീവിതവും സന്ദേശവും 9

**അധ്യായം രണ്ട്**
ദൈവസങ്കല്പം ബൈബിളിലും ഖുർആനിലും 19

**അധ്യായം മൂന്ന്**
ത്രിയേകത്വത്തിന്നെതിരെ 27

**അധ്യായം നാല്**
തെറ്റിദ്ധാരണയ്ക്കിടവരുത്തിയ പ്രയോഗങ്ങൾ 35

**അധ്യായം അഞ്ച്**
ചില സംശയങ്ങൾ 45

**അധ്യായം ആറ്**
പാപപരിഹാരം ബൈബിളിലും ഖുർആനിലും 51

**അധ്യായം ഏഴ്**
ക്രൈസ്തവ സാക്ഷ്യം 58

അധ്യായം ഒന്ന്

# യേശുവിന്റെ ജീവിതവും സന്ദേശവും

**മാ**നവരാശിക്ക് ദൈവിക സന്മാർഗം സമർപ്പിച്ച സന്ദേശ വാഹകരാണ് പ്രവാചകന്മാർ. മുഴുവൻ ദൈവദൂതന്മാരും പ്രതിനിധാനം ചെയ്തത് ഒരേ ആദർശത്തെയാണ്. അന്ത്യദൂതനായ മുഹമ്മദ് നബിയെ അഭിസംബോധന ചെയ്ത് ദൈവം അറിയിക്കുന്നു: "ഞാനല്ലാതെ ദൈവമില്ല; അതിനാൽ എന്നെ മാത്രം വണങ്ങി വഴങ്ങി ജീവിക്കുക എന്ന് ബോധനം നൽകപ്പെട്ടുകൊണ്ടല്ലാതെ നിനക്കുമുമ്പ് ഒരു ദൂതനെയും നാം നിയോഗിച്ചിട്ടില്ല." (ഖുർആൻ 21: 25)

കാലം കണ്ട എല്ലാ ജനസമൂഹങ്ങളിലേക്കും ദൈവദൂതന്മാർ നിയോഗിതരായിട്ടുണ്ട്. അവരെല്ലാം മനുഷ്യസമൂഹത്തിന് സമർപ്പിച്ച സന്ദേശം മൗലികമായി ഒന്നു തന്നെയായിരുന്നു. "എല്ലാ സമുദായങ്ങളിലേക്കും നാം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. അവരിലൂടെ എല്ലാവരെയും അറിയിച്ചു: നിങ്ങൾ ദൈവത്തെ മാത്രം വണങ്ങി വഴങ്ങി ജീവിക്കുക. പരിധി ലംഘിച്ച അതിക്രമകാരികളെ നിരാകരിക്കുക." (ഖുർആൻ 16:36)

പ്രപഞ്ച വ്യവസ്ഥയോട് താദാത്മ്യം പ്രാപിച്ച് പ്രകൃതിയോട് പൊരുത്തപ്പെടുന്ന ജീവിതം പ്രവാചകന്മാരിലൂടെ പഠിപ്പിക്കപ്പെട്ടത് മാത്രമത്രെ. "ഈ ജനം ദൈവത്തിനുള്ള വഴക്കത്തിന്റെ വഴിവിട്ട് മറ്റേതെങ്കിലും മാർഗം മോഹിക്കുകയാണോ? ആകാശ ഭൂമികളിലുള്ളവയെല്ലാം ബോധപൂർവമോ അല്ലാതെയോ അവനുമാത്രം വിധേയമായിരിക്കെ."(ഖുർആൻ 3:83)

ഒരു ലക്ഷത്തിലേറെ ദൈവദൂതന്മാർ നിയോഗിതരായിട്ടുണ്ടെന്ന് മുഹമ്മദ്നബി തിരുമേനി അറിയിച്ചിട്ടുണ്ട്. എങ്കിലും അറേബ്യൻ സമൂഹത്തിന് ഏതോ തരത്തിൽ പരിചയമുള്ള മുഹമ്മദ് നബിയെ കൂടാതെ ഇരുപത്തിനാലു പ്രവാചകന്മാരുടെ പേരുകളേ പരിശുദ്ധ ഖുർആനിലുള്ളൂ. ആദം (ആദാം), ഇദ്‌രീസ് (ഈനോഖ്), നൂഹ് (നോഹ), ഇബ്റാഹീം (അബ്രാഹാം), ലൂത്ത് (ലോത്ത്), ഇസ്മാഈൽ (ഇശ്മയേൽ), ഇസ്ഹാഖ് (യിസ്ഹാഖ്), യഅ്ഖൂബ് (യാക്കോബ്), യൂസുഫ് (യോസേഫ്),

അയ്യൂബ് (ഇയ്യോബ്), മൂസാ (മോശെ), ഹാറൂൻ (അഹരോൻ), യൂനുസ് (യോനാ), ദുൽകിഫ്ൽ (എസക്കിയേൽ), ദാവൂദ് (ദാവീദ്), സുലൈമാൻ (ശലോമോൻ), അൽയസഅ് (എലിശാ), ഇൽയാസ് (ഏലിയാവ്), സകരിയ്യാ(സെഖര്യാവ്), യഹ്‌യാ (യോഹന്നാൻ), ഈസാ (യേശു), ഹൂദ്, സ്വാലിഹ്, ശുഐബ് എന്നിവരാണവർ. ഇതിൽ അവസാനത്തെ മൂന്നു പ്രവാചകന്മാരുടെ പേരുകൾ ബൈബിളിലില്ല.

## യേശുവിന്റെ മാതാവ് മർയം

വിശുദ്ധ ഖുർആനിൽ പേരെടുത്ത് പരാമർശിച്ച ഏക സ്ത്രീ യേശുവിന്റെ മാതാവ് മർയമാണ്. 34 തവണ അവരുടെ പേര് ഖുർആനിൽ ആവർത്തിക്കപ്പെട്ടിട്ടുണ്ട്. ഖുർആനിലെ 114 അധ്യായങ്ങളിലൊന്നിന്റെ പേര് മർയം എന്നാണ്. സർവോപരി ലോകമെങ്ങുമുള്ള എക്കാലത്തെയും മുഴുവൻ വിശ്വാസികൾക്കും വിശ്വാസിനികൾക്കും മഹിത മാതൃകയായി അവതരിപ്പിക്കപ്പെട്ട രണ്ടു സ്ത്രീകളിലൊന്ന് അവരാണ്. "വിശ്വാസികൾക്ക് മാതൃകയായി അല്ലാഹു ഫറവോന്റെ പത്നിയെ ഉദാഹരിക്കുന്നു. അവൾ പ്രാർഥിച്ചു: "എനിക്കു നിന്റെയടുക്കൽ സ്വർഗത്തിൽ ഒരു ഗേഹം നൽകേണമേ! ഫറവോനിൽ നിന്നും അയാളുടെ പ്രവൃത്തികളിൽനിന്നും എന്നെ നീ മോചിപ്പിക്കേണമേ! ധിക്കാരികളായ ജനങ്ങളിൽനിന്നെന്നെ രക്ഷിക്കേണമേ.' ഇംറാന്റെ പുത്രി മർയമിനെയും മാതൃകയാക്കിയിരിക്കുന്നു. അവൾ ചാരിത്ര്യവതിയായിരുന്നു. അപ്പോൾ നാം നമ്മിൽനിന്നുള്ള ആത്മാവിനെ ഊതി. അവളോ തന്റെ നാഥനിൽനിന്നുള്ള വചനങ്ങളെയും വേദങ്ങളെയും സത്യപ്പെടുത്തി. അവൾ വണക്കമുള്ളവരിൽ പെട്ടവളായിരുന്നു." (ഖുർആൻ 66: 11, 12).

ഇംറാൻ എന്നത് മർയമിന്റെ പിതാവിന്റെ പേരാണോ അതോ കുടുംബപ്പേരാണോ എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ട്. മർയമിന്റെ ജനനത്തെയും വളർച്ചയെയും വിശുദ്ധ ഖുർആൻ ഇങ്ങനെ പരിചയപ്പെടുത്തുന്നു: "ആദമിനെയും നൂഹിനെയും ഇബ്റാഹീം കുടുംബത്തെയും ഇംറാൻ കുടുംബത്തെയും അല്ലാഹു മുഴുവൻ ലോകരിൽവെച്ച് തന്റെ ദൗത്യത്തിന്നായി സവിശേഷം തെരഞ്ഞെടുത്തു. അവർ ഒരേ വംശപരമ്പരയിൽ പെട്ട തലമുറകളായിരുന്നു. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ. ഇംറാന്റെ പത്നി പ്രാർഥിച്ചത് അവൻ കേട്ടു: 'എന്റെ നാഥാ, എന്റെ ഗർഭാശയത്തിലുള്ള കുഞ്ഞിനെ ഞാൻ നിനക്ക് നേർച്ച നേർന്നിരിക്കുന്നു. അത് നിന്നെ മാത്രം സേവിക്കാൻ സമർപ്പിക്കപ്പെട്ടവനാകുന്നു. എന്റെ ഈ നേർച്ച നീ സ്വീകരിക്കേണമേ! നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ.' പിന്നെ ആ കുഞ്ഞിനെ പ്രസവിച്ചപ്പോൾ അവർ പറഞ്ഞു: 'എന്റെ നാഥാ, ഞാൻ പ്രസവിച്ചത് പെൺകുഞ്ഞിനെയാണല്ലോ– അവൾ പ്രസവിച്ചത് ഏതിനെയെന്ന് അല്ലാഹുവിന്ന് നന്നായറിയാം– ആൺകുഞ്ഞ് പെൺകുട്ടിയെപ്പോലെയല്ലല്ലോ. ഏതായാലും ഞാനവളെ മർയം എന്ന് പേർ വിളിച്ചിരിക്കുന്നു. അവളെയും അവളുടെ

പിൻമുറക്കാരെയും അഭിശപ്തനായ പിശാച് ദ്രോഹിക്കുന്നതിൽനിന്ന് ഞാൻ നിന്നിൽ അഭയം തേടുന്നു' അങ്ങനെ അവളുടെ നാഥൻ ആ പെൺ കുട്ടിയെ നന്നായി സ്വീകരിക്കുകയും അവളെ നല്ല നിലയിൽ വളർത്തുകയും സകരിയ്യയെ അവളുടെ രക്ഷാധികാരിയാക്കി നിശ്ചയിക്കുകയും ചെയ്തു." (ഖുർആൻ 3: 33-37).

മർയമിന്റെ സംരക്ഷണം ഏല്പിക്കപ്പെട്ട 'സകരിയ്യ' അവരുടെ മാതൃ സഹോദരിയുടെ ഭർത്താവായിരുന്നു. ഫലസ്തീനിലെ ആരാധനാ മന്ദിരത്തിന്റെ പരിചാരകരിലൊരാളായിരുന്നു അദ്ദേഹം. പ്രസ്തുത ആരാധനാ മന്ദിരത്തോടനുബന്ധിച്ചുള്ള മഠത്തിലാണ് മർയം താമസിച്ചിരുന്നത്. "സകരിയ്യാ അവളെ സന്ദർശിക്കുമ്പോഴെല്ലാം അവളുടെ അടുക്കൽ അന്നപാനീയങ്ങൾ കാണാറുണ്ടായിരുന്നു. മർയമേ, നിനക്കിതെല്ലാം എവിടെ നിന്നു കിട്ടി എന്ന് അദ്ദേഹം ചോദിച്ചു. അവൾ പറഞ്ഞു: ഇതെല്ലാം അല്ലാഹുവിൽനിന്നാകുന്നു. അല്ലാഹു അവനിഛിക്കുന്നവർക്ക് കണക്കില്ലാതെ കൊടുക്കുന്നു."(ഖുർആൻ 3:37)

മർയമിനെ അവരുടെ മാതാവ് ഫലസ്തീനിലെ ദേവാലയത്തിൽ ഏല്പിച്ചപ്പോൾ അവരുടെ സംരക്ഷണം ആരു നിർവഹിക്കണമെന്ന പ്രശ്നം ഉയർന്നുവന്നു. നറുക്കെടുപ്പിലൂടെയാണത് പരിഹരിക്കപ്പെട്ടതെന്നും സകരിയ്യയാണ് തെരഞ്ഞെടുക്കപ്പെട്ടതെന്നും ഖുർആൻ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു: "നബിയേ, ഇതൊക്കെയും മറഞ്ഞ വാർത്തകളാകുന്നു. ദിവ്യബോധനത്തിലൂടെ അതെല്ലാം നാം നിനക്കറിയിച്ചുതരുന്നു. മർയമിന്റെ രക്ഷാധികാരം ഏറ്റെടുക്കുന്നത് ആരെന്ന് നിശ്ചയിക്കാനായി അവർ തങ്ങളുടെ നാരായങ്ങൾ എറിഞ്ഞപ്പോൾ നീ അവിടെ ഉണ്ടായിരുന്നില്ലല്ലോ. അവർ തർക്കിച്ചുകൊണ്ടിരുന്നപ്പോൾ നീ സന്നിഹിതനായിരുന്നില്ല"(ഖുർആൻ 3:44). മാലാഖമാർ മർയമിന്റെ വിശുദ്ധിയെ വാഴ്ത്തിപ്പറഞ്ഞതായും ഭക്തിനിരതമായ ജീവിതം നയിക്കാൻ നിർദേശിച്ചതായും വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. "മാലാഖമാർ ആഗതരായി മർയമിനോട് ഇവ്വിധമോതിയ സന്ദർഭം സ്മരണീയമത്രെ: ഓ മർയം! അല്ലാഹു നിന്നെ പ്രത്യേകം തെരഞ്ഞെടുക്കുകയും വിശുദ്ധയാക്കുകയും ചെയ്തിരിക്കുന്നു. തന്നെ സേവിക്കാൻ അവൻ നിന്നെ ലോകത്തിലെ മുഴുവൻ സ്ത്രീകളിലും വെച്ചേറ്റം പരിഗണന നൽകി തെരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ ഓ മർയം, നീ നിന്റെ നാഥനെ വണങ്ങുക. അവനെ പ്രണമിക്കുക; അവനെ നമിക്കുന്നവരോടൊപ്പം നമിക്കുകയും ചെയ്യുക."(ഖുർആൻ 3: 42, 43)

## യേശുവിന്റെ തിരുപ്പിറവി

പുരുഷന്റെ ബീജവും സ്ത്രീയുടെ അണ്ഡവും ചേർന്ന് ബീജ സങ്കലനത്തിലൂടെയാണല്ലോ മനുഷ്യ ശിശു സാധാരണ ജന്മംകൊള്ളാറുള്ളത്. എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമായ മൂന്നു ജനനത്തെ സംബന്ധിച്ച വിവരണം വിശുദ്ധ വേദഗ്രന്ഥത്തിലുണ്ട്.

1. ആദം. മാതാവും പിതാവുമില്ലാതെയാണ് ആദിമ മനുഷ്യനായ ആദാം സൃഷ്ടിക്കപ്പെട്ടത്. അതിനെ അല്ലാഹു ഇങ്ങനെ വിവരിക്കുന്നു: "നിന്റെ നാഥൻ മാലാഖമാരോട് ഇവ്വിധം പറഞ്ഞ സന്ദർഭം സ്മരണീയ മത്രെ. ഞാൻ ഗന്ധമുള്ള, കറുത്ത കളിമണ്ണിൽ നിന്നൊരു മനുഷ്യനെ സൃഷ്ടിക്കുകയാണ്. അത് പൂർത്തീകരിക്കുകയും അതിൽ എന്റെ ആത്മാവിൽനിന്ന് ഊതുകയും ചെയ്താൽ നിങ്ങളെല്ലാം അവന് പ്രണാമമർപ്പിക്കുക." (ഖുർആൻ 15: 28, 29)

"നിന്റെ നാഥൻ മാലാഖമാരോട് പറഞ്ഞതോർക്കുക: ഞാൻ കളിമണ്ണിൽനിന്ന് മനുഷ്യനെ സൃഷ്ടിക്കുകയാണ്. സൃഷ്ടി പൂർത്തീകരിക്കുകയും അതിൽ എന്റെ ആത്മാവിൽനിന്ന് ഊതുകയും ചെയ്താൽ നിങ്ങൾ അവന്റെ മുമ്പിൽ പ്രണാമമർപ്പിക്കണം."(ഖുർആൻ 38: 71, 72)

2. ആദമിന്റെ ഇണ ഹവ്വാ. തീർത്തും അസാധാരണമായ ജന്മമായിരുന്നു ഹവ്വായുടേത്. മാതാവും പിതാവുമില്ലാതെ, ആദമിൽനിന്നാണവർ സൃഷ്ടിക്കപ്പെട്ടത്. "നിങ്ങളെ ഒരൊറ്റ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും അതിൽ നിന്നുതന്നെ അതിന്ന് ഇണയെ ഉണ്ടാക്കുകയും ചെയ്തവൻ അവൻ തന്നെയാകുന്നു."(ഖുർആൻ 7:189)

"അവൻ നിങ്ങളെ ഒരൊറ്റ ജീവനിൽനിന്ന് സൃഷ്ടിച്ചു. പിന്നെ അവൻ ആ ജീവനിൽനിന്നുതന്നെ അതിന് ഇണയെ ഉണ്ടാക്കിക്കൊടുത്തു."(39:6)

3. ഈസാനബി, അഥവാ യേശു. പിതാവില്ലാതെയാണ് യേശുവിന്റെ ജനനം. അതിനാൽ അത് ആദമിന്റേതു പോലെയാണെന്ന് ഖുർആൻ പറയുന്നു: "അല്ലാഹുവിങ്കൽ ഈസായുടെ ഉദാഹരണം ആദമിനെപ്പോലെയാകുന്നു. അല്ലാഹു അവനെ മണ്ണിൽനിന്ന് സൃഷ്ടിച്ചു. എന്നിട്ട് അതിനോട് പറഞ്ഞു: ഉണ്ടാവുക. അപ്പോൾ അവനുണ്ടായി."(3: 59)

യേശുവിന്റെ ജനനവും അതിന്റെ പശ്ചാത്തലവും വിശുദ്ധ ഖുർആൻ വിശദമായി വിവരിക്കുകയും അദ്ദേഹത്തിന്റെ മാതാവ് മർയമിന്റെ വിശുദ്ധി വ്യക്തമാക്കുകയും ചെയ്യുന്നു. അങ്ങനെ ജൂതന്മാർ മർയമിന്റെ മേൽ ഉന്നയിച്ചിരുന്ന വ്യഭിചാരാരോപണത്തെയും ആക്ഷേപങ്ങളെയും ശക്തമായി നിഷേധിക്കുന്നു.

"പ്രവാചകരേ, ഈ വേദത്തിൽ മർയമിന്റെ വൃത്താന്തം വിവരിക്കുക. അവർ സ്വജനത്തിൽനിന്നകന്ന് കിഴക്കുവശത്ത് ഏകാന്തയായി കഴിഞ്ഞ സന്ദർഭം. അവൾ ഒരു വിരിയിട്ട് അവരിൽനിന്ന് മറഞ്ഞിരിക്കുകയായിരുന്നു. അപ്പോൾ നാം നമ്മുടെ മലക്കിനെ അവളിലേക്കയച്ചു. മലക്ക് തികഞ്ഞ മനുഷ്യരൂപത്തിൽ അവൾക്ക് പ്രത്യക്ഷനായി. പെട്ടെന്ന് മർയം പറഞ്ഞു: 'ഞാൻ നിങ്ങളിൽനിന്ന് പരമകാരുണികനായ അല്ലാഹുവിൽ അഭയംതേടുന്നു. നിങ്ങൾ ദൈവഭക്തനാണെങ്കിൽ!' അയാൾ പറഞ്ഞു: 'ഞാനോ, നിന്റെ നാഥന്റെ ദൂതനാകുന്നു. നിനക്കൊരു വിശുദ്ധ സന്താനത്തെ സമ്മാനിക്കാനായി നിയുക്തനായവൻ.' മർയം പറഞ്ഞു: 'എനിക്ക് പുത്രനുണ്ടാവുന്നതെങ്ങനെ? എന്നെ ഒരു പുരുഷനും തൊട്ടിട്ടേയില്ല. ഞാൻ ദുർന്നടപ്പുകാരിയുമല്ല.' മലക്ക് പറഞ്ഞു: 'അങ്ങനെ സംഭവിക്കുക

തന്നെ ചെയ്യും. നിന്റെ നാഥൻ അരുൾ ചെയ്യുന്നു: അവ്വിധം ചെയ്യുകയെന്നത് നമുക്ക് വളരെ നിസ്സാരം.' ആ കുഞ്ഞിനെ ജനങ്ങൾക്കൊരു ദൃഷ്ടാന്തവും നമ്മുടെ പക്കൽ നിന്നുള്ള അനുഗ്രഹവുമാക്കാനാണ് നാമങ്ങനെ ചെയ്യുന്നത്. അതിനാലത് സംഭവിക്കുക തന്നെ ചെയ്യും. അങ്ങനെ മർയം ആ കുഞ്ഞിനെ ഗർഭം ധരിച്ചു. ഗർഭസ്ഥയായി അവൾ അകലെ ഒരിടത്ത് ചെന്നെത്തി. പിന്നെ, പേറ്റുനോവ് അവളെ ഒരീത്തപ്പനച്ചുവട്ടിലെത്തിച്ചു. അവൾ കേണുകൊണ്ടിരുന്നു: 'ഹാ കഷ്ടം! ഇതിനു മുമ്പേ ഞാൻ മരിക്കുകയും എന്റെ പേരും കുറിയും വിസ്മൃതമാവുകയും ചെയ്തിരുന്നെങ്കിൽ!' അപ്പോൾ താഴെനിന്ന് മലക്ക് അവളെ വിളിച്ചറിയിച്ചു: 'ദുഃഖിക്കാതിരിക്കുക. നിന്റെ നാഥൻ നിനക്കു താഴെ ഒരരുവി ഒഴുക്കിയിരിക്കുന്നു. നീ ആ ഈത്തപ്പനയുടെ തടിയൊന്നു പിടിച്ചു കുലുക്കുക. അതു നിനക്ക് പുതിയ ഈത്തപ്പഴം തുരുതുരാ വീഴ്ത്തിത്തരും. അതു തിന്നുകയും കുടിക്കുകയും കൺകുളിർക്കുകയും ചെയ്യുക. പിന്നെ, നീ ആരെയെങ്കിലും കാണുന്നുവെങ്കിൽ അവരോട് പറയുക: ഞാൻ പരമകാരുണികനായ അല്ലാഹുവിന് നോമ്പ് നേർച്ചയാക്കിയിരിക്കുന്നു. അതിനാൽ ഇന്ന് ആരോടും സംസാരിക്കുന്നതല്ല." (ഖുർആൻ 19: 16-26)

"മലക്കുകൾ അവളോടു പറഞ്ഞ സന്ദർഭം സ്മരണീയം: 'ഓ മർയമേ, നിന്നെ അല്ലാഹു അവങ്കൽനിന്നുള്ള ഒരു വചനത്തിന്റെ സുവിശേഷമറിയിക്കുന്നു. അവന്റെ നാമം മസീഹ് ഈസബ്നു മർയം എന്നായിരിക്കും. ഇഹത്തിലും പരത്തിലുമവൻ അന്തസ്സുള്ളവനായിരിക്കും. ദൈവത്തിന്റെ ഉറ്റ ദാസന്മാരിൽ പെട്ടവനുമായിരിക്കും. തൊട്ടിലിൽതന്നെ അവൻ ജനത്തോടു സംസാരിക്കും; പ്രായമായ ശേഷവും. അവൻ സച്ചരിതനായിരിക്കും!' ഇതുകേട്ട് മർയം പറഞ്ഞു: 'നാഥാ! എനിക്കെങ്ങനെ മകനുണ്ടാകും? എന്നെ ഒരു പുരുഷനും സ്പർശിക്കുക പോലും ചെയ്തിട്ടില്ലല്ലോ.' അല്ലാഹു അറിയിച്ചു: 'അവ്വിധം സംഭവിക്കുകതന്നെ ചെയ്യും. അല്ലാഹു ഇഛിക്കുന്നതിനെ അവൻ സൃഷ്ടിക്കുന്നു. അവനൊരു കാര്യം തീരുമാനിച്ചാൽ അതുണ്ടാവട്ടെ എന്നു പറഞ്ഞാൽ മാത്രം മതി. ഉടനെ അതുണ്ടാവുന്നു.' മലക്കുകൾ പറഞ്ഞു: 'അല്ലാഹു അവന്ന് വേദവും തത്ത്വജ്ഞാനവും തോറായും സുവിശേഷവും പഠിപ്പിക്കും. ഇസ്രായേൽ വംശത്തിലേക്ക് ദൈവദൂതനായി നിയോഗിക്കുകയും ചെയ്യും."(ഖുർആൻ 3: 45-48)

"മർയമിന്റെ പുത്രനെയും അവന്റെ മാതാവിനെയും നാം ഒരു ദൃഷ്ടാന്തമാക്കിയിട്ടുണ്ട്. അവരെ നാം ശാന്തിദായകവും ഉറവകളൊഴുകുന്നതുമായ ഒരുന്നത വിതാനത്തിൽ താമസിപ്പിക്കുകയും ചെയ്തു." (ഖുർആൻ 23: 50)

## തൊട്ടിലിലെ വർത്തമാനം

യേശു തനിക്കും തന്റെ മാതാവിനുമെതിരെ ഉയർന്നുവന്ന സംശയങ്ങളൊക്കെയും ദൂരീകരിച്ചുകൊണ്ട് ശിശുവായിരിക്കെതന്നെ തൊട്ടി

ലിൽവെച്ച് സംസാരിച്ചു. താനാരാണെന്നും തന്റെ നിയോഗമെന്തെന്നും അസന്ദിഗ്ധമായി വ്യക്തമാക്കി. "പിന്നെ ആ ശിശുവിനെയുമെടുത്ത് മർയം തന്റെ ജനതയുടെ അടുത്തുവന്നു. അവർ പറയാൻ തുടങ്ങി: ഓ, മർയം, നീ ഗുരുതരമായ തെറ്റ് ചെയ്തുവല്ലോ. ഓ, ഹാറൂന്റെ സഹോദരീ, നിന്റെ പിതാവ് കൊള്ളരുതാത്തവനായിരുന്നില്ല. മാതാവ് ദുർന്നടപ്പുകാരിയുമായിരുന്നില്ല.' അപ്പോൾ മർയം ശിശുവിന്റെ നേരെ ചൂണ്ടി. ഇതുകണ്ട് ജനം ചോദിച്ചു: 'തൊട്ടിലിൽ കിടക്കുന്ന പൈതലിനോട് ഞങ്ങൾ വർത്തമാനം പറയുന്നതെങ്ങനെ?' അപ്പോൾ ആ പൈതൽ പറഞ്ഞു: 'ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. എനിക്കവൻ വേദം നൽകുകയും എന്നെ അവൻ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു. ഞാൻ എവിടെയാകുമ്പോഴും അവനെന്നെ അനുഗൃഹീതനാക്കിയിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്നേടത്തോളം കാലം നമസ്കാരം നിർവഹിക്കാനും സകാത്ത് നൽകാനും എന്നോട് നിർദേശിച്ചിരിക്കുന്നു. അവനെന്നെ സ്വമാതാവിനെ നന്നായി പരിചരിക്കുന്നവനാക്കിയിരിക്കുന്നു. എന്നെ നിർഭാഗ്യവാനായ ക്രൂരനാക്കിയിട്ടില്ല. എന്റെ ജനനനാളിലും മരണനാളിലും പുനരുത്ഥാന നാളിലും എനിക്കു സമാധാനം." (ഖുർആൻ 19: 27-33)

"വ്യക്തമായ അടയാളങ്ങളുമായി മർയമിന്റെ മകൻ ഈസായെ നാം അയക്കുകയും പരിശുദ്ധാത്മാവിനാൽ അവനെ പ്രബലനാക്കുകയും ചെയ്തു." (ഖുർആൻ 2: 78, 253)

## ദൈവിക ദൃഷ്ടാന്തങ്ങൾ

മറ്റെല്ലാ ദൈവദൂതന്മാർക്കുമെന്നപോലെ യേശുവിനും അല്ലാഹു പ്രവാചകത്വത്തിനു തെളിവായി ശ്രദ്ധേയങ്ങളായ അമാനുഷ ദൃഷ്ടാന്തങ്ങൾ നൽകി. അവയെ സംബന്ധിച്ച വിശദീകരണം വിശുദ്ധ വേദത്തിലുണ്ട്. യേശു പറഞ്ഞു: "ഞാൻ നിങ്ങളുടെ നാഥനിൽനിന്നുള്ള ദൃഷ്ടാന്തവുമായി നിങ്ങളിലേക്ക് നിയോഗിതനായവനാകുന്നു. ഞാൻ നിങ്ങളുടെ മുമ്പിൽവച്ച് കളിമണ്ണുകൊണ്ട് ഒരു പക്ഷിക്കോലമുണ്ടാക്കാം; എന്നിട്ട് അതിൽ ഊതാം. അപ്പോൾ ദൈവാനുമതിയോടെ അതൊരു പക്ഷിയായിത്തീരും. ജന്മനാ കുരുടനായവന്നും പാണ്ടുരോഗിക്കും ദൈവഹിതത്താൽ ഞാൻ രോഗശാന്തി നൽകാം. അവന്റെ ഹിതത്താൽ ഞാൻ മൃതശരീരത്തെ ജീവിപ്പിക്കാം. നിങ്ങൾ തിന്നുകൊണ്ടിരിക്കുന്നതെന്തെന്നും വീടുകളിൽ സൂക്ഷിച്ചുവെച്ചവ എന്തൊക്കെയെന്നും ഞാൻ നിങ്ങൾക്കു വിവരിച്ചുതരാം. ഇതിലൊക്കെയും നിങ്ങൾക്ക് മതിയായ ദൃഷ്ടാന്തമുണ്ട്. നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ." (ഖുർആൻ 3:49)

"അല്ലാഹു അരുൾ ചെയ്യുന്ന സന്ദർഭം സ്മരിക്കുക: ഓ മർയമിന്റെ മകൻ ഈസാ, നിനക്കും നിന്റെ മാതാവിനും നാം നൽകിയ അനുഗ്രഹങ്ങൾ അനുസ്മരിക്കുക. നാം പരിശുദ്ധാത്മാവുകൊണ്ട് നിന്നെ പ്രബലനാക്കിയത്; നീ തൊട്ടിലിൽ വെച്ചും പ്രായമായ ശേഷവും ജനത്തോട് സംസാരിച്ചത്; നാം നിനക്ക് വേദവും ദർശനവും തോറായും സുവിശേ

ഷവും പഠിപ്പിച്ചത്; നീ എന്റെ ഹിതത്താൽ കളിമണ്ണുകൊണ്ട് പക്ഷിയുടെ രൂപമുണ്ടാക്കുകയും എന്നിട്ട് അതിൽ ഊതുകയും അപ്പോൾ എന്റെ അനുമതിയോടെ അത് പക്ഷിയായിത്തീരുകയും ചെയ്തത്; ജന്മനാ അന്ധനായവനെയും പാണ്ടുരോഗിയെയും എന്റെ ഹിതത്താൽ നീ സുഖപ്പെടുത്തിയത്; എന്റെ അനുമതിയോടെ നീ മരിച്ചവരെ ജീവനോടെ പുറപ്പെടുവിച്ചത്; പിന്നീട് നീ തെളിഞ്ഞ ദൃഷ്ടാന്തങ്ങളുമായി ഇസ്രായേൽ ജനതയിലേക്ക് ചെല്ലുകയും അവരിലെ സത്യനിഷേധികൾ ഈ ദൃഷ്ടാന്തങ്ങൾ വ്യക്തമായ ആഭിചാരമല്ലാതൊന്നുമേയല്ലെന്ന് തള്ളിപ്പറയുകയും ചെയ്തപ്പോൾ അവരിൽനിന്ന് നാം നിന്നെ രക്ഷിച്ചത്; എന്നിലും എന്റെ ദൂതനിലും വിശ്വസിക്കണമെന്ന് ഞാൻ ഹവാരികൾക്ക് നിർദേശം നൽകിയത്; അവർ പറഞ്ഞു: ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ ദൈവത്തിന് കീഴ്‌വണങ്ങിയവരാണെന്ന് നീ സാക്ഷ്യം വഹിക്കുക." (ഖുർആൻ 5: 110,111)

എന്നാൽ ഇത്തരം അമാനുഷ കഴിവുകളൊന്നും മറ്റു ദൈവദൂതന്മാരെപ്പോലെത്തന്നെ യേശുവിന്നും ഇഷ്ടാനുസൃതം വെളിപ്പെടുത്താൻ കഴിവുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ തന്റെ ജനത ആവശ്യപ്പെട്ടതൊക്കെയും നിർവഹിച്ചുകൊടുക്കാൻ അദ്ദേഹത്തിന് സാധിച്ചതുമില്ല. "ശിഷ്യൻമാർ പറഞ്ഞ സന്ദർഭം: 'ഓ, ഈസാ, ആകാശത്തുനിന്ന് ഞങ്ങൾക്കൊരു ഭക്ഷണത്തളിക ഇറക്കിത്തരാൻ നിന്റെ നാഥന് കഴിയുമോ?' അപ്പോൾ ഈസാ പറഞ്ഞു: 'നിങ്ങൾ വിശ്വാസികളെങ്കിൽ അല്ലാഹുവെ ഭയപ്പെടുക!' അവർ പറഞ്ഞു: 'ആ തളികയിൽനിന്ന് ആഹരിക്കുവാനും അങ്ങനെ ഞങ്ങളുടെ മനസ്സുകൾ സംതൃപ്തമാകാനും ഞങ്ങളോടു പറഞ്ഞത് സത്യമാണെന്ന് ഞങ്ങൾക്ക് ദൃഢബോധ്യമാകാനും അതിനു സാക്ഷികളാവാനും ഞങ്ങളാഗ്രഹിക്കുന്നു.' അപ്പോൾ മർയമിന്റെ പുത്രൻ ഈസാ പ്രാർഥിച്ചു: 'ഞങ്ങളുടെ നാഥനായ അല്ലാഹുവേ, ആകാശത്തുനിന്ന് ഞങ്ങൾക്കൊരു ഭക്ഷണത്തളിക ഇറക്കിത്തരേണമേ! അതു ഞങ്ങളിലെ ആദ്യക്കാർക്കും അവസാനക്കാർക്കും ഒരാഘോഷവും നിന്നിൽനിന്നുള്ള ഒരു ദൃഷ്ടാന്തവുമാകട്ടെ. ഞങ്ങൾക്കു നീ അന്നം നൽകുക. അന്നദാതാക്കളിൽ അത്യുത്തമൻ നീയല്ലോ!'

അല്ലാഹു അറിയിച്ചു: ഞാൻ നിങ്ങൾക്കത് ഇറക്കിത്തരാം, എന്നാൽ അതിനുശേഷം നിങ്ങളിലാരെങ്കിലും നിഷേധിക്കുന്നുവെങ്കിൽ ഞാൻ ലോകത്താർക്കും നൽകാത്തത്ര കടുത്ത ശിക്ഷ നൽകുന്നതാണ്." (ഖുർആൻ 5: 112-115)

## ദൈവദൂതൻ

ദൈവത്തിന്റെ ദാസനും ദൂതനുമാണ് യേശു. ഇക്കാര്യം ജനങ്ങളോട് അദ്ദേഹം തുറന്നുപറയുകയും ചെയ്തിരുന്നു. "അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിൽ മസീഹിന്ന് ഒരിക്കലും അപമാനം തോന്നിയിട്ടില്ല. അല്ലാഹുവിന്റെ അടുപ്പം നേടിയ മാലാഖമാർക്കും അപമാനം തോന്നി

യിട്ടില്ല. ആരെങ്കിലും അല്ലാഹുവിന്റെ അടിമത്തം അംഗീകരിക്കുന്നത് തനിക്ക് അപമാനമെന്ന് കരുതുകയും അഹങ്കരിക്കുകയും ചെയ്യുന്നുവെങ്കിൽ അല്ലാഹു അവരെയെല്ലാം ഒരുമിച്ചുകൂട്ടി അവന്റെ മുമ്പിൽ ഹാജരാക്കുന്ന ഒരവസരം വരികതന്നെ ചെയ്യും." (ഖുർആൻ 4: 173)

"മർയമിന്റെ പുത്രൻ മസീഹ് ദൈവദൂതനല്ലാതെ മറ്റാരുമായിരുന്നില്ല. അദ്ദേഹത്തിനു മുമ്പും നിരവധി ദൈവദൂതന്മാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് സത്യസന്ധയായിരുന്നു. അവരിരുവരും ആഹാരം കഴിക്കുകയും ചെയ്തിരുന്നു. നാം സത്യദൃഷ്ടാന്തങ്ങൾ എവ്വിധമാണ് അവർക്ക് വെളിപ്പെടുത്തി വിവരിച്ചുകൊടുക്കുന്നതെന്ന് നോക്കുക. എന്നിട്ടും അവരെങ്ങോട്ടാണ് വ്യതിചലിച്ചു പോവുന്നതെന്നും ശ്രദ്ധിക്കുക." (ഖുർആൻ 5: 75)

"അല്ലയോ വേദക്കാരേ, സ്വ മതത്തിൽ അതിരുകവിയാതിരിക്കുവിൻ. സത്യമല്ലാത്തതൊന്നും ദൈവത്തിന്റെ പേരിൽ ആരോപിക്കാതിരിക്കുവിൻ. മർയമിന്റെ പുത്രൻ ഈസാ മസീഹ് ഒരു ദൈവദൂതനും ദൈവം മർയമിലേക്കയച്ച ഒരു വചനവുമല്ലാതെ മറ്റൊന്നുമായിരുന്നില്ല; അല്ലാഹുവിൽനിന്നുള്ള ഒരാത്മാവും. അതിനാൽ നിങ്ങളും അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക."(ഖുർആൻ 4: 171)

"മർയമിന്റെ മകൻ ഈസാ പറഞ്ഞതും ഓർക്കുക: ഇസ്രായേൽ വംശമേ, ഞാൻ അല്ലാഹുവിങ്കൽനിന്ന് നിങ്ങളിലേക്ക് നിയോഗിക്കപ്പെട്ട ദൂതനാകുന്നു. എനിക്കു മുമ്പ് ആഗതമായിട്ടുള്ള തോറായെ സത്യപ്പെടുത്തുന്നവനാകുന്നു. എനിക്കുശേഷം വരാനിരിക്കുന്ന അഹ്മദ് എന്ന് പേരുള്ള ദൈവദൂതനെക്കുറിച്ച് സുവിശേഷമറിയിക്കുന്നവനും."(ഖുർആൻ 61:6)

ദൈവദൂതനെന്ന നിലയിൽ അല്ലാഹു യേശുവിന് ദിവ്യ സന്ദേശവും വേദഗ്രന്ഥവും നൽകി. "ഇബ്രാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്തതികൾ, ഈസാ, അയ്യൂബ്, യൂനുസ്, ഹാറൂൻ, സുലൈമാൻ എന്നിവർക്കും നാം ദിവ്യബോധനം നൽകിയിരിക്കുന്നു."(ഖുർആൻ 4: 163)

"ഈ പ്രവാചകന്മാർക്കുശേഷം നാം മർയമിന്റെ പുത്രൻ ഈസായെ നിയോഗിച്ചു. അദ്ദേഹം തോറായിൽനിന്ന് തന്റെ മുമ്പിലുള്ളതിനെ സത്യപ്പെടുത്തുന്നവനായിരുന്നു. നാം അദ്ദേഹത്തിന് വെളിച്ചവും സന്മാർഗവും ഉൾക്കൊണ്ട സുവിശേഷം നൽകി. അത് തോറായിൽനിന്ന് അക്കാലത്ത് അവശേഷിച്ചിരുന്നതിനെ സത്യപ്പെടുത്തുന്നതും ഭക്തജനങ്ങൾക്ക് സമഗ്രമായ സന്മാർഗദർശനവും സദുപദേശവും ഉൾക്കൊള്ളുന്നതും കൂടിയായിരുന്നു." (ഖുർആൻ 5: 46)

"അനന്തരം നാം തുടരെത്തുടരെ ദൂതന്മാരെ നിയോഗിച്ചുകൊണ്ടിരുന്നു. അവർക്കെല്ലാം പിറകിലായി മർയമിന്റെ മകൻ ഈസായെ നിയോഗിച്ചു. അദ്ദേഹത്തിന് ഇഞ്ചീൽ നൽകി."(ഖുർആൻ 57: 27)

## യേശുവിന്റെ പ്രബോധനം

മറ്റെല്ലാ പ്രവാചകന്മാരെയും പോലെ യേശുവും ജനങ്ങളോട് പ്രബോധനം ചെയ്തത് ദൈവത്തെ മാത്രം ആരാധിച്ചും അനുസരിച്ചും അടിപ്പെടാനാണ്. സ്രഷ്ടാവിന്റെ നിയമ വ്യവസ്ഥ പാലിച്ച് ജീവിക്കാനും. ഈസാ പറഞ്ഞു: "തോറായിൽനിന്ന് എന്റെ കാലഘട്ടത്തിൽ നിലവിലുള്ള നിയമ ശാസനകളെ സത്യപ്പെടുത്തുന്നവനായിട്ടാണ് ഞാൻ നിയോഗിതനായത്. നിങ്ങൾക്കു നിഷിദ്ധമാക്കപ്പെട്ടിരുന്ന ചില കാര്യങ്ങൾ അനുവദിക്കുന്നതിനു വേണ്ടിയുമാണ് ഞാൻ വന്നത്. അറിയുക: നിങ്ങളുടെ നാഥനിൽനിന്നുള്ള ദൃഷ്ടാന്തവുമായാണ് ഞാൻ നിങ്ങളിൽ വന്നിരിക്കുന്നത്. അതിനാൽ അല്ലാഹുവിനോട് ഭക്തിയുള്ളവരാവുക. എന്നെ അനുസരിക്കുക. അല്ലാഹു എന്റെയും നിങ്ങളുടെയും നാഥനാകുന്നു. അതിനാൽ നിങ്ങൾ അവനെ മാത്രം ആരാധിച്ചും അനുസരിച്ചും ജീവിക്കുക. അതാകുന്നു നേർവഴി." (ഖുർആൻ 3: 50, 51)

"ഈസാ തെളിഞ്ഞ ദൃഷ്ടാന്തവുമായി ആഗതനായപ്പോൾ പ്രഖ്യാപിച്ചു: ഞാനിതാ തത്വജ്ഞാനവുമായി നിങ്ങളിൽ വന്നിരിക്കുന്നു. നിങ്ങൾ പരസ്പരം ഭിന്നിച്ചുകൊണ്ടിരിക്കുന്ന സംഗതികളുടെ യാഥാർഥ്യം വെളിപ്പെടുത്തിത്തരാൻ വേണ്ടിയാണ് ഞാൻ വന്നത്. അതിനാൽ നിങ്ങൾ അല്ലാഹുവോട് ഭക്തി കാണിക്കുക. എന്നെ അനുസരിക്കുക. നിശ്ചയം, എന്റെയും നിങ്ങളുടെയും നാഥൻ അല്ലാഹു മാത്രമാകുന്നു. അതിനാലവനെ മാത്രം വണങ്ങി, വഴങ്ങി, വിധേയമായി ജീവിക്കുക. ഇതാണ് നേരായ മാർഗം. എന്നിട്ടും അവർ കക്ഷികളായി ഭിന്നിച്ചു. അതിനാൽ അക്രമികളായവർക്ക് വേദനയേറിയ ശിക്ഷയാൽ കൊടിയ നാശത്തെ നേരിടേണ്ടി വരിക തന്നെ ചെയ്യും." (ഖുർആൻ 43: 63-65)

"മസീഹ് പറഞ്ഞു: ഇസ്രായേല്യരേ, എന്റെയും നിങ്ങളുടെയും നാഥനായ ദൈവത്തെ മാത്രം ആരാധിച്ച്, അനുസരിച്ച് ജീവിക്കുക. അല്ലാഹുവിന്ന് സഹദൈവങ്ങളെ ചാർത്തുന്നവന് അവൻ സ്വർഗം വിലക്കിയിരിക്കുന്നു. നരകമാകുന്നു അവന്റെ വാസസ്ഥലം. അത്തരം അക്രമികൾക്ക് ഒരു സഹായിയും ഉണ്ടാവുകയില്ല."(ഖുർആൻ 5: 72)

"ഈസാ പറഞ്ഞു: 'അല്ലാഹു എന്റെയും നിങ്ങളുടെയും നാഥനാകുന്നു. അതിനാൽ നിങ്ങൾ അവനെ മാത്രം വണങ്ങി വഴങ്ങി വിധേയമായി ജീവിക്കുക. ഇതാണ് സത്യപാത.' എന്നാൽ അവരിലെ വിവിധ വിഭാഗങ്ങൾ പരസ്പരം ഭിന്നിച്ചു. നിഷേധിച്ചവർക്ക് ആ ഭയങ്കര നാൾ വരുമ്പോൾ കൊടിയ നാശമായിരിക്കും." (ഖുർആൻ 19: 36, 37)

"നൂഹിനോട് അനുശാസിച്ചിട്ടുണ്ടായിരുന്നതും ദിവ്യ സന്ദേശത്തിലൂടെ ഇപ്പോൾ നിന്നിലേക്കയച്ചിട്ടുള്ളതും ഇബ്റാഹീം, മൂസാ, ഈസാ എന്നിവരോട് അനുശാസിച്ചിരുന്നതുമായ അതേ ജീവിത വ്യവസ്ഥ തന്നെ നിങ്ങൾക്കും നിയമമാക്കിയിരിക്കുന്നു. അതിനാൽ, ഈ ജീവിത വ്യവസ്ഥയെ സ്ഥാപിച്ച് നിലനിർത്തുക. ഇതിൽ ഭിന്നിക്കരുത്."(ഖുർആൻ 42: 13)

മറ്റെല്ലാ ദൈവദൂതന്മാരിൽനിന്നെന്ന പോലെ യേശുവിൽനിന്നും ദൈവം പ്രതിജ്ഞ സ്വീകരിക്കുകയുണ്ടായി. "നാം എല്ലാ പ്രവാചകന്മാ

രിൽനിന്നും വാങ്ങിയ ആ പ്രതിജ്ഞ ഓർത്തിരിക്കുക. നിന്നിൽനിന്നും നൂഹ്, ഇബ്രാഹീം, മൂസാ, മർയമിന്റെ മകൻ ഈസാ എന്നിവരിൽനിന്നും, എല്ലാവരിൽനിന്നും നാം സുദൃഢമായ കരാർ വാങ്ങിയിരിക്കുന്നു. സത്യസന്ധരോട് അവരുടെ സത്യതയെക്കുറിച്ച് ചോദിക്കാൻ! നിഷേധികൾക്ക് വേദനാനിരതമായ ശിക്ഷയത്രെ നാം ഒരുക്കിവച്ചിട്ടുള്ളത്."(ഖുർആൻ 33: 7, 8)

ദൈവിക സന്ദേശം ജനങ്ങൾക്കെത്തിക്കുകയും സത്യത്തിന് സാക്ഷികളായി നിലകൊള്ളുകയും ദൈവിക വ്യവസ്ഥയുടെ സംസ്ഥാപനത്തിന്നായി ശ്രമിക്കുകയും ചെയ്യുമെന്ന കരാറാണ് മറ്റു പ്രവാചകന്മാരിൽനിന്നെന്ന പോലെ യേശുവിൽനിന്നും ദൈവം വാങ്ങിയ പ്രതിജ്ഞ. അതനുസരിച്ച് യേശു സത്യപ്രബോധനം നടത്തിയപ്പോൾ അതിൽ വിശ്വാസമർപ്പിച്ചവർ ഹവാരികളായിരുന്നുവെന്ന് ഖുർആൻ വ്യക്തമാക്കുന്നു: "ഇസ്രായേൽ വംശം നിഷേധിക്കാനും എതിർക്കാനുമാണ് ഒരുങ്ങുന്നതെന്നു മനസ്സിലായപ്പോൾ ഈസാ ചോദിച്ചു: 'ദൈവിക മാർഗത്തിൽ എന്നെ സഹായിക്കാനാരുണ്ട്?' ഹവാരികൾ (ശിഷ്യന്മാർ) മറുപടി നൽകി: 'ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു. ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ ദൈവത്തിൽ സർവതും സമർപ്പിച്ചവരാണെന്ന് അങ്ങ് സാക്ഷ്യം വഹിച്ചാലും. നാഥാ, നീ അവതരിപ്പിച്ചതിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ദൈവദൂതനെ പിന്തുടരാൻ സന്നദ്ധരാവുകയും ചെയ്തിരിക്കുന്നു. നീ ഞങ്ങളുടെ നാമം സാക്ഷ്യം നൽകുന്നവരോടൊപ്പം രേഖപ്പെടുത്തേണമേ.' (3: 52,53)

"എന്നിലും എന്റെ ദൂതനിലും വിശ്വസിക്കണമെന്ന് ഞാൻ ഹവാരികളോടനുശാസിച്ചു. അവർ പറഞ്ഞു: ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ നിന്നെ അനുസരിക്കുന്നവരാണെന്ന് നീ സാക്ഷ്യം വഹിച്ചാലും."(5:11)

"അല്ലയോ വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിന്റെ സഹായികളാകുവിൻ. മർയമിന്റെ പുത്രൻ ഈസാ ഹവാരികളോട് ചോദിച്ചതുപോലെ: 'അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിൽ എന്നെ സഹായിക്കുന്നവരായി ആരുണ്ട്?' ഹവാരികൾ പ്രഖ്യാപിച്ചു: 'ഞങ്ങളുണ്ട്, ദൈവത്തിന്റെ സഹാ

യികളായി.' അങ്ങനെ ഇസ്രായേൽ വംശത്തിൽ ഒരു വിഭാഗം വിശ്വസിക്കുകയും മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. അപ്പോൾ വിശ്വാസികളെ നാം ശത്രുക്കൾക്കെതിരെ ശക്തരാക്കി. അങ്ങനെ അവർ വിജയികളാവുകതന്നെ ചെയ്തു."(61:14)

അധ്യായം രണ്ട്

# ദൈവസങ്കൽപം ബൈബിളിലും ഖുർആനിലും

യഹോവ, എലോഹ്, എലോഹീം, ഏലി, കർത്താവ്, പിതാവ് പോലുള്ള പദങ്ങളാണ് പ്രപഞ്ചനാഥനെ പരിചയപ്പെടുത്താൻ ബൈബിളിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. ഖുർആനിൽ നൽകപ്പെട്ട നാമം അല്ലാഹു എന്നാണ്. ഗുണവിശേഷങ്ങളുടെ പേരിൽ നൽകപ്പെട്ട നാമങ്ങളും അതിൽ കാണാം. പരമകാരുണികൻ(റഹ്മാൻ) കരുണാനിധി(റഹീം) രക്ഷിതാവ്(റബ്ബ്) സ്രഷ്ടാവ്(ഖാലിഖ്), ദൈവം(ഇലാഹ്) പോലുള്ളവ ഉദാഹരണം.

ബൈബിളും ഖുർആനും ഒരേപോലെ പ്രപഞ്ച നാഥനും നിയന്താവുമായ ദൈവത്തിന്റെ ഏകത്വം പ്രഖ്യാപിക്കുന്നു. ചില ഉദാഹരണങ്ങളിവിടെ ചേർക്കാം:

"യിസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻതന്നേ." (ആവർത്തന പുസ്തകം 6: 4)

"ദൈവം ഈ വചനങ്ങളൊക്കെയും അരുളിച്ചെയ്തു: അടിമവീടായ മിസ്രയീംദേശത്തുനിന്ന് നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാവരുത്."(പുറപ്പാട് 20:1-3, ആവർത്തനപുസ്തകം 5: 6, 7)

"ആകയാൽ മീതെ സ്വർഗത്തിലും താഴെ ഭൂമിയിലും യഹോവ തന്നെ ദൈവം. മറ്റൊരുത്തനുമില്ല എന്നു നീ അറിഞ്ഞു മനസ്സിൽവെച്ചുകൊൾക."(ആവർത്തന പുസ്തകം 4: 39)

“ഞാൻ ആദ്യനും അന്ത്യനുമാകുന്നു. ഞാനല്ലാതെ ഒരു ദൈവവുമില്ല.”(യെശയ്യാവ് 44: 6)

“യിസ്രായേലേ, കേൾക്ക; നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്.”(മാർക്കോസ് 12: 29)

“ശാസ്ത്രി അവനോട്: നന്നു ഗുരോ, നീ പറഞ്ഞതു സത്യം തന്നേ; ഏകനേയുള്ളൂ. അവനല്ലാതെ മറ്റൊരുത്തനുമില്ല.”(മാർക്കോസ് 12: 32)

“ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനേയും അറിയുന്നതുതന്നേ നിത്യജീവൻ ആകുന്നു.”(യോഹന്നാൻ 17: 38)

വിശുദ്ധഖുർആനും ഇതേകാര്യം ഊന്നിപ്പറയുന്നു:

“അവനാണ് അല്ലാഹു. അവനല്ലാതെ ദൈവമില്ല. ദൃശ്യവും അദൃശ്യവും അറിയുന്നവൻ. ദയാപരനും പരമകാരുണികനും.”(59: 22)

“നീ പ്രഖ്യാപിക്കുക: അവൻ അല്ലാഹുവാകുന്നു. ഏകൻ.” (112: 1)

“അല്ലാഹുവല്ലാതെ ദൈവമില്ല. അവൻ നിത്യജീവത്തായ അസ്തിത്വമാകുന്നു.”(2: 255)

## അദൃശ്യൻ അത്യുന്നതൻ

ദൈവം അദൃശ്യനാണെന്ന് ബൈബിളും ഖുർആനും ഒരേപോലെ ഊന്നിപ്പറയുന്നു:

“നിനക്ക് എന്റെ മുഖം കാണ്മാൻ കഴിയില്ല; ഒരു മനുഷ്യനും എന്നെ കണ്ട് ജീവനോടെ ഇരിക്കയില്ല എന്നും അവൻ കല്പിച്ചു.”(പുറപ്പാട് 33:20)

“ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു.” (യോഹന്നാൻ 1: 18)

“നിങ്ങൾ അവന്റെ ശബ്ദം ഒരുനാളും കേട്ടിട്ടില്ല. അവന്റെ രൂപം കണ്ടിട്ടില്ല.” (യോഹന്നാൻ 5: 37)

“കണ്ണുകൾക്ക് അവനെ കാണാനാവില്ല. അവനോ കണ്ണുകളെ കണ്ടുകൊണ്ടിരിക്കുന്നു. അവൻ സൂക്ഷ്മദൃക്കും അഭിജ്ഞനുമല്ലോ.”(ഖുർആൻ 6: 103)

പ്രപഞ്ചനാഥനായ ദൈവം അത്യുന്നതനാണ്. അവന്റെ സൃഷ്ടികളായ മോശെയും യേശുവും മുഹമ്മദുമെല്ലാം അവനെ അപേക്ഷിച്ച് ചെറിയവരും നിസ്സാരരുമത്രെ.

യേശു പറഞ്ഞു: “ഞാൻ നിങ്ങളോടു പറയുന്നു: ദാസൻ യജമാനനെക്കാൾ വലിയവനല്ല, ദൂതൻ തന്നെ അയച്ചവനെക്കാൾ വലിയവനുമല്ല. ഇതു നിങ്ങൾ അറിയുന്നു എങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ.”(യോഹന്നാൻ 13: 16, 17)

“പിതാവ് എന്നെക്കാൾ വലിയവനല്ലോ.”(യോഹന്നാൻ 14: 28)

“അല്ലാഹു ദൃശ്യവും അദൃശ്യവും അറിയുന്നവനാണ്. വലിയവനും

ഏതവസ്ഥയിലും അത്യുന്നതനുമാണ്."(ഖുർആൻ 13: 9)

സർവശക്തനും നല്ലവനുമാണ് ദൈവമെന്ന് ബൈബിളും ഖുർആനും ഊന്നിപ്പറയുന്നു.

"അതുകേട്ടു ശിഷ്യന്മാർ ഏറ്റവും വിസ്മയിച്ചു: എന്നാൽ രക്ഷിക്കപ്പെടുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു. യേശു അവരെ നോക്കി: അതു മനുഷ്യർക്ക് അസാധ്യം. എങ്കിലും ദൈവത്തിനു സകലവും സാധ്യം എന്നു പറഞ്ഞു."(മത്തായി 19: 25, 26)

"അവൻ പുറപ്പെട്ടു യാത്ര ചെയ്യുമ്പോൾ ഒരുവൻ ഓടിവന്നു അവന്റെ മുമ്പിൽ മുട്ടുകുത്തി: നല്ല ഗുരോ; നിത്യജീവനെ അവകാശം ആക്കുവാൻ ഞാൻ എന്തു ചെയ്യേണം എന്നു അവനോടു ചോദിച്ചു. അതിന് യേശു: എന്നെ നല്ലവൻ എന്നു പറയുന്നതു എന്ത്? ദൈവം ഒരുവനല്ലാതെ നല്ലവൻ ആരുമില്ല."(മാർക്കോസ്: 10: 17, 18; ലൂക്കോസ് 18: 18,19)

"തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനത്രെ."(ഖുർആൻ 2: 20)

## അഭൗതികജ്ഞാനം

ദൈവത്തിനല്ലാതെ മോശെയും യേശുവും മുഹമ്മദ് നബിയുമുൾപ്പെടെ ആർക്കും അഭൗതികമായ കാര്യങ്ങളറിയില്ലെന്ന് ബൈബിളും ഖുർആനും അസന്നിഗ്ദമായി തെളിയിക്കുന്നു.

നഗ്നനേത്രങ്ങൾകൊണ്ട് കാണാവുന്നതിലും കൂടുതൽ ദൂരെയുള്ള അത്തിവൃക്ഷത്തിൽ പഴമുണ്ടോ എന്നറിയാൻ യേശുവിന് സാധിച്ചില്ലെന്ന് ബൈബിൾ ഉദ്ധരിച്ച സംഭവം വ്യക്തമാക്കുന്നു:

"രാവിലെ അവൻ നഗരത്തിലേക്കു മടങ്ങിപ്പോകുന്ന സമയം വിശന്നിട്ടു വഴിയരികെ ഒരു അത്തിവൃക്ഷം കണ്ടു. അടുക്കെ ചെന്നു; അതിൽ ഇലയല്ലാതെ ഒന്നും കാണായ്കയാൽ; ഇനി നിന്നിൽ ഒരു നാളും ഫലം ഉണ്ടാകാതെ പോകട്ടെ എന്നു അതിനോടു പറഞ്ഞു. (മത്തായി 21: 18,19)

"പിറ്റേന്നാൾ അവർ ബേഥാന്യ വിട്ടു പോരുമ്പോൾ അവന്നു വിശന്നു; അവൻ കുലയുള്ളൊരു അത്തിവൃക്ഷം ദൂരത്തുനിന്നു കണ്ടു. അതിൽ വല്ലതും കണ്ടുകിട്ടുമോയെന്ന് വെച്ചു ചെന്നു, അതിന്നരികെ എത്തിയപ്പോൾ ഇല അല്ലാതെ ഒന്നും കണ്ടില്ല; അതു അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞു."(മാർക്കോസ് 11: 12, 13)

ഇതേക്കുറിച്ച് വേദപുസ്തക നിഘണ്ടു എഴുതുന്നു: "ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ യേശു മനുഷ്യത്വമുള്ളവനാണെന്നു കാണുന്നു. അവൻ ശരീരത്തിലും ബുദ്ധിയിലും സ്വാഭാവികമായ വളർച്ച പ്രാപിച്ചു. വിശപ്പും ദാഹവും അനുഭവിച്ചു. ഉപദ്രവങ്ങൾ സഹിച്ചു. സന്തോഷം, ദുഃഖം, സ്നേഹം, കോപം ആദിയായവ എല്ലാ മനുഷ്യരെയും പോലെ അവന്നും ഉണ്ടായിരുന്നു. സാധാരണ മനുഷ്യരെക്കാളും ജ്ഞാനിയായിരുന്നുവെങ്കിലും സർവജ്ഞത ഉണ്ടായിരുന്നില്ല....അത്തിവൃക്ഷത്തിൽ ഫലമുണ്ടായിരിക്കുമെന്നു വിചാരിച്ച് ചെന്നു നോക്കുമ്പോൾ ഫലമുണ്ടായി

രുന്നില്ല."(റവ: എ.സി. ക്ലേയിറ്റൻ: വേദപുസ്തക നിഘണ്ടു, പുറം: 413)

അഭൗതികജ്ഞാനം തനിക്കില്ലെന്ന് യേശുതന്നെ തുറന്നു പറയുന്നു: "ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല."(മത്തായി 24: 36, മാർക്കൊസ് 13: 32).

വിശുദ്ധ ഖുർആൻ പറയുന്നു: "പറയുക: അല്ലാഹു അല്ലാതെ ആകാശഭൂമികളിലാരും തന്നെ അഭൗതിക കാര്യങ്ങളറിയുന്നില്ല."(27: 65)

"പ്രവാചകനേ പറയുക: എന്റെ വശം അല്ലാഹുവിന്റെ ഖജനാവുകളുണ്ടെന്ന് ഞാനവകാശപ്പെടുന്നില്ല; എനിക്ക് അഭൗതിക കാര്യങ്ങളറിയുകയുമില്ല."(6: 50)

"അഭൗതിക കാര്യങ്ങളുടെ താക്കോൽ ദൈവത്തിങ്കലാകുന്നു. അവനല്ലാതെ ആരും അതറിയുന്നില്ല."(6: 59)

അതിനാൽ യേശു ഉൾപ്പെടെ എല്ലാ ദൈവദൂതന്മാരും പ്രബോധനം ചെയ്ത കാര്യങ്ങളും പ്രസംഗിച്ച സുവിശേഷങ്ങളും ദൈവം അറിയിച്ചു കൊടുത്തവയും അവനിൽനിന്നു ലഭിച്ച സന്ദേശങ്ങളുമായിരുന്നു. ബൈബിൾ ഇക്കാര്യം ഇങ്ങനെ വ്യക്തമാക്കുന്നു.

"ദൈവം അയച്ചവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു." (യോഹന്നാൻ 3: 34)

"പെരുനാൾ പാതി കഴിഞ്ഞശേഷം യേശു ദൈവാലയത്തിൽ ചെന്നു ഉപദേശിച്ചു. വിദ്യാഭ്യാസം ചെയ്യാത്ത ഇവൻ ശാസ്ത്രം അറിയുന്നതു എങ്ങനെ എന്നു യെഹൂദന്മാർ പറഞ്ഞു ആശ്ചര്യപ്പെട്ടു. യേശു അവരോട് ഉത്തരം പറഞ്ഞതു: എന്റെ ഉപദേശം എന്റേതല്ല, എന്നെ അയച്ചവന്റേതത്രേ. അവന്റെ ഇഷ്ടം ചെയ്‌വാൻ ഇഛിക്കുന്നവൻ ഈ ഉപദേശം ദൈവത്തിൽനിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്നു അറിയും. സ്വയമായി പ്രസ്താവിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവൻ സത്യവാൻ ആകുന്നു; നീതി കേടു അവനിൽ ഇല്ല."(യോഹന്നാൻ 7: 14-18)

"ആകയാൽ യേശു ദേവാലയത്തിൽ ഉപദേശിക്കുമ്പോൾ: നിങ്ങൾ എന്നെ അറിയുന്നു; ഞാൻ എവിടെനിന്നെന്നും അറിയുന്നു; ഞാൻ സ്വയമായിട്ടു വന്നവനല്ല; എന്നെ അയച്ചവൻ സത്യവാൻ ആകുന്നു; അവനെ നിങ്ങൾ അറിയുന്നില്ല. ഞാൻ അവന്റെ അടുക്കൽ നിന്നു വന്നതു കൊണ്ടും അവൻ എന്നെ അയച്ചതുകൊണ്ടും ഞാൻ അവനെ അറിയുന്നു എന്ന് വിളിച്ചു പറഞ്ഞു."(യോഹന്നാൻ 7: 28, 29)

"നിങ്ങളെക്കുറിച്ച് വളരെ സംസാരിപ്പാനും വിധിപ്പാനും എനിക്കു ഉണ്ട്. എങ്കിലും എന്നെ അയച്ചവൻ സത്യവാൻ ആകുന്നു; അവനോടു കേട്ടതുതന്നെ ഞാൻ ലോകത്തോടു സംസാരിക്കുന്നു എന്നു പറഞ്ഞു."(യോഹന്നാൻ 8: 26)

"ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല; എന്നെ അയച്ച പിതാവുതന്നേ ഞാൻ ഇന്നതു പറയേണം എന്നും ഇന്നേതു സംസാരിക്കേണം എന്നും

കല്പന തന്നിരിക്കുന്നു."(യോഹന്നാൻ 12: 49)

"നിങ്ങൾ കേൾക്കുന്ന വചനം എന്റേതല്ല എന്നെ അയച്ച പിതാവിന്റേതത്രേ എന്നു ഉത്തരം പറഞ്ഞു."(യോഹന്നാൻ 14: 24)

മുഹമ്മദ് നബിയെ സംബന്ധിച്ച് വിശുദ്ധഖുർആനും ഇതേ കാര്യം തന്നെ പറയുന്നു: "അദ്ദേഹം ഇത് സ്വേഛാനുസൃതം പറയുകയല്ല. അദ്ദേഹത്തിന്ന് അവതീർണമായ ദിവ്യബോധനം മാത്രമത്രെയിത്."(53: 3, 4)

മോശെയും യേശുവും മുഹമ്മദ് നബിയുമുൾപ്പെടെ മുഴുവൻ ദൈവദൂതന്മാർക്കും അഭൗതികമായ കാര്യം അറിയാത്ത പോലെത്തന്നെ അമാനുഷ കഴിവുകളും ഉണ്ടായിരുന്നില്ല. അവർ ചെയ്ത അത്ഭുത പ്രവൃത്തികളെല്ലാം ദൈവം അവരിലൂടെ വെളിപ്പെടുത്തിയവയും ദൈവം ചെയ്യിച്ചവയുമത്രെ. യേശു പറയുന്നു: "എനിക്കു സ്വതേ ഒന്നും ചെയ്യാൻ കഴിയുന്നതല്ല; ഞാൻ കേൾക്കുന്നതു പോലെ ന്യായം വിധിക്കുന്നു; ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ടം അത്രേ ചെയ്‌വാൻ ഇഛിക്കുന്നതുകൊണ്ട് എന്റെ വിധി നീതിയുള്ളതു ആകുന്നു."(യോഹന്നാൻ 5:30)

"പിതാവ് ചെയ്തുകാണുന്നതല്ലാതെ പുത്രന് സ്വതേ ഒന്നും ചെയ്‌വാൻ കഴിയുകയില്ല."(യോഹന്നാൻ 5: 19)

"പിതാവിന്റെ കല്പനയാൽ ഞാൻ പല നല്ല പ്രവൃത്തികൾ നിങ്ങളെ കാണിച്ചിരിക്കുന്നു; അവയിൽ ഏതു പ്രവൃത്തി നിമിത്തം നിങ്ങൾ എന്നെ കല്ലെറിയുന്നു എന്നു ചോദിച്ചു"(യോഹന്നാൻ 10: 32). "എങ്കിലും ഞാൻ പിതാവിനെ സ്നേഹിക്കുന്നു എന്നും പിതാവ് എന്നോടു കല്പിച്ചതു പോലെ ഞാൻ ചെയ്യുന്നു എന്നും ലോകം അറിയട്ടെ."(യോഹന്നാൻ 14: 31)

"എന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നൽകുന്നത് എന്റേതല്ല; എന്റെ പിതാവ് ആർക്കു ഒരുക്കിയിരിക്കുന്നുവോ അവർക്കു കിട്ടും എന്നു പറഞ്ഞു."(മത്തായി 20: 23)

താൻ ദൈവത്തിന്റെ ദാസനും ദൂതനും ആജ്ഞാനുവർത്തിയും മാത്രമാണെന്ന് സമർഥിക്കുകയാണല്ലോ യേശു ഇവിടെ ചെയ്യുന്നത്. മുഹമ്മദ് നബിയെ ഖുർആൻ പരിചയപ്പെടുത്തുന്നതും അവ്വിധം തന്നെ.

## ഏക ആരാധ്യൻ

യേശുവും മുഹമ്മദ് നബിയുമുൾപ്പെടെ മുഴുവൻ ദൈവദൂതന്മാരും ദൈവത്തെ മാത്രമാണ് പ്രാർഥിച്ചിരുന്നതും ആരാധിച്ചിരുന്നതും. അവനെയല്ലാതെ മറ്റാരെയും ആരാധിക്കരുതെന്ന് അവരെല്ലാം ശക്തമായി ആവശ്യപ്പെടുകയും ചെയ്തു. ബൈബിളും ഖുർആനും ഇക്കാര്യം ഒരേ പോലെ വ്യക്തമാക്കുന്നു: "ഞാൻ നിങ്ങളോട് ആജ്ഞാപിക്കുന്നതൊക്കെയും പ്രമാണിച്ചു നടപ്പിൻ; അതിനോട് കൂട്ടരുതു; അതിൽനിന്നു കുറെക്കയും അരുത്. നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകനോ സ്വപ്നക്കാരനോ എഴുന്നേറ്റു: നീ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളെ നാം ചെന്നു

സേവിക്ക എന്നു പറഞ്ഞുകൊണ്ടു ഒരു അടയാളമോ അത്ഭുതമോ മുന്നറിയിക്കുകയും അവൻ പറഞ്ഞ അടയാളമോ അത്ഭുതമോ സംഭവിക്കുകയും ചെയ്താൽ ആ പ്രവാചകന്റെയോ സ്വപ്നക്കാരന്റെയോ വാക്കു നീ കേട്ടനുസരിക്കരുത്; നിങ്ങളുടെ ദൈവമായ യഹോവയെ പൂർണ ഹൃദയത്തോടെയും പൂർണ മനസ്സോടെയും കൂടെ നിങ്ങൾ സ്നേഹിക്കുന്നുവോ എന്നു അറിയേണ്ടതിന്ന് നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ പരീക്ഷിക്കയാകുന്നു. നിങ്ങളുടെ ദൈവമായ യഹോവയെ നിങ്ങൾ അനുസരിക്കുകയും ഭയപ്പെടുകയും അവന്റെ കല്പന പ്രമാണിച്ചു അവന്റെ വാക്കു കേൾക്കയും അവനെ സേവിച്ച് അവനോട് ചേർന്നിരിക്കുകയും വേണം." (ആവർത്തന പുസ്തകം 13: 15)

"പിന്നെ പിശാചു അവനെ ഏറ്റവും ഉയർന്നൊരു മലമേൽ കൂട്ടിക്കൊണ്ടുപോയി ലോകത്തിലുള്ള സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചു. വീണു എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്കുതരാം എന്നു അവനോടു പറഞ്ഞു. യേശു അവനോട്: സാത്താനേ, എന്നെ വിട്ടുപോ; "നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവൂ" എന്ന് എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. അപ്പോൾ പിശാചു അവനെ വിട്ടുപോയി."(മത്തായി 4: 8-11, ലൂക്കോസ് 4: 5-8)

യേശു ദൈവത്തോടാണ് പ്രാർഥിച്ചിരുന്നത്: "പിന്നെ അവൻ അല്പം മുന്നോട്ടു ചെന്നു കവിണ്ണുവീണു: പിതാവേ, കഴിയും എങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന് നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇഛിക്കുന്നതുപോലെയല്ല, നീ ഇച്ഛിക്കും പോലെ ആകട്ടെ എന്നു പ്രാർഥിച്ചു." (മത്തായി 26: 39; മാർക്കോസ്: 14: 36, 37; ലൂക്കോസ് 22: 41, 42)

"എല്ലാറ്റിലും മുഖ്യ കല്പന ഏത് എന്ന് അവനോടു ചോദിച്ചു. അതിന്നു യേശു: എല്ലാറ്റിലും മുഖ്യ കല്പനയോ: 'യിസ്രായേലേ, കേൾക്ക; നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവും നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ ഹൃദയത്തോടും പൂർണാത്മാവോടും പൂർണ മനസ്സോടും പൂർണ ശക്തിയോടും കൂടെ സ്നേഹിക്കേണം' എന്നു ആകുന്നു."(മാർക്കോസ് 12: 28-30)

"യേശു മേലോട്ടു നോക്കി: പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു."(യോഹന്നാൻ 11: 41)

"നിങ്ങൾ പ്രാർഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്. അവർ മനുഷ്യർക്കു വിളങ്ങേണ്ടതിന്നു പള്ളികളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർഥിപ്പാൻ ഇഷ്ടപ്പെടുന്നു; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ പ്രാർഥിക്കുമ്പോൾ അറയിൽ കിടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും."(മത്തായി 6: 5, 6)

"സദൂക്യാരെ അവൻ മിണ്ടാതാക്കിയ പ്രകാരം കേട്ടിട്ടു പരിശന്മാർ

ഒന്നിച്ചുകൂടി, അവരിൽ ഒരു വൈദികൻ അവനെ പരീക്ഷിച്ചു: ഗുരോ, ന്യായപ്രമാണത്തിൽ ഏതു കല്പന വലിയതു എന്നു ചേദിച്ചു. യേശു അവനോട്: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ ഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും കൂടെ സ്നേഹിക്കേണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന."(മത്തായി 22: 34-37, ലൂക്കോസ് 10: 25-27).

യേശു പഠിപ്പിച്ച പ്രാർഥന ഇവ്വിധം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: "അവൻ ഒരു സ്ഥലത്തു പ്രാർഥിച്ചുകൊണ്ടിരുന്നു. തീർന്നശേഷം ശിഷ്യന്മാരിൽ ഒരുത്തൻ അവനോട്: കർത്താവേ യോഹന്നാൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതു പോലെ ഞങ്ങളെയും പ്രാർഥിക്കാൻ പഠിപ്പിക്കേണമേ എന്നു പറഞ്ഞു. അവൻ അവരോടു പറഞ്ഞതു: നിങ്ങൾ പ്രാർഥിക്കുമ്പോൾ ചൊല്ലേണ്ടിയതു(സ്വർഗസ്ഥനായ ഞങ്ങളുടെ)പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; (നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ) ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ദിനംപ്രതി തരേണമേ; ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോടു ക്ഷമിക്കേണമേ; ഞങ്ങൾ കടം പെട്ടിരിക്കുന്ന ഏവരോടും ഞങ്ങളും ക്ഷമിക്കുന്നു; ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ; (ദുഷ്ടങ്കൽനിന്നു ഞങ്ങളെ വിടുവിക്കേണമേ)(ലൂക്കോസ് 11: 1-4).

ചുരുക്കത്തിൽ, മോശെയും മുഹമ്മദ് നബിയുമൊക്കെ ചെയ്തതു പോലെ യേശുവും ആരാധിച്ചത് ഏകനായ ദൈവത്തെയാണ്. പ്രാർഥിച്ചതും അവനോടുതന്നെ. അവനെയല്ലാതെ മറ്റാരെയും ആരാധിക്കരുതെന്ന് അനുശാസിക്കുകയും ചെയ്തു. അതോടൊപ്പം ദൈവത്തോട് പ്രാർഥിക്കേണ്ടത് എവ്വിധമെന്ന് പഠിപ്പിച്ചു. മാത്രമല്ല, തന്നോടു പ്രാർഥിക്കുന്നത് തീർത്തും നിഷ്ഫലമാണെന്ന് ഉൽബോധിപ്പിക്കുകയും ചെയ്തു. "എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല. സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗരാജ്യത്തിൽ കടക്കുന്നത്."(മത്തായി 7: 21)

യേശുവെ ദൈവമാക്കുകയും യേശുവിന്റെ പേരിൽ, ദൈവത്തിന്റെ പേരിൽ ചെയ്യേണ്ട കാര്യങ്ങൾ നിർവഹിക്കുകയും ചെയ്യുന്നവരെ യേശു തന്നെ പുനരുത്ഥാന നാളിൽ തള്ളിപ്പറയും: "കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോട്: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല. അധർമം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും."(മത്തായി 7: 22, 23)

ഈ വസ്തുത വിശുദ്ധഖുർആനും സംശയാതീതമായി വ്യക്തമാക്കുന്നു: "അല്ലാഹു ചോദിക്കും, ഓ, മർയമിന്റെ മകൻ യേശുവേ, 'ദൈവത്തെ കൂടാതെ, എന്നെയും എന്റെ മാതാവിനെയും രണ്ട് ആരാധ്യരായി

വരിക്കുവിൻ' എന്നു നീ ജനങ്ങളോട് പറഞ്ഞിട്ടുണ്ടായിരുന്നോ? അപ്പോൾ അദ്ദേഹം മറുപടി പറയും: നീ എത്ര പരിശുദ്ധൻ! എനിക്കു അധികാരമില്ലാത്തതു പറയുക എന്റെ രീതിയായിരുന്നില്ല. ഞാനതു പറഞ്ഞിട്ടുണ്ടെങ്കിൽ തീർച്ചയായും നീയത് അറിഞ്ഞിട്ടുണ്ടാവുമല്ലോ. എന്റെ മനസ്സിലുള്ളതൊക്കെയും നീ അറിയുന്നു. നിന്നിലുള്ളതോ ഞാനറിയുന്നില്ല. നീ അഭൗതിക സത്യങ്ങളൊക്കെയും അറിയുന്നവനല്ലോ. നീ എന്നോട് കല്പിച്ചിട്ടുള്ളതല്ലാത്തതൊന്നും ഞാൻ അവരോട് പറഞ്ഞിട്ടില്ല. അതായത് എന്റെ നാഥനും നിങ്ങളുടെ നാഥനുമായ ദൈവത്തിനു വണങ്ങി, വഴങ്ങി, വിധേയമായി ജീവിക്കുക എന്ന്. ഞാൻ അവരിലുണ്ടായിരുന്ന കാലത്തോളം ഇക്കാര്യത്തിൽ ഞാനവരുടെ മേൽ സാക്ഷിയായിരുന്നു. നീ എന്നെ തിരിച്ചു വിളിച്ചപ്പോഴോ, അവരുടെ നിരീക്ഷകൻ നീ തന്നെ ആയിരുന്നുവല്ലോ. നീ സകല സംഗതികൾക്കും സാക്ഷിയാകുന്നു."(5: 116, 117)

പ്രതിമയുണ്ടാക്കി വെക്കുകയും അവയെ പൂജിക്കുകയും ചെയ്യുന്നത് ബൈബിളിന്റെ കല്പനക്കു കടക വിരുദ്ധമാണ്. "ഒരു വിഗ്രഹം ഉണ്ടാക്കരുത്; മീതെ സ്വർഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുത്. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുത്. (പുറപ്പാട് 20: 4–5;

ആവർത്തന പുസ്തകം 5: 8, 9)

പ്രപഞ്ച നാഥനായ ഏകദൈവത്തെയല്ലാതെ യേശുവും മുഹമ്മദു മുൾപ്പെടെ ആരെയും ദൈവമാക്കരുതെന്നും ആരാധിക്കരുതെന്നും ആരോടും പ്രാർഥിക്കരുതെന്നും ബൈബിളും ഖുർആനും അസന്നിഗ്ദ മായി വ്യക്തമാക്കിയിരിക്കെ അതിനു വിരുദ്ധമായി സംഭവിക്കുന്നതൊ ക്കെയും അവയുടെ അധ്യാപനങ്ങളുടെ ലംഘനവും നിഷേധവുമത്രെ.

അധ്യായം മൂന്ന്

# ത്രിയേകത്വത്തിന്നെതിരെ

**വി**ശുദ്ധ ഖുർആന്റെ വീക്ഷണത്തിൽ ദൈവം പ്രപഞ്ചത്തിന്റെ സ്രഷ്ടാ വും സംരക്ഷകനും നാഥനും നിയന്താവുമാണ്. സർവശക്തനും സർവ ജ്ഞനുമാണ്. അനാദിയും അനന്തനും അരൂപിയും അവിഭാജ്യനുമാണ്. ജനനം, മരണം, ശൈശവം, ബാല്യം, യൗവനം തുടങ്ങിയ എല്ലാവിധ പരിവർത്തനങ്ങൾക്കും അതീതനാണ്. ഏകനും ഏവരാലുമാശ്രയിക്ക പ്പെടുന്നവനുമാണ്. അതുല്യനും അസദൃശനുമാണ്. ജനകനോ ജാതനോ അല്ല. "പ്രഖ്യാപിക്കുക. അവൻ അല്ലാഹുവാകുന്നു. ഏകൻ. അവൻ പരാ ശ്രയത്തിന്നതീതനാണ്. എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനും. അവന്ന് സന്തതിയേതുമില്ല. അവൻ ആരുടെയും സന്താനവുമല്ല." (ഖുർആൻ 112: 1–4)

"കണ്ണുകൾക്ക് ദൈവത്തെ കാണാനാവില്ല. അവനോ കണ്ണുകളെ കണ്ടുകൊണ്ടിരിക്കുന്നു. അവൻ സൂക്ഷ്മദൃഷ്ടിയുള്ളവനും അഭിജ്ഞ നുമല്ലോ." (ഖുർആൻ 6: 103)

"കണ്ണുകളുടെ കട്ടുനോട്ടങ്ങളും മനസ്സുകളൊളിപ്പിച്ചു വെച്ചവയു മൊക്കെയും ദൈവം അറിയുന്നു."(ഖുർആൻ 40: 19)

"മനുഷ്യനെ സൃഷ്ടിച്ചത് നാമാകുന്നു. അവന്റെ മനസ്സിലുണരുന്ന തോന്നലുകൾ വരെ നാമറിയുന്നു. അവന്റെ കണ്ഠനാഡിയെക്കാൾ അവ നോടടുത്തവനത്രെ നാം." (ഖുർആൻ 50: 16)

“ആകാശ ഭൂമികളിലെ സകല സംഗതികളും അല്ലാഹു അറിയുന്നു വെന്ന് നിങ്ങളറിയുന്നില്ലേ? ഒരിക്കലും മൂന്നുപേർ തമ്മിൽ സംഭാഷണം നടക്കുന്നില്ല, അവരിൽ നാലാമനായി അല്ലാഹു ഇല്ലാതെ. അല്ലെങ്കിൽ അഞ്ചാളുടെ രഹസ്യ സംഭാഷണം ഉണ്ടാവുന്നില്ല' ആറാമനായി അവ നില്ലാതെ. രഹസ്യം പറയുന്നവർ അതിൽ കൂടുതലാവട്ടെ, കുറവാകട്ടെ; അവരെവിടെയായിരുന്നാലും അല്ലാഹു അവരോടൊപ്പമുണ്ടായിരിക്കും. പിന്നെ അവരെന്താണ് ചെയ്തുകൊണ്ടിരുന്നതെന്ന് പുനരുത്ഥാന നാളിൽ അവനവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്യും. ദൈവം എല്ലാം അറി യുന്നവനല്ലോ.”(ഖുർആൻ 58:7)

“അല്ലാഹു നിത്യ ജീവത്തായ അസ്തിത്വമാകുന്നു. അവനല്ലാതെ ദൈവമില്ല. അവനെ മയക്കമോ ഉറക്കമോ ബാധിക്കുകയില്ല. ആകാശ ഭൂമികളിലുള്ളതെല്ലാം അവന്റെതാകുന്നു.”(ഖുർആൻ 2: 255)

“പുത്രനെ സ്വീകരിക്കുകയെന്നത് ദൈവത്തിനു ചേർന്നതല്ല. അവൻ പരിശുദ്ധനാകുന്നു. അവൻ ഒരു കാര്യം തീരുമാനിച്ചാൽ അതു ഭവിക്ക ട്ടെയെന്ന് പറയുകയേ വേണ്ടൂ. അതോടെ അതുണ്ടാവുന്നു.”(ഖുർആൻ 19:35)

ദൈവത്തെയും യേശുവെയും സംബന്ധിച്ച ഒട്ടേറെ കാര്യങ്ങളിൽ ബൈബിളും ഖുർആനികാശയങ്ങളോട് യോജിക്കുന്നു. ചിലതിവിടെ ചേർക്കാം.

1. ദൈവം ജനിച്ചവനല്ല. യേശു ജനിച്ചവനാണ്. മറിയമാണ് യേശുവെ പ്രസവിച്ചത്. (മത്തായി 1: 125)

2. പരിശുദ്ധാത്മാവായ മാലാഖ ഗബ്രിയേലാണ് മറിയമിനെ യേശു വിന്റെ ജനനത്തെ സംബന്ധിച്ച വിവരമറിയിച്ചത്. (ലൂക്കോസ് 1: 24-31)

3. യേശു തൊട്ടിലിൽ കിടക്കുകയും മുല കുടിക്കുകയും ചെയ്തു. “ഇതു പറയുമ്പോൾ പുരുഷാരത്തിൽ ഒരു സ്ത്രീ ഉച്ചത്തിൽ അവനോട്: നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലയും ഭാഗ്യമുള്ളവ എന്നു പറഞ്ഞു. അതിന് അവൻ: അല്ല; ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവർ അത്രെ ഭാഗ്യവാന്മാർ എന്നു പറഞ്ഞു.” (ലൂക്കോസ് 11: 27, 28)

ദൈവത്തെ വണങ്ങി, വഴങ്ങുന്നതിലൂടെ മാത്രമേ ഭാഗ്യം ലഭിക്കുക യുള്ളൂവെന്ന് ഖുർആനെപ്പോലെ ബൈബിളും ഇവിടെ വ്യക്തമാക്കുന്നു.

4. അബ്രഹാമീ പരമ്പരയിൽ പെട്ട യേശുവിന് പരിച്ഛേദന നടത്തിയി രുന്നു. “പരിച്ഛേദന കഴിപ്പാനുള്ള എട്ടു ദിവസം കഴിഞ്ഞപ്പോൾ അവൻ ഗർഭത്തിൽ ഉൽപാദിപ്പിക്കും മുമ്പെ ദൂതൻ പറഞ്ഞതുപോലെ അവന്നു യേശു എന്നു പേർ വിളിച്ചു.”(ലൂക്കോസ് 2: 21)

5. മറ്റുള്ളവരെപ്പോലെത്തന്നെ യേശുവിന്നും വിശന്നു: “അവൻ നാല്പ തു പകലും നാല്പതു രാവും ഉപവസിച്ച ശേഷം അവന്നു വിശന്നു.” (മത്തായി 4: 2)

“രാവിലെ അവൻ നഗരത്തിലേക്കു മടങ്ങിപ്പോന്ന സമയം വിശന്നിട്ടു വഴിയരികെ ഒരത്തിവൃക്ഷം കണ്ടു.”(മത്തായി 21: 18)

"പിറ്റേന്നാൾ അവൻ ബേഥാന്യ വിട്ടു പോരുമ്പോൾ അവന്നു വിശന്നു."(മാർക്കോസ് 11:12)

6. യേശുവിനും ദാഹിച്ചു. "അതിനുശേഷം സകലവും തികഞ്ഞിരിക്കുന്നു എന്ന് യേശു അറിഞ്ഞിട്ട് തിരുവെഴുത്ത് നിവൃത്തിയാകുംവണ്ണം എനിക്ക് ദാഹിക്കുന്നു എന്നു പറഞ്ഞു." (യോഹന്നാൻ 19: 28, 29)

7. അതിനാൽ തിന്നുകയും കുടിക്കുകയും ചെയ്തു: "മനുഷ്യപുത്രൻ തിന്നും കുടിച്ചും കൊണ്ടുവന്നു."(മത്തായി 11:19)

8. യേശു വസ്ത്രങ്ങളുപയോഗിച്ചു. "അന്ന് പന്ത്രണ്ടു സംവത്സരമായിട്ടു രക്തസ്രാവമുള്ളൊരു സ്ത്രീ; അവന്റെ വസ്ത്രം മാത്രം ഒന്നു തൊട്ടാൽ എനിക്കു സൗഖ്യം വരും എന്നു ഉള്ളംകൊണ്ടു പറഞ്ഞു." (മത്തായി 9: 21)

9. കഴുതപ്പുറത്ത് സഞ്ചരിച്ചു: "കഴുതയെയും കുട്ടിയെയും കൊണ്ടുവന്നു തങ്ങളുടെ വസ്ത്രം അവയുടെ മേൽ ഇട്ടു. അവൻ കയറി ഇരുന്നു."(മത്തായി 21: 7)

10. യേശു മറ്റു മനുഷ്യരെപ്പോലെ ഉറങ്ങുകയും ഉണരുകയും ചെയ്തു. "അവൻ അമരത്തു തലയണവെച്ച് ഉറങ്ങുകയായിരുന്നു. അവർ അവനെ ഉണർത്തി." (മാർക്കോസ് 4: 38)

11. യാത്ര ചെയ്ത് ക്ഷീണിക്കുന്നു: "യേശു വഴി നടന്ന് ക്ഷീണിച്ചിട്ടു ഉറവിന്നരികെ ഇരുന്നു." (യോഹന്നാൻ 4: 6)

12. യേശു അസ്വസ്ഥനായി: "അവൾ കരയുന്നതും അവളോടുകൂടെ വന്ന യഹൂദന്മാർ കരയുന്നതും യേശു കണ്ടിട്ട് ഉള്ളം നൊന്തു കലങ്ങി." (യോഹന്നാൻ 11:33)

13. നമ്മെപ്പോലെ യേശുവും കരഞ്ഞു: "യേശു കണ്ണീർ വാർത്തു." (യോഹന്നാൻ 11:35)

14. കൊടിയ ദുഃഖം അനുഭവിച്ചു: "പത്രോസിനെയും സെബദി പുത്രന്മാർ ഇരുവരെയും കൂട്ടിക്കൊണ്ടു ചെന്നു ദുഃഖിച്ചും വ്യാകുലപ്പെട്ടും തുടങ്ങി. എന്റെ ഉള്ളം മരണവേദന പോലെ അതീവ ദുഃഖിതമായിരിക്കുന്നു: ഇവിടെ താമസിച്ചു എന്നോടുകൂടെ ഉണർന്നിരിപ്പിൻ എന്ന് അവരോട് പറഞ്ഞു." (മത്തായി 26: 37,38)

15. യഹൂദരെ ഭയന്നു നാടുവിട്ടു: "അന്നു മുതൽ അവർ അവനെ കൊല്ലുവാൻ ആലോചിച്ചു. അതുകൊണ്ട് യേശു യഹൂദന്മാരുടെ ഇടയിൽ പിന്നെ പരസ്യമായി നടക്കാതെ അവിടം വിട്ടു മരുഭൂമിക്കരികെ എഫ്രയിം എന്ന പട്ടണത്തിലേക്കു വാങ്ങി ശിഷ്യന്മാരുമായി അവിടെ പാർത്തു."(യോഹന്നാൻ 11: 53,54)

16. യേശു അപമാനിക്കപ്പെട്ടു. ദ്രോഹിക്കപ്പെടുകയും ചെയ്തു. "അപ്പോൾ അവർ അവന്റെ മുഖത്തു തുപ്പി. അവനെ മുഷ്ടി ചുരുട്ടി കുത്തി. ചിലർ അവനെ കരണത്തടിച്ചു. ഹേ, ക്രിസ്തുവേ, നിന്നെ തല്ലിയത് ആർ എന്നു ഞങ്ങളോടു പ്രവചിക്ക എന്നു പറഞ്ഞു." (മത്തായി

26: 67, 68)

17. മരണത്തെ ഭയപ്പെട്ടു. രക്ഷക്കായി ദൈവത്തോട് പ്രാർഥിച്ചു: "അവൻ ശിഷ്യന്മാരോട്: ഞാൻ പ്രാർഥിച്ചു തീരുവോളം ഇവിടെ ഇരിപ്പിൻ എന്നു പറഞ്ഞു. പിന്നെ അവൻ പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ടു ഭ്രമിപ്പാനും വ്യാകുലപ്പെടാനും തുടങ്ങി. എന്റെ ഉള്ളം മരണ വേദനപോലെ അതി ദുഃഖിതമായിരിക്കുന്നു. ഇവിടെ പാർത്തു ഉണർന്നിരിപ്പിൻ എന്നു അവരോട് പറഞ്ഞു. പിന്നെ അല്പം മുന്നോട്ട് ചെന്ന് നിലത്തുവീണു. കഴിയും എങ്കിൽ ആ നാഴിക നീങ്ങിപ്പോകേണമേയെന്ന് പ്രാർഥിച്ചു." (മാർക്കോസ് 14: 32-35)

18. യേശു പിശാചിനാൽ പരീക്ഷിക്കപ്പെട്ടു. (ലൂക്കോസ് 4: 2-13)

19. യേശുവിന്ന് ദൈവാനുഗ്രഹത്താൽ ശാരീരികവും വൈജ്ഞാനികവുമായ വളർച്ച സംഭവിച്ചു. "യേശുവോ, ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും വളർന്നുവന്നു." (ലൂക്കോസ് 2: 52)

20. യേശുവിന്ന് ദൈവം അറിയിച്ചുകൊടുക്കുന്നതല്ലാത്ത ജ്ഞാനം ഉണ്ടായിരുന്നില്ല. മറ്റു പ്രവാചകന്മാരെപ്പോലെ അദ്ദേഹത്തിനും ദൈവം ബോധനം നൽകി. "നീ ആർ ആകുന്നു എന്നു ചോദിച്ചതിനു യേശു: ആദി മുതൽ ഞാൻ നിങ്ങളോട് സംസാരിച്ചു പോരുന്നതു തന്നേ. നിങ്ങളെക്കുറിച്ചു വളരെ സംസാരിപ്പാനും വിധിപ്പാനും എനിക്കു ഉണ്ട്; എങ്കിലും എന്നെ അയച്ചവൻ സത്യവാൻ ആകുന്നു; അവനോടു കേട്ടതു തന്നെ ഞാൻ ലോകത്തോടു സംസാരിക്കുന്നു എന്നു പറഞ്ഞു. പിതാവിനെക്കുറിച്ചു ആകുന്നു അവൻ തങ്ങളോടു പറഞ്ഞതു എന്നു അവർ ഗ്രഹിച്ചില്ല. ആകയാൽ യേശു: നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിയ ശേഷം ഞാൻ തന്നെ അവൻ എന്നും ഞാൻ സ്വയമായിട്ടു ഒന്നും ചെയ്യാതെ പിതാവ് എനിക്കു ഉപദേശിച്ചു തന്നതു പോലെ ഇതു സംസാരിക്കുന്നു എന്നും അറിയും. എന്നെ അയച്ചവൻ എന്നോടു കൂടെ ഉണ്ട്. ഞാൻ എല്ലായ്പോഴും അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ടു അവൻ എന്നെ ഏകനായി വിട്ടിട്ടില്ല എന്നു പറഞ്ഞു".(യോഹന്നാൻ 8: 25-29)

ഇവിടെ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

a. അയച്ചവനും അയയ്ക്കപ്പെട്ടവനുമുണ്ട്. രണ്ടും ഒന്നല്ല. ഒന്നാവുക സാധ്യവുമല്ല.

b. പറഞ്ഞവനും കേട്ടവനും ഉണ്ട്. കേട്ടവൻ കേട്ടതു മാത്രം പറയുന്നവനാണ്. അതിനാൽ രണ്ടു പേരും സമമല്ല. ദൈവം പറഞ്ഞവനും യേശു കേട്ടവനുമാകുന്നു.

c. യേശു സ്വയമായി ഒന്നും ചെയ്യുന്നവനല്ല. യേശുവിനെ അയച്ചവൻ ഉപദേശിച്ചതുപോലെ മാത്രം ചെയ്യുന്നവനും പറയുന്നവനുമാണ്. ഇവിടെ യേശുവും യേശുവിനെ അയച്ച ദൈവവും ഒരു പോലെയല്ല. സമന്മാരോ തുല്യരോ അല്ല.

d. യേശു സദാ തന്നെ അയച്ചവനെ പ്രസാദിപ്പിക്കാൻ കടപ്പെട്ടവനും

അതിനാൽ അങ്ങനെ ചെയ്യുന്നവനുമായിരുന്നു. പ്രസാദിക്കുന്നവനും പ്രസാദിപ്പിക്കുന്നവനും സമമല്ല. സമമാവുകയുമില്ല.

21. യേശു സ്വയം എന്തെങ്കിലും പറയുകയോ ചെയ്യുകയോ ഉണ്ടായില്ല. മറ്റെല്ലാ പ്രവാചകന്മാരെയും പോലെ ദൈവ നിർദേശമനുസരിച്ച് പ്രവർത്തിക്കുകയായിരുന്നു. "എനിക്കു സ്വതേ ഒന്നും ചെയ്യാൻ കഴിയുന്നതല്ല. ഞാൻ കേൾക്കുന്നതു പോലെ ന്യായം വിധിക്കുന്നു. ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രെ ചെയ്‌വാൻ ഇച്ഛിക്കുന്നതുകൊണ്ട് എന്റെ വിധി നീതിയുള്ളതാകുന്നു." (യോഹന്നാൻ 5: 30)

"എന്റെ ഉപദേശം എന്റേതല്ല. എന്നെ അയച്ചവന്റെതത്രെ. അവന്റെ ഇഷ്ടം ചെയ്യാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശം ദൈവത്തിൽനിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്ന് അറിയും. സ്വയമായി പ്രസ്താവിക്കുന്നവൻ സ്വന്തം മഹത്വം അന്വേഷിക്കുന്നു. തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവൻ സത്യവാൻ ആകുന്നു. നീതികേട് അവനിൽ ഇല്ല." (യോഹന്നാൻ 7: 16-18)

താൻ ദൈവമാണെന്ന ധാരണയോ വാദമോ യേശുവിന് ഉണ്ടായിരുന്നില്ലെന്ന് ഈ പ്രസ്താവം അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. യേശു തന്നെ പറയുന്നു: "എങ്കിലും എന്നെ അയച്ചവൻ സത്യവാൻ ആകുന്നു. അവനോട് കേട്ടതുതന്നെ ഞാൻ ലോകത്തോട് സംസാരിക്കുന്നു." (യോഹന്നാൻ 8: 26)

"എന്നെ കൈക്കൊള്ളുന്നവനോ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു."(ലൂക്കോസ് 9: 48)

"എന്നെ തള്ളുന്നവൻ എന്നെ അയച്ചവനെ തള്ളുന്നു."(ലൂക്കോസ് 10: 16)

മറ്റെല്ലാ മനുഷ്യരെയും പോലെ യേശുവിന് സ്വന്തമായൊരു കഴിവുമില്ലെന്നും ന്യായം വിധിക്കുന്നത് സ്വേഛപ്രകാരമല്ലെന്നും ദൈവേഛക്കനുസൃതമായും ദൈവ വിധിയനുസരിച്ചും മാത്രമാണെന്നും ഇത് അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. ബൈബിൾ വീണ്ടും പറയുന്നു: "മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ ഞാൻ ഞാൻ തന്നെയെന്നും ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ല, പ്രത്യുത എന്റെ പിതാവ് എന്നെ പഠിപ്പിച്ചതുപോലെ ഇക്കാര്യങ്ങൾ ഞാൻ സംസാരിക്കുന്നുവെന്നും നിങ്ങൾ മനസ്സിലാക്കും." (യോഹന്നാൻ 8: 28)

"പിതാവ് ചെയ്തുകാണുന്നതല്ലാതെ പുത്രന് സ്വതേ ഒന്നും ചെയ്‌വാൻ കഴിയുകയില്ല." (യോഹന്നാൻ 5: 19)

അതിനാൽ സർവശക്തനായ ദൈവവും സ്വയമൊന്നും ചെയ്യാൻ കഴിയാത്ത യേശുവും ഒന്നല്ല. ഒരേപോലെയോ സമന്മാരോ അല്ല. ദൈവവും അവന്റെ ഇഷ്ടം പിന്തുടരുന്നവനും തുല്യരല്ലല്ലോ.

താനും മറ്റു പ്രവാചകന്മാരെപ്പോലെയാണെന്ന് യേശുതന്നെ തുറന്നുപറഞ്ഞിട്ടുണ്ട്: "യോനാ നീനവേക്കാർക്ക് അടയാളം ആയതുപോലെ

മനുഷ്യപുത്രൻ ഈ തലമുറക്കും ആകും."(ലൂക്കോസ് 11: 30)

22. അതുകൊണ്ടുതന്നെ യേശുവും പ്രവാചകൻ എന്ന് സംബോധന ചെയ്യപ്പെട്ടിരുന്നു. "സ്ത്രീ അവനോട്, യജമാനനേ, നീ പ്രവാചകൻ എന്നു ഞാൻ കാണുന്നു." (യോഹന്നാൻ 4: 19)

യേശുവിന്റെ കരസ്പർശത്താൽ കാഴ്ചശക്തി തിരിച്ചുകിട്ടിയ വ്യക്തി പോലും യേശു ദൈവമാണെന്നല്ല; പ്രവാചകനാണെന്നാണ് പറഞ്ഞത്: "അവർ പിന്നെയും കുരുടനോട്: നിന്റെ കണ്ണ് തുറന്നതുകൊണ്ട് നീ അവനെക്കുറിച്ച് എന്തു പറയുന്നുവെന്ന് ചോദിച്ചതിന്ന്; അവൻ(യേശു) ഒരു പ്രവാചകൻ എന്ന് അവൻ പറഞ്ഞു."(യോഹന്നാൻ 9: 17)

"അവൻ(യേശു) ചെയ്ത അടയാളം ആളുകൾ കണ്ടിട്ട്; ലോകത്തിലേക്ക് വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു, സത്യം എന്നു പറഞ്ഞു." (യോഹന്നാൻ 6: 14)

"അവൻ യരൂശലേമിൽ കടന്നപ്പോൾ നഗരം മുഴുവനും ഇളകി. ഇവൻ ആർ എന്നു പറഞ്ഞു. ഇവൻ ഗലീലിയായിലെ നസറേത്തിൽനിന്നുള്ള പ്രവാചകനായ യേശു എന്ന് പുരുഷാരം പറഞ്ഞു." (മത്തായി 21: 10,11)

23. യേശു എല്ലാവർക്കും കാണാനും തൊടാനും കഴിയുമാറ് മനുഷ്യർക്കിടയിൽ ജീവിച്ചു. എന്നാൽ ദൈവം അദൃശ്യനത്രെ. അവനെ ആർക്കും കാണാനാവില്ല. ദൈവം അറിയിക്കുന്നു: "എന്നാൽ നിനക്ക് എന്റെ മുഖം കാണാനാവില്ല. എന്നെ കാണുന്ന മനുഷ്യൻ ജീവനോടെ ഇരിക്കയില്ല." (പുറപ്പാട് 33: 20)

"നിങ്ങൾ അവന്റെ ശബ്ദം ഒരു നാളും കേട്ടിട്ടില്ല. അവന്റെ രൂപം കണ്ടിട്ടില്ല." (യോഹന്നാൻ 5: 37)

24. യേശുവിനെ മനുഷ്യപുത്രൻ എന്ന് ബൈബിൾ 83 തവണ വിശേഷിപ്പിച്ചിരിക്കുന്നു. അതിൽ 75 തവണ യേശു തന്നെ സ്വന്തത്തെ മനുഷ്യപുത്രനെന്ന് പ്രയോഗിച്ചിരിക്കുന്നു. ദൈവപുത്രൻ എന്ന് വിശേഷിപ്പിക്കപ്പെട്ടത് 41 തവണയാണ്. എന്നാൽ അതിൽ അഞ്ച് സ്ഥലത്ത് മാത്രമേ മറ്റുള്ളവർ അവ്വിധം വിശേഷിപ്പിക്കുകയും യേശു അത് അംഗീകരിക്കുകയും ചെയ്തതായുള്ളൂ. യോഹന്നാനിൽ നാലിടത്തും ലൂക്കോസിൽ ഒരു സ്ഥലത്തും.

25. യേശുവെ സമകാലിക സമൂഹം മനുഷ്യനായാണ് കണക്കാക്കിയിരുന്നത് എന്ന് ബൈബിൾ പ്രസ്താവിക്കുന്നു. "അവൻ എഴുന്നേറ്റ് വീട്ടിൽ പോയി. പുരുഷാരം അതു കണ്ട് ഭയപ്പെട്ടു. മനുഷ്യർക്ക് ഇങ്ങനെയുള്ള അധികാരം കൊടുത്ത ദൈവത്തെ മഹത്വപ്പെടുത്തി. (മത്തായി 9: 7, 8)

മരണാനന്തരം പരലോകത്ത് ഉയർത്തെഴുന്നേൽക്കുമ്പോഴും താൻ മനുഷ്യപുത്രനായിരിക്കുമെന്ന യേശുവിന്റെ പ്രസ്താവവും ഈ വസ്തുതയാണ് വ്യക്തമാക്കുന്നത്: "യേശു അവരോടു പറഞ്ഞതു: എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ടു

സിംഹാസനത്തിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിന്നും ന്യായം വിധിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു."(മത്തായി 19: 28).

I. താൻ ദൈവമാണെന്നോ, തന്നെയാണ് ആരാധിക്കേണ്ടതെന്നോ യേശു ഒരിക്കലും പറഞ്ഞിട്ടില്ല. എന്നല്ല, പിതാവാണ് കർത്താവായ ഏക ദൈവമെന്നും അവനെയാണ് കീർത്തിക്കേണ്ടതെന്നും അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുമുണ്ട്. അപ്രകാരം തന്നെ ദൈവം മൂന്നാണെന്നോ മൂന്നും ചേർന്ന ഒന്നാണെന്നോ ബൈബിളിലെവിടെയുമില്ല. ഖുർആൻ അത്തരം അബദ്ധ ധാരണ ഖണ്ഡിക്കുകയും ചെയ്യുന്നു:

"വേദക്കാരേ, സ്വമതത്തിൽ അതിരുകവിയാതിരിക്കുക. സത്യമല്ലാത്തതൊന്നും ദൈവത്തിന്റെ പേരിൽ ആരോപിക്കാതിരിക്കുക. മർയമിന്റെ പുത്രൻ ഈസാ മസീഹ് ഒരു ദൈവദൂതനും ദൈവം മർയമിലേക്കയച്ച ഒരു വചനവുമല്ലാതെ മറ്റൊന്നുമല്ല. ദൈവത്തിങ്കൽനിന്നുള്ള ഒരാത്മാവും. നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക. ത്രിത്വം വാദിക്കാതിരിക്കുക. അതിൽനിന്ന് വിരമിക്കുക. അതാണ് നിങ്ങൾക്കുത്തമം. അല്ലാഹു ഏകനാകുന്നു. പുത്രനുണ്ടായിരിക്കുന്നതിൽനിന്ന് ഏറെ അതീതമാം വണ്ണം അവനെത്രയോ പരിശുദ്ധനത്രെ. ആകാശഭൂമികളിലുള്ളതൊക്കെയും അവന്റേതാണ്. അവയുടെ കൈകാര്യത്തിനും മേൽനോട്ടത്തിനും അവൻ തന്നെ ധാരാളം മതി."(4: 171)

"മർയമിന്റെ മകൻ മസീഹ് തന്നെയാകുന്നു ദൈവം' എന്നു പറഞ്ഞവർ തീർച്ചയായും നിഷേധികളായിരിക്കുന്നു. നബിയേ, അവരോട് ചോദിക്കുക: മർയമിന്റെ പുത്രൻ മസീഹിനെയും അദ്ദേഹത്തിന്റെ മാതാവിനെയും ഭൂവാസികളെ മുഴുവനുമായും നശിപ്പിക്കാൻ ദൈവം തീരുമാനിച്ചാൽ അവനെ ആ തീരുമാനത്തിൽനിന്ന് വ്യതിചലിപ്പിക്കാൻ കഴിവുള്ള ആരുണ്ട്? ദൈവം ആകാശഭൂമികളുടെയും അവയ്ക്കിടയിലുള്ള സകലതിന്റെയും അധിപനാകുന്നു. താനിഛരിക്കുന്നതെന്തും അവൻ സൃഷ്ടിക്കുന്നു. അവൻ എല്ലാറ്റിനും കഴിവുറ്റവനത്രെ."(5: 17)

"മർയമിന്റെ പുത്രൻ മസീഹ് ദൈവം തന്നെയാണ് എന്നു വാദിച്ചവർ തീർച്ചയായും സത്യനിഷേധികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞതോ 'ഇസ്രായേൽ വംശമേ, എന്റെയും നിങ്ങളുടെയും നാഥനായ ദൈവത്തെ നിങ്ങൾ വണങ്ങി, വഴങ്ങി ജീവിക്കുക' എന്നത്രെ. അല്ലാഹുവിന് പങ്കാളികളെ ആരോപിക്കുന്നവന് ദൈവം സ്വർഗം വിലക്കിയിരിക്കുന്നു. നരകമാണവന്റെ വാസസ്ഥലം. അത്തരം അധർമികൾക്ക് ഒരു സഹായിയെയും ലഭിക്കുന്നതല്ല."(5: 72)

"ദൈവം മൂവരിൽ ഒരുവനാകുന്നു എന്നു വാദിച്ചവരും തീർച്ചയായും സത്യനിഷേധികളായിരിക്കുന്നു. എന്തെന്നാൽ ഏക ദൈവമല്ലാതെ മറ്റൊരു ദൈവവുമില്ല. തങ്ങളുടെ ഇത്തരം വാദങ്ങളിൽനിന്നവർ വിരമിച്ചില്ലെങ്കിൽ, അവരിൽ നിഷേധികളായവരെ വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും." (5: 73)

“അവർ പറയുന്നു: ദൈവം പുത്രനെ വരിച്ചിരിക്കുന്നു; എന്നാൽ അത്തരം കാര്യങ്ങളിൽ നിന്നെല്ലാം അവനെത്രയോ പരിശുദ്ധൻ. ആകാശ ഭൂമികളിലുള്ളതെല്ലാം അവന്റെ അധീനത്തിലാകുന്നു. എല്ലാം അവനെ വണങ്ങുന്നവയും”(2: 116). “പറയുക; ആരെയും പുത്രനായി വരിക്കാത്ത ദൈവത്തിനത്രെ സർവസ്തുതിയും. ആധിപത്യത്തിൽ അവന്നൊരു പങ്കാളിയുമില്ല. രക്ഷിക്കാൻ ഒരു സഹായി വേണ്ടിവരും വിധമൊരു ദൗർബല്യവും അവന്നില്ല. അതിനാൽ അവന്റെ മഹത്ത്വത്തെ വാഴ്ത്തിക്കൊണ്ടിരിക്കുക.” (17: 111)

“കരുണാവാരിധിയായ ദൈവം പുത്രനെ വരിച്ചിരിക്കുന്നുവെന്ന് അവർ ജല്പിക്കുന്നു. അതിമൂഢമായ ജല്പനമാണ് നിങ്ങൾ നടത്തിയിരിക്കുന്നത്. കരുണാമയനായ ദൈവത്തിന് പുത്രനുണ്ടെന്ന വാദം ആകാശം പൊട്ടിപ്പിളരാനും ഭൂമി പിളർന്നു പോകാനും പർവതങ്ങൾ തകർന്നു തരിപ്പണമാകാനും പോന്നതത്രെ. ആരെയെങ്കിലും പുത്രനായി സ്വീകരിക്കുകയെന്നത് കാരുണികനായ ദൈവത്തിനു ഒട്ടും ചേർന്നതേയല്ല.” (19: 88-92)

“ദൈവം ആരെയും പുത്രന്മാരായി വരിച്ചിട്ടില്ല. അവന്റെ കൂടെ വേറൊരു ദൈവവുമില്ല. (23:91)

“ദൈവം ആരെയും സഹധർമിണിയോ സന്താനമോ ആക്കിയിട്ടില്ല.” (72:3)

പുനരുത്ഥാന നാളിലെ വിചാരണാ വേളയിൽ യേശുവിനോട് അദ്ദേഹത്തെയും മാതാവിനെയും ആരാധ്യരാക്കിയതിനെ സംബന്ധിച്ച് ചോദ്യം ചെയ്യുമെന്നും അനുയായികളെന്നവകാശപ്പെടുന്നവരുടെ പ്രവൃത്തിയുടെ ഉത്തരവാദിത്വം അദ്ദേഹം ഏറ്റെടുക്കുകയില്ലെന്നും വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു: “അല്ലാഹു ചോദിക്കും ഓ, മർയമിന്റെ പുത്രൻ ഈസാ, ‘ദൈവത്തെക്കൂടാതെ, എന്നെയും എന്റെ മാതാവിനെയും രണ്ട് ആരാധ്യരായി വരിക്കുവിൻ’ എന്ന് നീ ജനങ്ങളോട് പറഞ്ഞിട്ടുണ്ടായിരുന്നോ? അപ്പോൾ അദ്ദേഹം മറുപടി പറയും: നീ എത്ര പരിശുദ്ധൻ! എനിക്ക് അധികാരമില്ലാത്തത് പറയുക എന്റെ രീതിയായിരുന്നില്ല. ഞാനത് പറഞ്ഞിട്ടുണ്ടെങ്കിൽ തീർച്ചയായും നീയത് അറിഞ്ഞിട്ടുണ്ടാവുമല്ലോ. എന്റെ മനസ്സിലുള്ളതൊക്കെയും നീ അറിയുന്നു. നിന്നിലുള്ളതോ ഞാനറിയുന്നുമില്ല. നീ അദൃശ്യ സത്യങ്ങളൊക്കെയും അറിയുന്നവനല്ലോ. നീ എന്നോട് കല്പിച്ചിട്ടുള്ളതല്ലാത്തതൊന്നും ഞാൻ അവരോട് പറഞ്ഞി

ട്ടില്ല. അതായത് എന്റെ നാഥനും നിങ്ങളുടെ നാഥനുമായ ദൈവത്തിന് വണങ്ങി, വഴങ്ങി, വിധേയമായി ജീവിക്കുക എന്ന്. ഞാൻ അവരിലുണ്ടായിരുന്ന കാലത്തോളം ഇക്കാര്യത്തിൽ ഞാനവരുടെ മേൽ സാക്ഷിയായിരുന്നു. നീ എന്നെ തിരിച്ചുവിളിച്ചപ്പോഴോ, അവരുടെ നിരീക്ഷകൻ നീ തന്നെ ആയിരുന്നുവല്ലോ. നീ സകല സംഗതികൾക്കും സാക്ഷിയാകുന്നു."(5: 116, 117)

സമാനമായ ആശയമുൾക്കൊള്ളുന്ന യേശുവിന്റെ പ്രസ്താവം ബൈബിളിലുമുണ്ട്: "കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യ പ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോട്: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല. അധർമം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും." (മത്തായി 7: 22, 23)

അധ്യായം നാല്

# തെറ്റിദ്ധാരണയ്ക്കിടവരുത്തിയ പ്രയോഗങ്ങൾ

**യേ**ശു സംസാരിച്ചത് അരാമിക് ഭാഷയിലായിരുന്നു. എന്നാൽ സുവിശേഷങ്ങൾ എഴുതപ്പെട്ടത് ഗ്രീക്കു ഭാഷയിലാണ്. അവ ആദ്യം രചിക്കപ്പെട്ട മൂലരേഖകളുടെ കോപ്പികൾ ഇന്നെവിടെയും ലഭ്യമല്ല. അതിനാൽ യേശുവിലൂടെ ലഭ്യമായ സന്ദേശങ്ങൾ അതേപടി കാണാനും വായിക്കാനും ആർക്കും സാധ്യമല്ലാത്തവിധം അവ അപ്രത്യക്ഷമായിരിക്കുന്നു. പരിഭാഷകളെ മാത്രം അവലംബിച്ച് വസ്തുതകളെ യഥാവിധി ഗ്രഹിക്കുക പ്രായോഗികമല്ല. പരിഭാഷകളിലെ പ്രയോഗങ്ങളുടെ മൂലം ഏതാണെന്നറിയാത്തേടത്തോളം കാലം അവയുടെ ഉദ്ദേശ്യങ്ങളെ സംബന്ധിച്ച അവ്യക്തതകളും അബദ്ധധാരണകളും നിലനിൽക്കാൻ വളരെയേറെ സാധ്യതകളുണ്ട്. അതോടൊപ്പം നിലവിലുള്ള സുവിശേഷങ്ങൾ യേശുവിന്റെ വിയോഗാനന്തരം അര നൂറ്റാണ്ടെങ്കിലും പിന്നിട്ട ശേഷം രചിക്ക

പ്പെട്ടവയാണ്. അവയുടെ ക്രോഡീകരണവും അംഗീകാരവും മൂന്നേകാൽ നൂറ്റാണ്ടിനു ശേഷമാണുണ്ടായത്. ബൈബിളിലെ ചില പ്രയോഗങ്ങളും പദങ്ങളും ഇക്കാരണങ്ങളാൽ ഗുരുതരമായ തെറ്റിദ്ധാരണകൾക്കിട വരുത്തുകയുണ്ടായി.

1. ദൈവദൂതനായ മോശെയെ ബൈബിൾ ദൈവമെന്ന് പ്രയോഗിച്ചതായി കാണാം: "അവൻ കർത്താവേ, നിനക്കു ബോധിച്ച മറ്റാരെയെങ്കിലും അയക്കേണമേയെന്നു പറഞ്ഞു. അപ്പോൾ യഹോവയുടെ കോപം മോശയുടെ നേരെ ജ്വലിച്ചു. അവൻ അരുളി ചെയ്തു: ലേവ്യനായ അഹരോൻ നിന്റെ സഹോദരനല്ലെയോ? അവൻ നല്ലവണ്ണം സംസാരിക്കുമെന്നു ഞാനറിയുന്നു. അവൻ നിന്നെ എതിരേൽക്കാൻ പുറപ്പെട്ടുവരുന്നു. നിന്നെ കാണുമ്പോൾ അവൻ ഹൃദയത്തിൽ ആനന്ദിക്കും. നീ അവനോടു സംസാരിച്ച് അവനു വാക്കു പറഞ്ഞു കൊടുക്കണം. ഞാൻ നിന്റെ വായോടും അവന്റെ വായോടും കൂടെ ഇരിക്കും. നിങ്ങൾ ചെയ്യേണ്ടുന്നത് ഉപദേശിച്ചുതരും. നിനക്കു പകരം അവൻ ജനത്തോടു സംസാരിക്കും. അവൻ നിനക്കു വായായിരിക്കും. നീ അവന്നു ദൈവവും ആയിരിക്കും. അടയാളങ്ങൾ പ്രവർത്തിക്കേണ്ടതിന്ന് ഈ വടിയും നിന്റെ കൈയിൽ എടുത്തുകൊൾക."(പുറപ്പാട് 4: 13-17)

2. ബൈബിൾ ദൈവത്തെ പിതാവെന്നും ദൈവത്തിന്റെ ദൂതന്മാരെയും സച്ചരിതരായ ദാസന്മാരെയും പുത്രനെന്നും വിശേഷിപ്പിച്ചിരിക്കുന്നു. പഴയ നിയമത്തിലിങ്ങനെ കാണാം:

"നീ ഫറവോനോടു:"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: യിസ്രായേൽ എന്റെ പുത്രൻ. എന്റെ ആദ്യജാതൻതന്നെ."(പുറപ്പാട്: 4: 22)

"ഞാൻ അവന്ന്(സോളമന്) പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും."(സാമുവേൽ 7: 14)

"ഞാൻ ഇസ്രായീലിന്നു പിതാവാണ്. എഫ്രയീം എന്റെ ആദ്യജാതനും."(യിരെമ്യാവ് 31: 9)

"നീ (ദാവീദ്) എന്റെ പുത്രനാണ്. ഇന്നു ഞാൻ നിനക്കു ജന്മം നൽകി."(സങ്കീർത്തനങ്ങൾ 2: 7)

"മനുഷ്യൻ ഭൂമിയിൽ പെരുകിത്തുടങ്ങി. അവർക്കു പുത്രിമാർ ജനിച്ചപ്പോൾ ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യമുള്ളവരെന്ന് കണ്ടിട്ട് തങ്ങൾക്കു ബോധിച്ച ഏവരെയും ഭാര്യമാരായി എടുത്തു."(ഉല്പത്തി 6: 1, 2)

"നിങ്ങൾ നിങ്ങളുടെ ദൈവമായ യഹോവക്കു മക്കൾ ആകുന്നു." (ആവർത്തനപുസ്തകം 14: 1)

"ഞാൻ ഒരു നിർണയം പ്രസ്താവിക്കുന്നു: യഹോവ എന്നോട് അരുളിച്ചെയ്യുന്നത് നീ എന്റെ പുത്രൻ. ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു."(സങ്കീർത്തനങ്ങൾ 2: 7)

"നിങ്ങൾ ദേവന്മാർ ആകുന്നു എന്നും നിങ്ങൾ ഒക്കെയും അത്യുന്നതന്റെ പുത്രൻമാർ എന്നു ഞാൻ പറഞ്ഞു."(സങ്കീർത്തനങ്ങൾ 82: 6)

“അവൻ എന്റെ നാമത്തിനു ഒരു ആലയം പണിയും; അവൻ എനിക്കു മകനായും ഞാൻ അവന്നു അപ്പനായും ഇരിക്കും. (1 ദിനവൃത്താന്തം 22:10)

“ഞാൻ അവന്നു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും.”(1 ദിനവൃത്താന്തം 17: 13)

“നിങ്ങൾ(യിസ്രായേൽ മക്കൾ) ജീവനുള്ള ദൈവത്തിന്റെ മക്കൾ എന്നു അവരോടു പറയും.”(ഹോശേയ 1: 10)

ബൈബിൾ പുതിയ നിയമത്തിലും ഇത്തരം പ്രയോഗങ്ങൾക്ക് ഒട്ടും കുറവില്ല.

“ശേത്ത് ആദാമിന്റെ മകൻ. ആദം ദൈവത്തിന്റെ മകൻ.”(ലൂക്കോസ് 3: 38)

“സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും.”(മത്തായി 5: 9)

“അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു.” (യോഹന്നാൻ 1: 12)

“ഞാൻ സത്യം പറയുന്നു. എങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കാത്തതു എന്ത്? ദൈവസന്തതിയായവൻ ദൈവവചനം കേൾക്കുന്നു; നിങ്ങൾ ദൈവസന്തതിയല്ലായ്ക കൊണ്ടു കേൾക്കുന്നില്ല.” (യോഹന്നാൻ 8: 46, 47)

“ദൈവത്തിന്റെ അരുളപ്പാടു ഉണ്ടായിട്ടുള്ളവരെ ദേവന്മാർ എന്നു പറഞ്ഞു എങ്കിൽ - തിരുവെഴുത്തിനു നീക്കം വന്നു കൂടായല്ലോ-ഞാൻ ദൈവത്തിന്റെ പുത്രൻ എന്നു പറഞ്ഞതുകൊണ്ടു: നീ ദൈവദൂഷണം പറയുന്നു എന്നു പിതാവു വിശുദ്ധീകരിച്ചു ലോകത്തിൽ അയച്ചവനോടു നിങ്ങൾ പറയുന്നുവോ?”(യോഹന്നാൻ 11: 35, 36)

“നിങ്ങളോ ശത്രുക്കളെ സ്നേഹിപ്പിൻ. അവർക്കു നന്മ ചെയ്വിൻ, ഒന്നും പകരം ഇഛിക്കാതെ കടം കൊടുപ്പിൻ; എന്നാൽ നിങ്ങളുടെ പ്രതിഫലം വളരെ ആകും; നിങ്ങൾ അത്യുന്നതന്റെ മക്കൾ ആകും.”(ലൂക്കോസ് 6:35)

“അവർ പുനരുത്ഥാന പുത്രന്മാർ ആകയാൽ ദൈവതുല്യരും ദൈവപുത്രന്മാരും ആകുന്നു.”(ലൂക്കോസ് 20: 36)

“യേശു അവളോട്: എന്നെ തൊടരുത്; ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല; എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു; എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്നു അവരോടു പറയുക എന്നു പറഞ്ഞു:”(യോഹന്നാൻ 20: 17)

ഇവിടെ പിതാവ്, പുത്രൻ; അപ്പൻ, മകൻ എന്നീ പ്രയോഗങ്ങൾ പരിഭാഷയുടെ പ്രശ്നമാകാനാണ് സാധ്യത. ഖുർആനിലെ നാഥൻ, നിയന്താവ്, രക്ഷിതാവ് എന്നീ അർഥം വരുന്ന ‘റബ്ബ്’ എന്നതിന്റെ പരിഭാഷ

യാണ് പിതാവ് എന്നത്. ഇക്കാര്യം മത്തായിയിലെ അനുശാസനം അസന്നിഗ്ദമായി തെളിയിക്കുന്നു: "മനുഷ്യർ റബ്ബി എന്നു വിളിക്കുന്നതും അവർക്കു പ്രിയങ്കരമാകുന്നു. നിങ്ങളോ റബ്ബീ എന്ന പേർ എടുക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു. നിങ്ങളോ എല്ലാവരും സഹോദരന്മാർ. ഭൂമിയിൽ ആരെയും പിതാവ് എന്നു വിളിക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ്, സ്വർഗസ്ഥൻ തന്നെ. (മത്തായി 23: 9)

മരണാനന്തരം പരലോകത്ത് ഉയർത്തെഴുന്നേൽക്കുമ്പോഴും താൻ മനുഷ്യപുത്രനായിരിക്കുമെന്ന യേശുവിന്റെ പ്രസ്താവവും ഈ വസ്തുതയാണ് വ്യക്തമാക്കുന്നത്: "യേശു അവരോടു പറഞ്ഞതു: എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ടു സിംഹാസനത്തിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിന്നും ന്യായം വിധിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു."(മത്തായി 19: 28).

ഖുർആനിലും ദൈവത്തെ നിരവധി സ്ഥലങ്ങളിൽ രക്ഷിതാവ് എന്ന അർഥത്തിൽ 'റബ്ബ്' എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. മൂലം നഷ്ടപ്പെട്ട് പരിഭാഷ മാത്രമാണ് ഉണ്ടായിരുന്നതെങ്കിൽ ബൈബിളിലെ പിതാവ്-പുത്ര പ്രയോഗം സൃഷ്ടിച്ച ആശയക്കുഴപ്പം ഖുർആന്റെ കാര്യത്തിലും സംഭവിക്കുമായിരുന്നു. എന്നാൽ ഖുർആന്റെ സംരക്ഷണവും സുരക്ഷിതത്വവും ദൈവം വാഗ്ദാനം ചെയ്ത കാര്യമായതിനാൽ അതിനുള്ള വിദൂര സാധ്യത പോലുമില്ല. പുത്രൻ എന്ന പ്രയോഗം ഖുർആനിലെ ദാസൻ(അബ്ദ്) എന്നതിനു പകരമാണ്. ദൈവത്തിനു ജനിച്ചവൻ എന്ന അർഥത്തിലല്ല; ദൈവത്തിന്റെ സൃഷ്ടി എന്ന നിലയിലാണ്. യേശുവിനെയെന്ന പോലെ ഇതര ദൈവദൂതന്മാരെയും സച്ചരിതരായ ദൈവദാസന്മാരെയും ബൈബിൾ പുത്രനെന്നാണ് വിശേഷിപ്പിക്കുന്നത്. പരിഭാഷയിലെ ഈ പദപരമായ പ്രശ്നം ഗുരുതരമായ തെറ്റിദ്ധാരണകൾക്കിട വരുത്തുകയുണ്ടായി.

3. ബൈബിൾ ഗബ്രിയേൽ മാലാഖയെ പരിശുദ്ധാത്മാവ് എന്നാണ് വിശേഷിപ്പിക്കുന്നത്. മത്തായി 1:18-ലെ വാക്യവും ലൂക്കോസ് 1:24-31 വാക്യങ്ങളും ചേർത്തുവായിച്ചാൽ ഇക്കാര്യം സംശയാതീതമായി ബോധ്യമാകും.

"ആറാം മാസത്തിൽ ദൈവം ഗബ്രിയേൽ ദൂതനെ നസറെത്ത് എന്ന ഗലീല പട്ടണത്തിൽ ദാവീദ് ഗൃഹത്തിലുള്ള യോസേഫ് എന്നൊരു പുരുഷന്നു വിവാഹം നിശ്ചയിച്ചിരുന്ന കന്യകയുടെ അടുക്കൽ അയച്ചു. ആ കന്യകയുടെ പേർ മറിയ എന്നു ആയിരുന്നു. ദൂതൻ അവളുടെ അടുക്കൽ അകത്തു ചെന്നു; കൃപ ലഭിച്ചവളേ, നിനക്കു വന്ദനം. കർത്താവ് നിന്നോട് കൂടെ ഉണ്ട് എന്നു പറഞ്ഞു. അവൾ ആ വാക്കു കേട്ടു ഭ്രമിച്ചു. ഇതു എന്തു വന്ദനം എന്നു വിചാരിച്ചു. ദൂതൻ അവളോടു: മറിയയേ, ഭയപ്പെടേണ്ട. നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ചു

ഒരു മകനെ പ്രസവിക്കും; അവന് യേശു എന്നു പേർ വിളിക്കണം. അവൻ വലിയവൻ ആകും." (ലൂക്കോസ് 1: 24–31)

"എന്നാൽ യേശു ക്രിസ്തുവിന്റെ ജനനം ഈ വണ്ണം ആയിരുന്നു. അവന്റെ അമ്മയായ മറിയ യോസേഫിന്നു വിവാഹം നിശ്ചയിക്കപ്പെട്ട ശേഷം അവർ കൂടിവരുംമുമ്പെ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു." (മത്തായി 1: 18)

മറിയയെ യേശുവിന്റെ ജനനവാർത്ത അറിയിച്ചത് ഗബ്രിയേൽ മാലാഖയാണെന്ന് ഖുർആനും വ്യക്തമാക്കുന്നു. ബൈബിളിലെന്നപോലെ ഖുർആനിലും നിരവധി സ്ഥലങ്ങളിൽ ഗബ്രിയേൽ മാലാഖയെ ആത്മാവ് (റൂഹ്. ഖുർആൻ 97: 4, 78: 38, 70: 4) വിശ്വസ്താത്മാവ്, (റൂഹുൽ അമീൻ 26: 193) പരിശുദ്ധാത്മാവ്(റൂഹുൽ ഖുദ്സ് 16:102) എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. പരിശുദ്ധാത്മാവ് ദൈവമോ ദൈവത്തിന്റെ പ്രതിരൂപമോ ഭാഗമോ അല്ലെന്ന് ബൈബിളിലെയും ഖുർആനിലെയും ഈ പരാമർശങ്ങൾ അസന്നിഗ്ധമായി വ്യക്തമാക്കുന്നു. മുഹമ്മദുനബിക്ക് ദിവ്യസന്ദേശം എത്തിച്ചുകൊടുത്ത ഗബ്രിയേൽ മാലാഖയെ ഖുർആൻ വിശേഷിപ്പിച്ചത് പരിശുദ്ധാത്മാവ്, വിശ്വസ്താത്മാവ് എന്നെല്ലാമാണ്.

"ഇത് സർവലോകത്തിന്റെയും നാഥൻ അവതരിപ്പിച്ച സന്ദേശമാകുന്നു. അതുമായി വിശ്വസ്തനായ ആത്മാവ് നിന്റെ മനസ്സിലിറങ്ങി. നീ മുന്നറിയിപ്പ് നൽകുന്നവരിലുൾപ്പെടാൻ വേണ്ടി; തെളിഞ്ഞ അറബി ഭാഷയിൽ. പൂർവ്വ ജനങ്ങളുടെ വേദങ്ങളിലും ഇതുണ്ട്."(ഖുർആൻ 26: 192 –196)

"പറയുക: ഈ ഗ്രന്ഥം കണിശമായും പരിശുദ്ധാത്മാവ്, എന്റെ നാഥനിൽനിന്ന് ഘട്ടം ഘട്ടമായി അവതരിപ്പിച്ചതാണ്. വിശ്വാസം സ്വീകരിച്ചവരുടെ വിശ്വാസം ദൃഢീകരിക്കാനും അനുസരണമുള്ളവർക്കു ജീവിത വ്യവഹാരങ്ങളിൽ നേരായ വഴി കാണിച്ചുകൊടുക്കുന്നതിനും വിജയ സൗഭാഗ്യങ്ങളുടെ സുവാർത്ത അറിയിക്കുന്നതിനും വേണ്ടി."(ഖുർആൻ 16:102)

പരിശുദ്ധാത്മാവ് ഗബ്രിയേൽ മാലാഖയാണെന്ന വസ്തുത ഗ്രഹിക്കാതെ പോയത് ഗുരുതരമായ തെറ്റിദ്ധാരണകൾക്കും വിശ്വാസവ്യതിയാനങ്ങൾക്കും നിമിത്തമാവുകയുണ്ടായി.

4. യോഹന്നാനിലെ "ഞാൻ നിങ്ങളോടു പറയുന്നു: അബ്രഹാം ജനിച്ചതിനു മുമ്പെ ഞാൻ ഉണ്ടു എന്നു പറഞ്ഞു" (8: 58) എന്ന വാക്യവും യേശു അനാദിയായ ദൈവമാണെന്ന തെറ്റിദ്ധാരണ ചിലരിലെല്ലാം വളർത്താൻ കാരണമാവുകയുണ്ടായി. എന്നാൽ ബൈബിളിലെ തന്നെ മറ്റു ചില പരാമർശങ്ങൾ പരിശോധിച്ചാൽ ഈ അബദ്ധ ധാരണക്ക് അറുതി വരുത്താൻ സാധിക്കും.

ദാവീദി മകനായ ശലോമോന്റെ സദൃശ വാക്യങ്ങളിലിങ്ങനെ കാണാം: "യഹോവ പണ്ടുപണ്ടേ തന്റെ വഴിയുടെ ആരംഭമായി, തന്റെ പ്രവൃത്തികളുടെ ആദ്യമായി എന്നെ ഉളവാക്കി. ഞാൻ പുരാതനമേ, ആദിയിൽതന്നേ, ഭൂമിയുടെ ഉൽപത്തിക്കുമുമ്പേ, നിയമിക്കപ്പെട്ടിരിക്കുന്നു. ആഴ

ങ്ങൾ ഇല്ലാതിരുന്നപ്പോൾ ഞാൻ ജനിച്ചിരിക്കുന്നു; വെള്ളം നിറഞ്ഞ ഉറവുകൾ ഇല്ലാതിരുന്നപ്പോൾ തന്നേ. പർവതങ്ങളെ സ്ഥാപിച്ചതിന്നു മുമ്പെയും കുന്നുകൾക്കു മുമ്പെയും ഞാൻ ജനിച്ചിരിക്കുന്നു. അവൻ ഭൂമിയെയും വയലുകളെയും ഭൂതലത്തിൽ പൊടിയുടെ തുകയെയും ഉണ്ടാക്കീട്ടില്ലാത്ത സമയത്തുതന്നേ. അവൻ ആകാശത്തെ ഉറപ്പിച്ചപ്പോൾ ഞാൻ അവിടെ ഉണ്ടായിരുന്നു."(സദൃശ വാക്യങ്ങൾ 8: 22-27)

എബ്രായർക്കു എഴുതിയ ലേഖനത്തിൽ മൽക്കീ സേദെക് എന്നൊരാളെക്കുറിച്ച് ഇങ്ങനെ കാണാം: "അവന്നു പിതാവില്ല, മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനവും ഇല്ല; അവൻ ദൈവപുത്രനു തുല്യനായി എന്നേക്കും പുരോഹിതനായിരിക്കുന്നു."(7: 3)

അബ്രഹാമിനു മുമ്പെ താനുണ്ടായിരുന്നുവെന്ന യേശുവിന്റെ പ്രസ്താവം- യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേ ഇതുള്ളൂവെന്നത് പ്രത്യേകം പ്രസ്താവ്യമത്രെ- യേശു ദൈവമാണെന്നതിനുള്ള തെളിവാണെങ്കിൽ ശലോമോനും മൽക്കീ സേദെക്കുമൊക്കെ ദൈവങ്ങളാണെന്ന് സമ്മതിക്കേണ്ടിവരും. യഥാർഥത്തിൽ ഇതെല്ലാം മനുഷ്യരെ ഭൂമിയിലേക്ക് അയക്കും മുമ്പെ അവരുടെ ആത്മാക്കളെ സൃഷ്ടിച്ചതിനെ സംബന്ധിച്ച പ്രസ്താവമാകാനാണ് സാധ്യത. അവ്വിധം മനുഷ്യാത്മാക്കളെ ഒരുമിച്ചുകൂട്ടി അവരിൽനിന്ന് കരാർ വാങ്ങിയതായി ഖുർആൻ വ്യക്തമാക്കുന്നുണ്ട്:

"ആദമിന്റെ സന്തതികളിൽനിന്ന് തലമുറതലമുറകളെ വലിച്ചൂരിയെടുത്ത് അവരെ തങ്ങളുടെ മേൽ സ്വയം സാക്ഷികളാക്കിക്കൊണ്ട് നിന്റെ നാഥൻ ചോദിച്ചു: "നിങ്ങളുടെ നാഥൻ ഞാനല്ലയോ?" അവർ പറഞ്ഞു: "തീർച്ചയായും നീ തന്നെയാകുന്നു ഞങ്ങളുടെ രക്ഷിതാവ്. ഞങ്ങളതിനു സാക്ഷികളായിരിക്കുന്നു."(ഖുർആൻ 7: 172)

5. യോഹന്നാൻ 14: 11, 10: 30, 1: 18 വാക്യങ്ങളും ഗുരുതരമായി തെറ്റിദ്ധാരണക്ക് നിമിത്തമാവുകയുണ്ടായി.

"ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു." (യോഹന്നാൻ 1: 18)

'മടിയിലിരിക്കുന്ന' എന്ന പ്രയോഗവും 'വെളിപ്പെടുത്തി' എന്ന പരാമർശവുമാണ് തെറ്റിദ്ധാരണക്കു ഇടം നൽകിയത്. ദൈവം മനുഷ്യരെപ്പോലെ പദാർഥ നിഷ്ഠനാണെന്നും ദൈവത്തിനു മനുഷ്യർക്കെന്നപോലെ തുടയും മടിയുമൊക്കെയുണ്ടെന്നും ദൈവവിശ്വാസികളാരും വാദിക്കുകയില്ലല്ലോ. അതിനാലിത് തീർത്തും ആലങ്കാരിക പ്രയോഗമാണെന്ന് അല്പം ആലോചിക്കുന്ന ആർക്കും ബോധ്യമാകും. ദിവ്യസാമീപ്യം നേടിയ എന്ന ഉദ്ദേശ്യമേ അതിന്നുള്ളൂവെന്നതാണ് വസ്തുത.ഇത്തരം ആലങ്കാരിക പ്രയോഗങ്ങൾ ബൈബിളിൽ വേറെയും ധാരാളമായി കാണാം. ഉദാഹരണമായി ഉല്പത്തി പുസ്തകത്തിലിങ്ങനെ വായിക്കാം: "ഹനോക്ക് ദൈവത്തോടു കൂടെ നടന്നു. ദൈവം അയാളെ എടുക്കുക

യാൽ അയാൾ അപ്രത്യക്ഷനായി." (ഉൽപത്തി 5: 24) "ഹനോക്ക് ദൈവത്തോടു കൂടെ നടന്നു." (ഉൽപത്തി 6: 9)

'മടിയിലിരിക്കുക'യെന്ന പ്രയോഗത്തെ ബാഹ്യാർഥത്തിലെടുക്കുകയാണെങ്കിൽ കൂടെ നടന്നുവെന്നതും അവ്വിധമാകുമല്ലോ. അത് ദൈവത്തെ സംബന്ധിച്ച ഗുരുതരമായ അബദ്ധധാരണകൾക്കാണ് ഇടവരുത്തുക.

ഇപ്രകാരം തന്നെ 'ദൈവത്തെ വെളിപ്പെടുത്തി' എന്നതിന്റെ ഉദ്ദേശ്യം ദൈവത്തെ യഥാവിധി പരിചയപ്പെടുത്തി എന്നാണ്. മറിച്ച്' കാണിച്ചുകൊടുത്തു എന്നായിരുന്നുവെങ്കിൽ "ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല" എന്ന് യേശു പറയുമായിരുന്നില്ല. 'വെളിപ്പെടുത്തുക' എന്ന പ്രയോഗത്തിന്റെ ഉദ്ദേശ്യം ഗ്രഹിക്കാൻ ബൈബിളിലെ തന്നെ മറ്റു ചില പരാമർശങ്ങൾ സഹായകമാണ്.

"ബിലെയാം ബാലകിനോട് പറഞ്ഞു: "നിന്റെ ഹോമബലിയുടെ സമീപത്തു നിൽക്കുക. ഞാൻ പോകട്ടെ; കർത്താവ് എന്നെ സന്ദർശിച്ചേക്കും. അവൻ എനിക്ക് വെളിപ്പെടുത്തുന്നതെല്ലാം ഞാൻ നിന്നോട് പറയാം. പിന്നീട് അയാൾ വിജനമായ ഒരു മലയിലേക്കു കയറിപ്പോയി. ദൈവം ബിലെയാമിന്ന് പ്രത്യക്ഷനായി." (സംഖ്യ പുസ്തകം 23: 3,4)

"നിഗൂഢ കാര്യങ്ങളെല്ലാം നമ്മുടെ ദൈവമായ കർത്താവിന്നുള്ളതാകുന്നു. എന്നാൽ വെളിപ്പെടുത്തിയിട്ടുള്ള കാര്യങ്ങളെല്ലാം നമുക്കു നമ്മുടെ സന്തതികൾക്കും എക്കാലത്തേക്കും ഉള്ളതാകുന്നു." (ആവർത്തനം. 29: 29)

"എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു"(യോഹന്നാൻ 14: 9) എന്ന പ്രയോഗത്തിന്റെ സ്ഥിതിയും ഇതുതന്നെ. ഫിലിപ്പോസിന്റെ ചോദ്യത്തിനുള്ള മറുപടിയിലാണ് യേശു ഇവ്വിധം പറഞ്ഞത്. "ഫിലിപ്പോസ് അവനോട്: കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം; എന്നാൽ ഞങ്ങൾക്കു മതി എന്നു പറഞ്ഞു. യേശു അവനോടു പറഞ്ഞത്: ഞാൻ ഇത്രയും കാലം നിങ്ങളുടെ കൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പോസോ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു; പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരണം എന്നു നീ പറയുന്നതു എങ്ങനെ? ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ?"(യോഹന്നാൻ 14: 8-10)

യേശു ദൈവമാണെന്നോ പിതാവും പുത്രനും ഒന്നാണെന്നോ അക്കാലത്ത് അനുയായികൾപോലും ധരിച്ചിരുന്നില്ലെന്ന് ഫിലിപ്പോസിന്റെ ചോദ്യം അസന്നിഗ്ദമായി വ്യക്തമാക്കുന്നു. യേശു ദൈവമാണെന്നോ യേശുവും പിതാവും ഒന്നാണെന്നോ ഉള്ള ധാരണ ഉണ്ടായിരുന്നെങ്കിൽ യേശുവിനെ കണ്ടുകൊണ്ടിരിക്കെ പിതാവിനെ കാണിച്ചുകൊടുക്കാനാവശ്യപ്പെടുമായിരുന്നില്ല. മാത്രമല്ല, യേശു അതിനു നൽകുന്ന മറുപടിയിൽ "എന്നെ നീ കണ്ടിട്ടില്ലേ, ഞാൻ തന്നെയാണ് ദൈവമെന്ന്" തെറ്റിദ്ധാരണക്കിടമേകാതെ പറയുമായിരുന്നു. അതിനാൽ "എന്നെ കണ്ടവൻ ദൈവത്തെ കണ്ടിരിക്കുന്നുവെന്ന"തിന്റെ ഉദ്ദേശ്യം നഗ്ന നേത്രങ്ങൾ

കൊണ്ടുള്ള കാണലല്ല. അദൃശ്യനാണല്ലോ ദൈവം. അവനെ ആർക്കും കാണാനാവില്ല. യേശുവെ അറിഞ്ഞവൻ ദൈവത്തെ അറിഞ്ഞിരിക്കുന്നു വെന്നാണ് അതിന്റെ ഉദ്ദേശ്യം.

താൻ ദൈവമാണെന്ന് വാദിക്കുന്നതായി എതിരാളികൾ ആരോപ ണമുന്നയിച്ചപ്പോൾ യേശു അതംഗീകരിച്ച് താൻദൈവമാണെന്ന് സമർഥി ക്കുകയല്ല ചെയ്തത്. മറിച്ച് ദൈവ ദൂതൻമാരെ ദേവൻമാർ എന്നു പ്രയോ ഗിക്കുന്നപോലെയാണ് തന്നെ ദൈവപുത്രനെന്ന് പറയുന്നതെന്ന് വിശ ദീകരിക്കുകയാണുണ്ടായത്:

“യഹൂദൻമാർ അവനെ എറിവാൻ പിന്നെയും കല്ല് എടുത്തു. യേശു അവരോട്: പിതാവിന്റെ കല്പനയാൽ ഞാൻ പല നല്ല പ്രവൃത്തികൾനി ങ്ങളെ കാണിച്ചിരിക്കുന്നു. അവയിൽ ഏത് പ്രവൃത്തി നിമിത്തം നിങ്ങൾ എന്നെ കല്ലെറിയുന്നു എന്നു ചോദിച്ചു. യെഹൂദൻമാര് അവനോടു: നല്ല പ്രവൃത്തി നിമിത്തമല്ല, ദൈവദൂഷണം നിമിത്തം നിമിത്തവും  നീ മനു ഷ്യനായിരിക്കേ നിന്നെത്തന്നെ ദൈവം ആക്കുന്നത് കൊണ്ടുമത്രേ ഞങ്ങൾ നിന്നെ കല്ലെറിയുന്നതു എന്നു ഉത്തരം പറഞ്ഞു. യേശു അവ രോടു: നിങ്ങൾ ദൈവൻമാർ ആകുന്നു എന്ന് ഞാൻപറഞ്ഞു എന്നു നിങ്ങ ളുടെ ന്യായ പ്രമാണതത്തിൽ എഴുതിയിരിക്കുന്നില്ലയോ? ദൈവത്തിന്റെ അരുളപ്പാടു ഉണ്ടായിട്ടുള്ളവരെ ദേവൻമാർ എന്നു പറഞ്ഞു എങ്കിൽ - തിരുവെഴുത്തിനു നീക്കം വന്നു കൂടായല്ലോ- ഞാൻ ദൈവത്തിന്റെ പുത്രൻ എന്ന് പറഞ്ഞതുകൊണ്ടു; നീ ദൈവദൂഷണം പറയുന്നു എന്നു പിതാവ് വിശുദ്ധീകരിച്ചു ലോകത്തിൽ അയച്ചവനോട് നിങ്ങൾ പറയു ന്നുവോ? (യോഹന്നാൻ 10: 31-37)

“ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു” എന്നതിന്റെ വിവക്ഷ മനസ്സിലാക്കാൻ യോഹന്നാനിലെതന്നെ 14: 20 വാക്യം ഏറെ സഹായകമത്രെ: “ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും എന്നു നിങ്ങൾ അന്നു അറിയും.”

ഇവിടെ എല്ലാവരും കൂടി ഒരു ദൈവമാകുക എന്നതല്ല ഉദ്ദേശ്യമെന്ന് ഏവരും അംഗീകരിക്കുമല്ലോ. അതേപോലെത്തന്നെയാണ് ‘ഞാൻ പിതാ വിലും പിതാവ് എന്നിലും’ എന്ന പ്രയോഗത്തിന്റെയും താല്പര്യം. എല്ലാ വരും ഒരേ ലക്ഷ്യത്തിലും മാർഗത്തിലുമാവുകയെന്നതാണ് അതിന്റെ ഉദ്ദേശ്യം.

ഉപര്യുക്ത ബൈബിൾ പ്രയോഗങ്ങൾ പോലുള്ളവ ഖുർആനിലും കാണാവുന്നതാണ്: “ആർ പ്രവാചകനെ അനുസരിക്കുന്നുവോ അവൻ അല്ലാഹുവിനെ അനുസരിച്ചു.”(4: 80)

“പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ അല്ലാഹു നിങ്ങളെയും സ്നേഹിക്കും.”(3: 31)

6. “ഞാനും പിതാവും ഒന്നാകുന്നു.”(യോഹന്നാൻ 10: 30) എന്ന പ്രയോഗവും ഗുരുതരമായ അബദ്ധ വിശ്വാസങ്ങൾക്കു കാരണമാവുക യുണ്ടായി. ഇത്തരം തെറ്റിദ്ധാരണാജനകങ്ങളായ പ്രയോഗങ്ങൾ യോഹ

ന്നാന്റെ സുവിശേഷത്തിലേ ഉള്ളൂവെന്നത് പ്രത്യേകം പ്രസ്താവ്യമത്രെ.

ഒന്നാവുകയെന്നതിന്റെ ഉദ്ദേശ്യം ഒരേ അസ്തിത്വത്തിലാകലല്ലെന്നും മറിച്ച് ഒരേ ഉദ്ദേശ്യത്തിലും മാർഗത്തിലുമാകലാണെന്നും യോഹന്നാനിലെതന്നെ 17: 21-ാം വാക്യം അസന്നിഗ്ദമായി തെളിയിക്കുന്നു: "നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്നു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതു പോലെ അവരും നമ്മിൽ ആകേണ്ടതിന്നു തന്നേ."(യോഹന്നാൻ 17: 21)

ഇവ്വിധം യേശു ദൈവമാണെന്നും ദൈവത്തിന്റെ മൂന്ന് ആളത്തങ്ങളിലൊന്നാണെന്നുമുള്ള മിഥ്യാധാരണ വളർത്താൻ ഉപയോഗിക്കുന്ന ബൈബിൾ പ്രയോഗങ്ങളെ ബൈബിളിലെ തന്നെ സമാനമായ പ്രയോഗങ്ങളുള്ള വചനങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തിയാൽ തെറ്റിദ്ധാരണ അനായാസം അവസാനിക്കുമെന്നതിൽ സംശയമില്ല.

7. യഥാർഥത്തിൽ ഗുരുതരമായ അബദ്ധ വിശ്വാസങ്ങൾക്കു കാരണമായേക്കാവുന്ന ഒരേ ഒരു വാചകമുള്ളത് യോഹന്നാന്റെ സുവിശേഷത്തിലാണ്. അത് ഇവ്വിധമാണ്: "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെയായിരുന്നു. വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു"(1: 13). ഇതിലെ 'വചനം ദൈവമായിരുന്നു'വെന്ന വാചകം മറ്റൊരു സുവിശേഷത്തിലുമില്ല. ക്രിസ്തുവിനു ശേഷം ഒരു നൂറ്റാണ്ടോളമോ കൂടുതലോ കഴിഞ്ഞശേഷം എഴുതപ്പെട്ട യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേ ഇതുള്ളൂ. അതുകൊണ്ടുതന്നെ അത് അവലംബനീയമല്ല. ഹാർപറുടെ ബൈബിൾ നിഘണ്ടുവിലിങ്ങനെ കാണാം: "ഒട്ടനവധി കാരണങ്ങളാൽ ഈ സുവിശേഷത്തിന് അപ്പോസ്തലപരമായ പ്രാദുർഭാവം കല്പിക്കുന്നതിനെ മിക്ക ആധുനിക പണ്ഡിതന്മാരും അംഗീകരിക്കുന്നില്ല."(Harpes Bible Dictionary P: 496)

അദ്ദേഹം തന്നെ തുടരുന്നു: "യേശുവിനെ സംബന്ധിച്ച് നാലാം സുവിശേഷം നൽകുന്ന താരതമ്യേന വ്യത്യസ്തവും ഭിന്നവുമായ ചിത്രം അതിന്റെ ഹേതുവെയും അവസ്ഥയെയും പോലെത്തന്നെ അതിന്റെ ചരിത്രപരമായ സ്ഥിതിയെയും സംബന്ധിച്ച നിരവധി പ്രശ്നങ്ങളുയർത്തുന്നുണ്ട്." (Ibid P: 497)

റവ. എ.സി. ക്ലെയ്റ്റൺ എഴുതുന്നു: "ഇതിന്റെ ഗ്രന്ഥകർത്താവ് ആരെന്നും ഇതിൽ എഴുതപ്പെട്ടിരിക്കുന്നവ യഥാർഥ ചരിത്ര സംഭവങ്ങളാണോ അല്ലയോ എന്നും സംഹിത സുവിശേഷങ്ങൾക്കും വെളിപാടു പുസ്തകത്തിനും ഇതിനും തമ്മിലുള്ള ബന്ധമെന്താണെന്നും ഇതിൽ പറയപ്പെടുന്ന യേശു സാക്ഷാൽ അപ്രകാരമുള്ളവനാണോ എന്നുമുള്ള പല മാതിരി തർക്കങ്ങൾ കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ വൈദിക പണ്ഡിതന്മാരുടെ ഇടയിൽ ഉണ്ടായിരുന്നു. ഇപ്പോഴും ഈ നാലാം സുവിശേഷത്തെ സംബന്ധിച്ച സംശയങ്ങൾ തീർന്നിട്ടില്ല."(ബൈബിൾ നിഘണ്ടു, പുറം: 497)

യേശുവിന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ട യോഹന്നാന്റെ സുവി

ശേഷത്തിലെ ഉപര്യുക്ത പരാമർശം വസ്തുനിഷ്ഠമായിരുന്നെങ്കിൽ മറ്റു സുവിശേഷങ്ങളിലും ഉണ്ടാകുമായിരുന്നു. അവയിലൊന്നും അതില്ലെന്ന തുതന്നെ അതിന്റെ കൃത്രിമത്വത്തിനു മതിയായ തെളിവാണ്.

ഇതിനെക്കാൾ ഗുരുതരമായ പ്രസ്താവം ഇടക്കാലത്ത് യോഹന്നാൻ എഴുതിയ ഒന്നാം ലേഖനത്തിലുണ്ടായിരുന്നു. അത് ഇവ്വിധമായിരുന്നു: “മൂന്നുപേരാണ് സ്വർഗത്തിൽ സാക്ഷ്യം നിൽക്കുന്നത്. പിതാവ്, വചനം, പരിശുദ്ധാത്മാവ്-ഇവർ മൂന്നുപേരും ഒന്നുതന്നെ.”(5: 8)

ത്രിയേകത്വവാദികൾ കൂട്ടിച്ചേർത്തിരുന്ന ഈ വാചകം, കൃത്രിമത്വം പകൽവെളിച്ചംപോലെ പ്രകടമായതിനാൽ നീക്കം ചെയ്യപ്പെട്ടിരിക്കുന്നു. ഇപ്പോൾ പുറത്തിറങ്ങുന്ന ബൈബിളിൽ ഈ വാചകം കാണുക സാധ്യ മല്ല.

ചുരുക്കത്തിൽ, നിലവിലുള്ള ബൈബിളിൽപോലും യേശുവിന്റെ ദൈവികതക്കോ ത്രിയേകത്വവിശ്വാസത്തിനോ ഖണ്ഡിതവും വ്യക്തവു മായ തെളിവൊന്നുമില്ല. താൻ ദൈവമാണെന്നോ താനും പിതാവും പരി ശുദ്ധാത്മാവും ദൈവത്തിന്റെ മൂന്ന് ആളത്തങ്ങളാണെന്നോ മൂന്നും ചേർത്തതാണ് ദൈവമെന്നോ യേശു ഒരിക്കലും എവിടെയും പറഞ്ഞ തായോ അവകാശപ്പെട്ടതായോ സുവിശേഷങ്ങളിലൊരിടത്തുമില്ല. അത് ആദ്യകാല ക്രൈസ്തവ വിശ്വാസത്തിന് വിരുദ്ധവുമാണ്. ഇക്കാര്യം

എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക ഇങ്ങനെ വ്യക്തമാക്കുന്നു: "ക്രിസ്ത്വബ്ദം മൂന്നാം നൂറ്റാണ്ട് അവസാനിക്കുന്നതിനുമുമ്പ് യേശുക്രിസ്തുവിനെ പൊതുവെ 'വചനത്തിന്റെ ശാരീരികാവതാര'മായിട്ടാണ് വിശ്വസിച്ചുപോന്നിരുന്നത്. എന്നിരുന്നാലും ക്രിസ്ത്യാനികളിൽ അധികപേരും മിശിഹയുടെ ദൈവത്വം വാദിച്ചിരുന്നില്ല. നാലാം നൂറ്റാണ്ടിൽ ആ പ്രശ്നത്തെപ്പറ്റി വമ്പിച്ച വിവാദം നടന്നു. തന്മൂലം ക്രൈസ്തവ സഭകളുടെ അടിത്തറയിളകി. അങ്ങനെ ക്രി. 325-ൽ ചേർന്ന നിക്കെയ്യാ കൗൺസിൽ മിശിഹയുടെ ദൈവത്വം ക്രിസ്ത്യാനികളുടെ സാക്ഷാൽ വിശ്വാസങ്ങളിൽ പെട്ടതാണെന്ന് ഔപചാരികമായി പ്രഖ്യാപിച്ചു. പ്രത്യേക വാക്കുകളിൽ അതിനെ ക്രോഡീകരിക്കുകയും ചെയ്തു. തർക്കവിതർക്കങ്ങൾ കുറേ കാലത്തോളം പിന്നെയും തുടർന്നു നടന്നെങ്കിലും അവസാനവിജയം നിക്കെയ്യാ കൗൺസിലിന്റെ തീരുമാനത്തിനുതന്നെ ലഭിച്ചു. അതാണ് സത്യക്രിസ്ത്യാനികളുടെ വിശ്വാസമെന്ന് പാശ്ചാത്യരും പൗരസ്ത്യരുമായ ക്രിസ്തു സമുദായം ഉറപ്പിച്ചു. അങ്ങനെ പുത്രന്റെ ദൈവത്വത്തോടൊപ്പം പരിശുദ്ധാത്മാവിന്റെ ദൈവത്വവും സമ്മതിക്കപ്പെട്ടു. ജ്ഞാനസ്നാനമൊഴിയിലും പ്രചാരത്തിലിരുന്ന മത ചിഹ്നങ്ങളിലും പിതാപുത്രന്മാരോടൊപ്പം അതും സ്ഥലം പിടിച്ചു. ഇങ്ങനെ നിക്കെയ്യാ കൗൺസിലിന്റെ വിഭാവനത്തിൻ ഫലമായാണ് ത്രിയേകത്വം ക്രിസ്തുമതത്തിന്റെ ഒരവിഭാജ്യ ഘടകമായിത്തീർന്നത്."(Church History എന്ന ലേഖനത്തിൽനിന്ന്)

ക്രിസ്ത്വാബ്ദം 325-നു മുമ്പ് യേശുവിന്റെ ദിവ്യത്വ വിശ്വാസമോ ത്രിയേകത്വ സങ്കൽപമോ ഉണ്ടായിരുന്നില്ലെന്നും ഏകദൈവവിശ്വാസമാണുണ്ടായിരുന്നതെന്നും ഇതു അസന്നിഗ്ദമായി തെളിയിക്കുന്നു.

അധ്യായം അഞ്ച്

# ചില സംശയങ്ങൾ

**I**. ഖുർആൻ 4: 171-ൽ യേശുവിനെ ദൈവത്തിന്റെ വചനമെന്നും ആത്മാവെന്നും വിശേഷിപ്പിച്ചിട്ടുണ്ടല്ലോ. യേശു ദൈവപുത്രനാണെന്നതിന് ഇതു

തന്നെ മതിയായ തെളിവല്ലേ?

ഈ പ്രപഞ്ചവും അതിലുള്ളവയും സൃഷ്ടിക്കപ്പെട്ടത് യേശുവിനെ സൃഷ്ടിച്ചപോലെത്തന്നെ ദൈവ വചനം വഴിയാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു. ആദിയിൽ വചനമുണ്ടായി എന്ന ബൈബിൾ വാക്യവും അതു തന്നെയാണ് സമർഥിക്കുന്നത്. യേശുവിന്റെയും മറ്റെല്ലാ മനുഷ്യരുടെയും അവരുൾക്കൊള്ളുന്ന മുഴുലോകത്തിന്റെയും സൃഷ്ടി വചനം വഴിയാണ്. ഇക്കാര്യത്തിൽ യേശുവിന് മാത്രമായി ഒരു പ്രത്യേകതയുമില്ല.

"അവർ പറയുന്നു: ദൈവം പുത്രനെ വരിച്ചിരിക്കുന്നു. എന്നാൽ അത്തരം കാര്യങ്ങളിൽ നിന്നെല്ലാം അവൻ പരിശുദ്ധനത്രെ. മാത്രമല്ല; ആകാശഭൂമികളിലുള്ള സകലതും അവന്റെ അധീനതയിലാകുന്നു. എല്ലാം അവനെ വണങ്ങുന്നവ മാത്രം. അവൻ ഒരു കാര്യം തീരുമാനിച്ചാൽ 'അതു ഭവിക്കട്ടെ' എന്ന വചനം മാത്രം മതി. അത് സംഭവിക്കുകയായി." (ഖുർആൻ 2: 116, 117)

ഇതേ പ്രയോഗമാണ് യേശുവിന്റെ കാര്യത്തിലുമുള്ളതെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമത്രെ. "മർയം പറഞ്ഞു: എനിക്കെങ്ങനെ കുഞ്ഞുണ്ടാകും. എന്നെയാണെങ്കിൽ ഒരു പുരുഷനും സ്പർശിക്ക പോലും ചെയ്തിട്ടില്ലല്ലോ.' മറുപടി ലഭിച്ചു: 'അവ്വിധമുണ്ടാവുക തന്നെ ചെയ്യും. ദൈവം അവനിഛിക്കുന്നത് സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം തീരുമാനിച്ചാൽ 'അതു ഭവിക്കട്ടെ'യെന്ന വചനമേ വേണ്ടൂ; ഉടനെ അത് സംഭവിക്കുന്നു."(ഖുർആൻ 3: 47)

"പുത്രനെ സ്വീകരിക്കുകയെന്നത് ദൈവത്തിന്റെ സ്വഭാവമേയല്ല. അവൻ പരിശുദ്ധനാകുന്നു. അവനൊരു കാര്യം തീരുമാനിച്ചാൽ അതു ഭവിക്കട്ടെ എന്ന വചനമേ വേണ്ടൂ അത് സംഭവിക്കുന്നു."(19: 35)

"ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും ദൈവമാകുന്നു. അവനൊരു കാര്യം തീരുമാനിച്ചാൽ 'ഭവിക്കട്ടെ' എന്ന കല്പനമാത്രം മതി, അതു സംഭവിക്കുകയായി." (40: 68)

യേശുവിലെന്നപോലെ ആദിമ മനുഷ്യനായ ആദാമിലും മറ്റെല്ലാവരിലും ദൈവം തന്റെ ഉടമസ്ഥതയിലുള്ള ആത്മാവ് ഊതിയതായി ഖുർആൻ വ്യക്തമാക്കുന്നു. ഇക്കാര്യത്തിലും യേശുവും മറ്റുള്ളവരും തമ്മിൽ ഒരന്തരവുമില്ല.

മനുഷ്യന്റെ സൃഷ്ടിയുടെ ആരംഭത്തെക്കുറിച്ച് ഖുർആൻ പറയുന്നു:

"നിന്റെ നാഥൻ മാലാഖമാരോട് പറഞ്ഞ സന്ദർഭം ഓർക്കുക: ഞാൻ ഗന്ധമുള്ള കറുത്ത കളിമണ്ണിൽനിന്ന് മനുഷ്യനെ സൃഷ്ടിക്കുകയാണ്. അത് പൂർത്തീകരിക്കുകയും അതിൽ എന്റെ ആത്മാവിൽനിന്ന് ഊതുകയും ചെയ്താൽ നിങ്ങളെല്ലാം അതിന്റെ മുമ്പിൽ പ്രണാമമർപ്പിക്കണം." (15: 28, 29; 38: 72)

യേശുവിനെ ദൈവത്തിന്റെ വചനമെന്നും ആത്മാവെന്നും വിശേഷിപ്പിച്ച ഖുർആനിലെ 4: 171-ാം സൂക്തം ത്രിയേകത്വത്തെ നിഷേധിക്കുന്ന വിശുദ്ധ വാക്യമാണെന്നത് പ്രത്യേകം പ്രസ്താവ്യമത്രെ: "വേദക്കാരേ,

സ്വമതത്തിൽ അതിരു കവിയാതിരിക്കുവിൻ. സത്യമല്ലാത്തതൊന്നും ദൈവത്തിന്റെ പേരിൽ ആരോപിക്കാതിരിക്കുക. മർയമിന്റെ പുത്രൻ ഈസാ മസീഹ് ദൈവദൂതനും ദൈവം മർയമിലേക്കയച്ച വചനവുമല്ലാതെ മറ്റൊന്നുമല്ല. ദൈവത്തിങ്കൽനിന്നുള്ള ഒരാത്മാവും. നിങ്ങൾ ദൈവത്തിലും അവന്റെ ദൂതനിലും വിശ്വസിക്കുക. ത്രിത്വം വാദിക്കാതിരിക്കുക. അതിൽനിന്നു വിരമിക്കുക. അതാണ് നിങ്ങൾക്കുത്തമം. ദൈവം ഏകനാകുന്നു. പുത്രനുണ്ടായിരിക്കുക എന്നതിൽനിന്നെത്രയോ പരിശുദ്ധനത്രെ അവൻ. ആകാശ ഭൂമികളിലുള്ളതൊക്കെയും അവന്റേതത്രെ. അവയുടെ കൈകാര്യ കർതൃത്വത്തിനും മേൽനോട്ടത്തിനും അവൻ തന്നെ എത്രയും മതിയായ വനല്ലോ." (ഖുർആൻ 4: 171)

II. യേശു പക്ഷിക്കും മൃതശരീരത്തിനും ജീവനേകിയതായും കുരുടന് കാഴ്ചയും പാണ്ടുരോഗിക്ക് രോഗശമനവും നൽകിയതായും ഖുർആൻ തന്നെ സമ്മതിക്കുന്നു. ഇതൊക്കെ ദൈവത്തിനല്ലാതെ മനുഷ്യനു സാധ്യമാവുന്ന കാര്യമാണോ?

എല്ലാ ദൈവദൂതൻമാർക്കും തങ്ങൾ ദൈവത്തിന്റെ സന്ദേശവാഹകരാണെന്ന് തെളിയിക്കാനായി ഇത്തരം അമാനുഷ ദൃഷ്ടാന്തങ്ങൾ നൽകപ്പെട്ടിരുന്നു. യേശു ഉൾപ്പെടെ മുഴുവൻ ദൈവദൂതൻമാരും ഇത്തരം അമാനുഷ കൃത്യങ്ങൾ സ്വയം ചെയ്യാൻ കഴിവുള്ളവരായിരുന്നില്ല. ദൈവത്തിന്റെ പ്രത്യേക അനുമതിയും നിർദേശവും അനുസരിച്ചാണ് അവരത് ചെയ്തുകൊണ്ടിരുന്നത്. ഖുർആനും ബൈബിളും ഇക്കാര്യം അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്.

യേശു പറഞ്ഞു: "ഞാൻ നിങ്ങളുടെ നാഥനിൽനിന്നുള്ള ദൃഷ്ടാന്തവുമായി നിങ്ങളിലേക്ക് നിയോഗിതനായിരിക്കുന്നു. ഞാൻ നിങ്ങളുടെ മുമ്പിൽവെച്ച് കളിമണ്ണുകൊണ്ട് ഒരു പക്ഷിക്കോലമുണ്ടാക്കാം. എന്നിട്ട് അതിൽ ഊതാം. അപ്പോൾ ദൈവാനുമതിയോടെ അതൊരു പക്ഷിയായിത്തീരും. ജൻമനാ കുരുടനായവന്നും പാണ്ടുരോഗിക്കും ദൈവഹിതത്താൽ രോഗശാന്തി നൽകാം. അവന്റെ ഹിതത്താൽ ഞാൻ മൃതശരീരത്തെ ജീവിപ്പിക്കാം." (ഖുർആൻ 3: 49)

മരിച്ച ലാസറെ യേശു ജീവിപ്പിക്കുകയല്ല, ജീവിപ്പിക്കാൻ ദൈവത്തോട് പ്രാർഥിക്കുകയാണ് ചെയ്തതെന്ന് ബൈബിളും വ്യക്തമാക്കുന്നു.

യേശുവിനെപ്പോലെ മറ്റു ദൈവദൂതൻമാരും അമാനുഷ ദൃഷ്ടാന്തങ്ങൾ കാണിച്ചതായി ഖുർആനെപ്പോലെ ബൈബിളും വ്യക്തമാക്കുന്നു.

എലിശാ ശൂനേം കാരിയുടെ മരണമടഞ്ഞ കുട്ടിയെ ജീവിപ്പിച്ചു. (II രാജാക്കൻമാർ 4: 28-37)

എലിശാ ഇരുപതു അപ്പം കൊണ്ടും കുറച്ചു ധാന്യം കൊണ്ടും നൂറു പേരെ തീറ്റിയിട്ടും മിച്ചം വന്നു. (II രാജാക്കൻമാർ 4: 42-44)

എലിശാ സിറിയൻ സേനാനായകൻ നാമാന്റെ കുഷ്ഠരോഗം സുഖപ്പെടുത്തി. (II രാജാക്കൻമാർ 5: 1-14)

എലിശാ സിറിയക്കാർക്ക് അന്ധതയുണ്ടാക്കുകയും പിന്നീട് സുഖ

പ്പെടുത്തുകയും ചെയ്തു. (II രാജാക്കൻമാർ 6: 18-21)

എലിയാവ് ഗൃഹനായികയുടെ മകന് ജീവൻ നൽകി. (I രാജാക്കൻമാർ 17: 17-22)

യെഹെസ്കേൽ ശ്മശാനത്തിലെ എല്ലുകളെ മാംസം കൊണ്ട് പൊതിയിപ്പിക്കുകയും ജീവനിടുവിക്കുകയും ചെയ്തു.(യെഹെസ്കേൽ 37: 6-10)

യഹോവ എലിയാവ് മുഖാന്തിരം അരുളിച്ചെയ്ത വചന പ്രകാരം കലത്തിലെ മാവ് തീർന്നു പോയില്ല. ഭരണിയിലെ എണ്ണ കുറഞ്ഞുപോയതുമില്ല. (I രാജാക്കൻമാർ 17: 16)

കള്ള ക്രിസ്തുമാരും കള്ളപ്രവാചകൻമാരും വരെ അദ്ഭുതകൃത്യങ്ങൾ കാണിക്കുമെന്ന് ബൈബിൾ പറയുന്നു: കള്ളക്രിസ്തുമാരും കള്ളപ്രവാചകൻമാരും പ്രത്യക്ഷപ്പെടും. അവർ കഴിയുമെങ്കിൽ തെരഞ്ഞെടുക്കപ്പെട്ടവരെ കൂടി വഴിതെറ്റിക്കത്തക്കവിധത്തിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കും. (മത്തായി 24: 23-24; മാർക്കോസ് 13: 22, 23)

യേശുവിനെപ്പോലെ അത്ഭുതങ്ങൾ കാണിക്കാൻ ശിഷ്യന്മാർക്കും കഴിയുമെന്ന് ബൈബിൾ പറയുന്നു: "നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു: ഇവിടെനിന്നു അങ്ങോട്ടു നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും. നിങ്ങൾക്കു ഒന്നും അസാധ്യമാകയില്ല." (മത്തായി 17: 21)

"ഞാൻ നിങ്ങളോടു പറയുന്നു: ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും."(യോഹന്നാൻ 14: 12)

അഥവാ, ശിഷ്യന്മാർക്ക് യേശുവെപ്പോലെ ചെയ്യാൻ കഴിയുന്നില്ലെങ്കിൽ അതു വിശ്വാസത്തിന്റെ ദൗർബല്യം കാരണമാണെന്നും യേശു പറയുന്നു.

"അവൻ പുരുഷാരത്തിന്റെ അടുക്കൽ വന്നാറെ ഒരു മനുഷ്യൻ വന്നു അവന്റെ മുമ്പാകെ മുട്ടുകുത്തി: കർത്താവേ, എന്റെ മകനോടു കരുണയുണ്ടാകേണമേ; അവൻ ചന്ദ്രരോഗം പിടിച്ചു പലപ്പോഴും തീയിലും പലപ്പോഴും വെള്ളത്തിലും വീണു വല്ലാത്ത കഷ്ടത്തിലായിപ്പോകുന്നു. ഞാൻ അവനെ നിന്റെ ശിഷ്യന്മാരുടെ അടുക്കൽ കൊണ്ടുവന്നു. എന്നാൽ സൗഖ്യം വരുത്തുവാൻ അവർക്കു കഴിഞ്ഞില്ല എന്നു പറഞ്ഞു. അതിന്നു യേശു: അവിശ്വാസവും കോട്ടവുമുള്ള തലമുറയേ, എത്രത്തോളം ഞാൻ നിങ്ങളുടെ കൂടെ ഇരിക്കും? എത്രത്തോളം നിങ്ങളെ സഹിക്കും? അവനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്നു ഉത്തരം പറഞ്ഞു. യേശു ഭൂതത്തെ ശാസിച്ചു. അതു അവനെ വിട്ടുപോയി. ബാലന്നു ആ നാഴിക മുതൽ സൗഖ്യം വന്നു. പിന്നെ ശിഷ്യന്മാർ സ്വകാര്യമായി യേശുവിന്റെ അടുക്കൽ വന്നു: ഞങ്ങൾക്കു അതിനെ പുറത്താക്കിക്കൂടാത്തതു എന്തു എന്നു ചോദിച്ചു. യേശു അവരോടു: നിങ്ങളുടെ അല്പവിശ്വാസം നിമിത്തമത്രെ.'(മത്തായി 17:14-20)

യേശുശിഷ്യന്മാർക്ക് ഇക്കാലത്തും യേശുവെപ്പോലെ അത്ഭുതങ്ങൾ

പ്രവർത്തിക്കാൻ കഴിയുന്നില്ലെങ്കിൽ അതു കടുകുമണിയോളം പോലും വിശ്വാസമില്ലാത്തതിനാലാണെന്ന് ബൈബിൾ അസന്നിഗ്ദമായി വ്യക്തമാക്കുന്നു.

III യേശുവിനെ അല്ലാഹു തന്നിലേക്കുയർത്തിയെന്ന് ഖുർആനിൽ തന്നെ ഉണ്ടല്ലോ. (അധ്യായം 4, വാക്യം 158) യേശു ദൈവത്തിങ്കൽ ജീവനോടെ ഇരിക്കുന്നുവെന്നല്ലേ ഇത് വ്യക്തമാക്കുന്നത്? മറ്റെല്ലാവരും മരിച്ചിരിക്കെ യേശു മാത്രം ജീവിച്ചിരിക്കുന്നുവെന്നത് അദ്ദേഹം ദൈവപുത്രനാണെന്നതിനു തെളിവല്ലേ?

പല പ്രവാചകൻമാർക്കും പലതരം പ്രത്യേകതകളാണുള്ളത്. മോശയോട് ദൈവം നേരിട്ട് സംസാരിക്കുകയുണ്ടായി. യേശുവിന്റെ പ്രത്യേകത പിതാവില്ലാതെ പിറന്നുവെന്നതും ശത്രുക്കളുടെ വധശ്രമത്തിൽനിന്ന് രക്ഷപ്പെട്ട് ദൈവത്തിങ്കലേക്കുയർത്തപ്പെട്ടുവെന്നതുമാണ്.

യേശുവിന്റെ സവിശേഷത ജഡികാംശത്തിലല്ല; മറ്റാരെയുംപോലെ ആത്മീയാംശത്തിലാണ്. അതിനാൽ ദൈവത്തിങ്കൽ ജീവിച്ചിരിക്കുന്നത് ജഡികമാണോ അല്ലേ എന്നതിലൊട്ടും പ്രസക്തിയില്ല. അതോടൊപ്പം ദൈവത്തിങ്കൽ ജീവിച്ചിരിക്കുന്നത് യേശു മാത്രമല്ല, സത്യമാർഗത്തിൽ രക്തസാക്ഷ്യം വഹിച്ചവരൊക്കെ ദൈവത്തിങ്കൽ ജീവിച്ചിരിക്കുന്നവരാണ്. വിശുദ്ധ ഖുർആൻ പറയുന്നു: “ദൈവമാർഗത്തിൽ വധിക്കപ്പെട്ടവരെ മരിച്ചുപോയവരെന്നു വിചാരിക്കരുത്. യഥാർഥത്തിലവർ ജീവിച്ചിരിക്കുന്നവരാകുന്നു. തങ്ങളുടെ രക്ഷിതാവിങ്കലവർക്ക് ആഹാരം ലഭിക്കുന്നുണ്ട്. അല്ലാഹു അവർക്കേകിയ അനുഗ്രഹങ്ങളിലവർ സന്തുഷ്ടരാകുന്നു. തങ്ങൾക്കു പിന്നിൽ ഇഹലോകത്ത് അവശേഷിച്ചവരും ഇനിയും തങ്ങളോടൊപ്പം എത്തിച്ചേർന്നിട്ടില്ലാത്തവരുമായ സത്യവിശ്വാസികൾ ഒട്ടും ഭയപ്പെടാനോ ദുഃഖിക്കാനോ ഇടയാകുന്നതല്ല എന്നോർത്ത് മനസ്സമാധാനമുള്ളവരുമാകുന്നു അവർ. അല്ലാഹുവിങ്കൽ നിന്നുള്ള ഔദാര്യത്തിലും അനുഗ്രഹത്തിലും അവർ ആഹ്ലാദം കൊള്ളുന്നു.”(അധ്യായം 3 വാക്യം 169-171)

അതിനാൽ യേശുവിനെപ്പോലെ സൻമാർഗത്തിലെ രക്തസാക്ഷികളും ദൈവത്തിങ്കൽ സന്തോഷത്തോടെ കഴിഞ്ഞുകൂടുന്നവരത്രെ. പിന്നെ ബൈബിളിന്റെ ഭാഷയിൽ ദൈവത്തിലേക്കുയർത്തപ്പെട്ടത് യേശു മാത്രമല്ലല്ലോ. ഏലിയാവും ഹാനോക്കുമെല്ലാം അവ്വിധം ഉയർത്തപ്പെട്ടവരാണല്ലോ. “അവർ (ഏലിയാവും എലീശായും) സംസാരിച്ചുകൊണ്ടു നടക്കുമ്പോൾ അഗ്നിരഥവും അഗ്ന്യശ്വങ്ങളും വന്നു അവരെ തമ്മിൽ വേർപിരിച്ചു. അങ്ങനെ ഏലിയാവു ചുഴലിക്കാറ്റിൽ സ്വർഗത്തിലേക്കു കയറി. എലീശാ അതു കണ്ടിട്ടു: എന്റെ പിതാവേ എന്റെ പിതാവേ, യിസ്രായേലിന്റെ തേരും തേരാളിയും എന്നു നിലവിളിച്ചു. പിന്നെ അവനെ കണ്ടില്ല.” (II രാജാക്കൻമാർ 2: 11, 12) ജീവനോടെയാണ് ഏലിയാവിനെ ഉയർത്തിയതെന്ന് ബൈബിളിന്റെ വിശദീകരണ ഗ്രന്ഥങ്ങൾ വ്യക്തമാക്കുന്നു.

“ഹാനോക്കിന്നു അറുപത്തഞ്ചു വയസ്സായപ്പോൾ അവൻ മെഥൂശല

ഹിനെ ജനിപ്പിച്ചു. മെഥൂശലഹിനെ ജനിപ്പിച്ചശേഷം ഹാനോക്ക് മുന്നൂറു സംവത്സരം ദൈവത്തോടു കൂടെ നടക്കുകയും പുത്രൻമാരെയും പുത്രിമാരെയും ജനിപ്പിക്കുകയും ചെയ്തു. ഹാനോക്കിന്റെ ആയുഷ്കാലം ആകെ മുന്നൂറ്ററുപത്തഞ്ചു സംവത്സരമായിരുന്നു. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി." (ഉല്പത്തി 5: 21-24)

വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി. അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് അവൻ എടുക്കപ്പെടുന്നതിന് മുമ്പെ സാക്ഷ്യം പ്രാപിച്ചു. (എബ്രായർക്ക് എഴുതിയ ലേഖനം 11: 5)

ദൈവം യേശുവിനെ തന്നിലേക്കുയർത്തിയത് ദൈവപുത്രനും അതിനാൽ ദൈവവുമായതിന് തെളിവാണെങ്കിൽ ഏലിയാവും ഹാനോക്കും ദൈവപുത്രൻമാരും അതുകൊണ്ടുതന്നെ ദൈവങ്ങളുമാവണമല്ലോ. അവ്വിധം ആരും അവകാശപ്പെടാതിരിക്കെ യേശുവിന്റെ കാര്യത്തിൽ മാത്രമിങ്ങനെ വാദിക്കുന്നതിലൊട്ടും അർഥമില്ല.

IV) ലോകാവസാനത്തിനുമുമ്പ് യേശുവിന്റെ പുനരാഗമനമുണ്ടാവുമെന്നും ലോകം മുഴുവൻ യേശുവിന്റെ അധീനതയിൽ വരുമെന്നും മുഹമ്മദ് നബി തന്നെ പറഞ്ഞിട്ടുണ്ട്. യഥാർഥ രക്ഷകൻ യേശുവാണെന്നല്ലേ ഇത് വ്യക്തമാക്കുന്നത്.?

യേശുവിന്റെ പുനരാഗമനത്തെപ്പറ്റി പറയുന്ന നിരവധി പ്രവാചക വചനങ്ങളുണ്ട്. എന്നാലിത് ഇസ്ലാമിന്റെ മൗലികവിശ്വാസകാര്യങ്ങളിൽപെടുന്ന ഒന്നല്ലെന്നത് പ്രത്യേകം പ്രസ്താവ്യമത്രെ. യേശുവിന്റെ വരവിനെക്കുറിച്ച് അറിയിക്കുന്ന പ്രവാചകവചനങ്ങൾ പരിശോധിച്ചാൽ അദ്ദേഹത്തിന്റെ മുഖ്യ നിയോഗം തന്റെ അനുയായികളെന്നവകാശപ്പെടുന്നവർ തന്റെ പേരിൽ കെട്ടിച്ചമച്ച മിഥ്യകളെ തകർക്കലാണ്. പ്രസ്തുത പ്രവാചകവചനങ്ങൾ ഊന്നിപ്പറയുന്ന കാര്യങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. യേശു വരിക മുഹമ്മദ് നബി തിരുമേനിയുടെ അനുയായി എന്ന നിലയിലായിരിക്കും.

2. യേശു പുതിയ ദൈവിക സന്ദേശവുമായല്ല വരിക. മുഹമ്മദ് നബിയിലൂടെ അവതീർണമായ ദൈവിക ജീവിത വ്യവസ്ഥ നടപ്പാക്കുകയാണ് ചെയ്യുക.

3. യേശു നമസ്കരിക്കുക മുഹമ്മദ് നബി പഠിപ്പിച്ച വിധമായിരിക്കും. നമസ്കാരത്തിന് നേതൃത്വം നൽകുക യേശുവായിരിക്കില്ല. മുഹമ്മദ് നബിയുടെ അനുയായിയായ ഇമാമായിരിക്കും. അദ്ദേഹത്തിന്റെ പിന്നിൽ നിന്നാണ് യേശു നമസ്കരിക്കുക.

4. യേശു മുഹമ്മദ് നബിയുടെ അനുയായികളോടുകൂടെ അവരുടെ നേതൃത്വമേറ്റെടുത്താണ് യുദ്ധം നയിക്കുക. ഇസ്ലാമല്ലാത്ത വ്യാജമതങ്ങളെയൊക്കെ അതിജയിക്കാനാണ് അദ്ദേഹം ആഗതനാവുക.

5. യേശുവിന്റെ നിയോഗത്തിന്റെ മുഖ്യ ലക്ഷ്യങ്ങളിവയത്രെ:

a) കുരിശു തകർക്കുക. b) ജിസ്‌യ ഇല്ലാതാക്കുക. അഥവാ, ജിസ്‌യ നൽകേണ്ടിവരാത്ത അവസ്ഥ സൃഷ്ടിക്കുക. c) ഹജ്ജും ഉംറയും നിർവ ഹിക്കുക. d) ദജ്ജാലിനെ (അന്തിക്രിസ്തു)യും അവന്റെ അനുയായിക ളെയും നശിപ്പിക്കുക.

അതിനാൽ യേശു പുനരാഗമിക്കുക മുഹമ്മദ് നബിയുടെ ഒരനുയായി ആയി അദ്ദേഹം പഠിപ്പിച്ച മാർഗമാണ് രക്ഷയുടെ വഴിയെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തി അതിനെ ഭൂമിയിൽ സ്ഥാപിക്കാനും അതല്ലാത്ത വയെയെല്ലാം പരാജയപ്പെടുത്താനുമാണ്. നാല്പതുവർഷം ജീവിച്ച് ഈ നിയോഗം പൂർത്തീകരിച്ച ശേഷം യേശു മരണമടയുമെന്നും മുസ്‌ലിം കൾ അദ്ദേഹത്തിനുവേണ്ടി പ്രാർഥിക്കുമെന്നും പ്രസ്തുത പ്രവാചക വച നങ്ങൾ പഠിപ്പിക്കുന്നു. ആരാണ് രക്ഷകനെന്നും ഏതാണ് രക്ഷാമാർഗ മെന്നും ഇത് സുതരാം വ്യക്തമാക്കുന്നുണ്ടല്ലോ.

V) പാപരഹിതനും പരമപരിശുദ്ധനുമായി യേശു മാത്രമല്ലേ ഉണ്ടാ യിട്ടുള്ളൂ?

അല്ലെന്നാണ് ബൈബിൾ തന്നെ പഠിപ്പിക്കുന്നത്. സെഖര്യാവ്, ഭാര്യ എലിശബെത്ത് എന്നിവരെക്കുറിച്ച് ഇങ്ങനെ കാണാം: "യെഹൂദ്യ രാജാ വായ ഹെരോദാവിന്റെ കാലത്തു അബിയാക്കൂറിൽ സെഖര്യാവു എന്നു പേരുള്ളൊരു പുരോഹിതൻ ഉണ്ടായിരുന്നു; അവന്റെ ഭാര്യ അഹരോന്റെ പുത്രിമാരിൽ ഒരുത്തിയായിരുന്നു. അവൾക്കു എലിശബെത്ത് എന്നു പേർ. ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്ന വരും ആയിരുന്നു."(ലൂക്കോസ് 1: 5, 6)

മൽക്കി സേദക്കിനെക്കുറിച്ച് ഇങ്ങനെ വായിക്കാം: "അവനു പിതാ വില്ല, മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനവുമില്ല. അവൻ ദൈവപുത്രനു തുല്യനായി എന്നേക്കും പുരോഹിതനായിരി ക്കുന്നു." (എബ്രായേർ 7: 3)

## അധ്യായം ആറ്

# പാപപരിഹാരം ബൈബിളിലും ഖുർആനിലും

മനുഷ്യജീവിതത്തിന്റെ പരമമായ ലക്ഷ്യം നരകശിക്ഷയിൽനിന്ന് രക്ഷ പ്രാപിച്ച് സ്വർഗം നേടലാണെന്ന് ബൈബിളും ഖുർആനും പഠിപ്പിക്കുന്നു. സ്വർഗജീവിതം ശാശ്വതമാണെന്ന് ഖുർആനും അതിന്നുടമയാകൽ നിത്യ ജീവൻ നേടലാണെന്ന് ബൈബിളും പറയുന്നു. സ്വർഗരാജ്യത്തെ ബൈബിൾ ദൈവരാജ്യമെന്നും വിശേഷിപ്പിച്ചിട്ടുണ്ട്. അതിനു വഴിയൊരുക്കുന്ന ദൈവദൂതനായ യേശുവിനെ ബൈബിൾ പുതിയനിയമം 24 പ്രാവശ്യം രക്ഷകൻ എന്ന് പരിചയപ്പെടുത്തിയിരിക്കുന്നു. ബൈബിൾ നിത്യജീവനെ 43 തവണയും സ്വർഗരാജ്യത്തെ 33 തവണയും ദൈവരാജ്യത്തെ 67 തവണയും നരകത്തെ 13 തവണയും പരാമർശിച്ചിരിക്കുന്നു.

സ്വർഗരാജ്യത്തിന്നവകാശിയാകാനുള്ള മാർഗം പാപരഹിതരാകലാണെന്ന് ബൈബിളും ഖുർആനും വ്യക്തമാക്കുന്നു. അതോടൊപ്പം ഏറ്റവും പാപരഹിതർ ശിശുക്കളാണെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു. എല്ലാവരും പരിശുദ്ധരായാണ്; പാപികളായല്ല ജനിക്കുന്നതെന്നർഥം. ബൈബിളിലിങ്ങനെ കാണാം:

"അവൻ തൊടേണ്ടതിന്നു ചിലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവന്നു; ശിഷ്യന്മാരോ അവരെ ശാസിച്ചു. യേശു അതു കണ്ടാറെ മുഷിഞ്ഞു അവരോടു: ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരതെടുക്കരുത്; ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ. ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. പിന്നെ അവൻ അവരെ അണച്ചു അവരുടെ മേൽ കൈവെച്ചു, അവരെ അനുഗ്രഹിച്ചു.(മാർക്കോസ് 10: 13–16, ലൂക്കോസ് 18: 15–17)

"ആ നാഴികയിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കെ വന്നു. സ്വർഗരാജ്യത്തിൽ ഏറ്റവും വലിയവർ ആർ എന്നു ചോദിച്ചു. അവൻ ഒരു ശിശുവിനെ അടുക്കെ വിളിച്ചു അവരുടെ നടുവിൽ നിർത്തി. നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയി വരുന്നില്ല എങ്കിൽ സ്വർഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു" (മത്തായി 18: 1–3)

"അവൻ കൈവെച്ചു പ്രാർഥിക്കേണ്ടതിന്നു ചിലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവന്നു; ശിഷ്യന്മാർ അവരെ വിലക്കി. യേശുവോ; ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്; സ്വർഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ എന്നു പറഞ്ഞു. അങ്ങനെ അവൻ അവരുടെ മേൽ കൈവെച്ചു. പിന്നെ അവിടെ നിന്നു യാത്രയായി." (മത്തായി 19: 13–15)

"അവൻ തൊടേണ്ടതിന്നു ചിലർ ശിശുക്കളെയും അവന്റെ അടുക്കൽ കൊണ്ടുവന്നു; ശിഷ്യന്മാർ അതു കണ്ടു അവരെ ശാസിച്ചു. യേശുവോ

അവരെ അരികത്തു വിളിച്ചു. പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്; ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതു ആകുന്നു. ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരു നാളും അതിൽ കടക്കുകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു."(ലൂക്കോസ് 18: 15-17)

"ഒരു ശിശുവിനെ എടുത്തു നടുവിൽ നിർത്തി അണച്ചുകൊണ്ടു അവരോടു: ഇങ്ങനെയുള്ള ശിശുക്കളിൽ ഒന്നിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവനോ എന്നെയല്ല എന്നെ അയച്ചവനെ കൈക്കൊള്ളുന്നു എന്നു പറഞ്ഞു:" (മാർക്കോസ്: 9: 36, 37)

ശിശുക്കളെല്ലാം പരിശുദ്ധരാണെന്നും പാപികളല്ലെന്നും ഇസ്ലാമും ഊന്നിപ്പറയുന്നു:

"മനുഷ്യനെ നാം ഏറ്റം നല്ല നിലയിൽ സൃഷ്ടിച്ചിരിക്കുന്നു.(ഖുർആൻ 95: 4)

നബി തിരുമേനി അരുൾ ചെയ്യുന്നു: "എല്ലാ കുഞ്ഞുങ്ങളും ജനിക്കുന്നത് പരിശുദ്ധരായാണ്."(ബുഖാരി)

കളങ്കമില്ലാതെ ഹജ്ജ് കർമം നിർവഹിച്ചവരെ സംബന്ധിച്ച് പ്രവാചകൻ പരിചയപ്പെടുത്തിയത് മാതാവ് പ്രസവിച്ച ദിനത്തിലെ ശിശുവിനെപ്പോലെ എന്നാണ്.(ബുഖാരി)

പാപരഹിതരും പരിശുദ്ധരുമായി ജനിച്ച ശിശുക്കൾ വളർന്നു വലുതായശേഷം അവരിൽനിന്ന് തെറ്റുകുറ്റങ്ങൾ സംഭവിച്ച് അവർ പാപികളായിത്തീർന്നാൽ പിന്നെയെന്തു ചെയ്യണം? പാപപരിഹാരത്തിന്റെ വഴി ഏത്? ഇവിടെയും ബൈബിളും ഖുർആനും പഠിപ്പിക്കുന്നതു ഒന്നുതന്നെ. പ്രപഞ്ചനാഥനായ ദൈവത്തോടു ആത്മാർഥമായി പശ്ചാത്തപിച്ച് ദൈവകൽപനകൾ പാലിച്ചു ജീവിക്കലാണത്. സക്കായി എന്ന ചുങ്കക്കാരന് പാപമോചനം സാധിച്ച് രക്ഷകിട്ടിയ കാര്യം ബൈബിൾ ഇങ്ങനെ വിശദീകരിക്കുന്നു:

"അവൻ യെരീഹോവിൽ എത്തി കടന്നുപോകുമ്പോൾ ചുങ്കക്കാരിൽ പ്രമാണിയും ധനവാനുമായ സക്കായി എന്നു പേരുള്ളൊരു പുരുഷൻ, യേശു എങ്ങനെയുള്ളവൻ എന്നു കാണ്മാൻ ശ്രമിച്ചു; വളർച്ചയിൽ കുറിയവൻ ആകകൊണ്ടു പുരുഷാരം നിമിത്തം കഴിഞ്ഞില്ല. എന്നാറെ അവൻ മുമ്പോട്ടു ഓടി, അവനെ കാണ്മേണ്ടതിന്നു ഒരു കാട്ടത്തിമേൽ കയറി. യേശു ആ വഴിയായി വരികയായിരുന്നു. അവൻ ആ സ്ഥലത്തു എത്തിയപ്പോൾ മേലോട്ടു നോക്കി; സക്കായിയേ, വേഗം ഇറങ്ങി വാ; ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു എന്നു അവനോടു പറഞ്ഞു. അവൻ ബദ്ധപ്പെട്ടു ഇറങ്ങി സന്തോഷത്തോടെ അവനെ കൈകൊണ്ടു. കണ്ടവർ എല്ലാം: അവൻ പാപിയായൊരു മനുഷ്യനോടു കൂടെ പാർപ്പാൻ പോയി എന്നു പറഞ്ഞു പിറുപിറുത്തു. സക്കായിയോ നിന്നു കർത്താവിനോടു: കർത്താവേ എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ട്; വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലു മടങ്ങു

മടക്കിക്കൊടുക്കുന്നു എന്നു പറഞ്ഞു. യേശു അവനോട്: ഇവനും അബ്ര ഹാമിന്റെ മകൻ ആകയാൽ ഇന്നു ഈ വീട്ടിന്നു രക്ഷവന്നു. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു എന്നു പറഞ്ഞു." (ലൂക്കോസ് 19: 1-10)

പ്രായശ്ചിത്തം ചെയ്തു പശ്ചാത്തപിക്കലാണ് രക്ഷയുടെ വഴിയെന്നു പഠിപ്പിക്കുന്ന ബൈബിൾ, വിട്ടുവീഴ്ചയും പാപമോചനത്തിന് മാർഗമൊ രുക്കുമെന്ന് വെളിപ്പെടുത്തുന്നു:

"നിങ്ങൾ പ്രാർഥിപ്പാൻ നിൽക്കുമ്പോൾ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിന്നു നിങ്ങൾക്കു ആരോ ടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോടു ക്ഷമിപ്പിൻ. നിങ്ങൾ ക്ഷമി ക്കാഞ്ഞാലോ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴക ളെയും ക്ഷമിക്കയില്ല."(മാർക്കോസ്: 11: 25, 26)

പശ്ചാത്താപവും മാപ്പിരക്കലുമാണ് പാപപരിഹാരത്തിന്റെ പാതയെന്ന് വിശുദ്ധ ഖുർആനും ഊന്നിപ്പറയുന്നു:

"വിശ്വസിച്ചവരേ, ദൈവത്തോട് പശ്ചാത്തപിക്കുവിൻ. നിഷ്കളങ്കമായ പശ്ചാതാപം. നിങ്ങളുടെ നാഥൻ നിങ്ങളുടെ പാപങ്ങൾ ദൂരീകരിക്കുകയും നിങ്ങളെ അടിഭാഗത്തിലൂടെ അരുവികളൊഴുകുന്ന ആരാമങ്ങളിൽ പ്രവേ ശിപ്പിക്കുകയും ചെയ്തേക്കും."(66: 8)

"നിങ്ങൾ അല്ലാഹുവിനോട് മാപ്പിരക്കുവിൻ. അവങ്കലേക്കു പശ്ചാ ത്തപിച്ചു മടങ്ങുവിൻ. തീർച്ചയായും എന്റെ നാഥൻ സമീപസ്ഥനാകുന്നു. അവൻ പ്രാർഥനകൾക്കു ഉത്തരം നൽകുന്നവനുമാകുന്നു."(11: 61)

"നിങ്ങൾ നിങ്ങളുടെ നാഥനോട് മാപ്പിരക്കുക. എന്നിട്ട് അവങ്കലേക്കു പശ്ചാത്തപിച്ചു മടങ്ങുക. നിസ്സംശയം; എന്റെ നാഥൻ ദയാപരനാകുന്നു. തന്റെ സൃഷ്ടികളോടു ഏറെ സ്നേഹമുള്ളവനും."(11: 90)

വിശ്വാസംകൊണ്ടു മാത്രം രക്ഷനേടാനാവില്ലെന്നും ദൈവകൽപന കൾ പാലിച്ചു ജീവിച്ചാൽ മാത്രമേ സ്വർഗത്തിൽ നിത്യജീവന് അർഹമാ വുകയുള്ളൂവെന്നും ബൈബിളും ഖുർആനും വ്യക്തമാക്കുന്നു.

"അനന്തരം ഒരുത്തൻ വന്നു അവനോടു: ഗുരോ, നിത്യജീവനെ പ്രാപി പ്പാൻ ഞാൻ എന്തു നന്മ ചെയ്യേണം എന്നു ചോദിച്ചതിനു അവൻ: എന്നോടു നന്മയെക്കുറിച്ചു ചോദിക്കുന്നതു എന്തു? നല്ലവൻ ഒരുത്തനേ ഉള്ളു. ജീവനിൽ കടപ്പാൻ ഇഛിക്കുന്നുവെങ്കിൽ കല്പനകളെ പ്രമാണിക്ക എന്നു അവനോടു പറഞ്ഞു. അവ ഏവ എന്നു അവൻ ചോദിച്ചതിനു യേശു: കൊല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്; കള്ള സാക്ഷ്യം പറയരുത്; അപ്പനെയും അമ്മയെയും ബഹുമാനിക്ക, കൂട്ടു കാരനെ നിന്നെപ്പോലെത്തന്നെ സ്നേഹിക്ക; എന്നിവ തന്നേ എന്നു പറഞ്ഞു" (മത്തായി 19:16-19)

മാർക്കോസ് 10: 17-19 ലൂക്കോസ് 18: 18-20 എന്നിവയിലും യേശു വിന്റെ ഈ ഉദ്ബോധനം കാണാം. അതിനാൽ യേശു നിയോഗിതനാ യത് മോസസിലൂടെ നൽകപ്പെട്ടത് ന്യായപ്രമാണങ്ങളെ നടപ്പിൽ വരു ത്താനാണ്. ഇക്കാര്യം യേശു തന്നെ വ്യക്തമാക്കുന്നു: "ഞാൻ ന്യായപ്ര

മാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുത്. നീക്കുവാനല്ല; നിവർത്തിപ്പാനത്രേ ഞാൻ വന്നതു. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്ന് ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരു നാളും ഒഴിഞ്ഞുപോവുകയില്ല. ആകയാൽ ഈ ഏറ്റവും ചെറിയ കൽപനകളിൽ ഒന്നു അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും; അവയെ ആചരിക്കയും പഠിപ്പിക്കയും ചെയ്യുന്നവന്നോ സ്വർഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും."(മത്തായി 5: 17-19)

തുടർന്ന് ഒട്ടേറെ സാമൂഹിക മര്യാദകൾ പഠിപ്പിക്കുന്ന ബൈബിൾ നമസ്കരിക്കാനും നോമ്പനുഷ്ഠിക്കാനും ആവശ്യപ്പെടുന്നു:

"വരുവിൻ, നാം വണങ്ങി നമസ്കരിക്ക; നമ്മെ നിർമിച്ച യഹോവയുടെ മുമ്പിൽ മുട്ടുകുത്തുക."(സങ്കീർത്തനങ്ങൾ 95: 6)

"അപ്പോൾ യോശുവ സാഷ്ടാംഗം വീണു നമസ്കരിച്ചു."(യോശുവ 5: 14)

"ഏലിയാവോ കർമ്മേൽ പർവതത്തിന്റെ മുകളിൽ കയറി നിലത്തു കുനിഞ്ഞ് മുഖം തന്റെ മുഴങ്കാലുകളുടെ നടുവിൽ വെച്ചു."(1 രാജാക്കന്മാർ 18: 42)

"എന്നാറെ മോശെയും അഹരോനും സഭയുടെ മുമ്പിൽനിന്ന് സമാഗമന കൂടാരത്തിന്റെ വാതിൽക്കൽ ചെന്നു കവിണ്ണുവീണു."(സംഖ്യാപുസ്തകം 20: 6)

"പിന്നെ അവൻ (യേശു) അല്പം മുമ്പോട്ടു ചെന്നു കവിണ്ണുവീണു: പിതാവേ കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇഛിക്കുംപോലെ അല്ല; നീ ഇഛിക്കും പോലെ ആകട്ടെ എന്നു പ്രാർഥിച്ചു."(മത്തായി 26: 39)

"ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയ മുഖം കാണിക്കരുത്; അവർ ഉപവസിക്കുന്നതു മനുഷ്യർക്കു വിളങ്ങേണ്ടതിന്നു മുഖം വിരൂപമാക്കുന്നു; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യർക്കല്ല രഹസ്യത്തിലുള്ള നിന്റെ പിതാവിന്നു വിളങ്ങേണ്ടതിന്നു തലയിൽ എണ്ണ തേച്ചു മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം നൽകും."(മത്തായി 6: 16-18)

ആരാധനാ കർമങ്ങളിലും സാമൂഹിക മര്യാദകളിലുമെന്നപോലെ പരിഛേദന; അഭിവാദ്യം പോലുള്ളവയിലും ബൈബിളിന്റെ അധ്യാപനങ്ങളിലും ഇസ്ലാമിക നിയമങ്ങളിലും വ്യക്തമായ സമാനത കാണാം:

"മോശെ നിങ്ങൾക്കു പരിച്ഛേദന നിയമിച്ചിരിക്കയാൽ- അതു മോശെയുടെ കാലത്തല്ല, പിതാക്കന്മാരുടെ കാലത്തത്രെ തുടങ്ങിയതു- നിങ്ങൾ

ശബ്ദത്തിൽ മനുഷ്യനെ പരിച്ഛേദന കഴിക്കുന്നു. മോശെയുടെ ന്യായ പ്രമാണത്തിനു നീക്കം വരാതിരിപ്പാൻ ശബ്ദത്തിലും മനുഷ്യൻ പരിച്ഛേദന ഏല്ക്കുന്നു എങ്കിൽ ഞാൻ ശബ്ദത്തിൽ ഒരു മനുഷ്യനെ മുഴുവനും സൗഖ്യമാക്കിയതിനാൽ എന്നോടു ഈർഷ്യപ്പെടുന്നുവോ?" (യോഹന്നാൻ 7: 22, 23)

"ഇങ്ങനെ അവർ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ അവൻ അവരുടെ നടുവിൽനിന്ന് (നിങ്ങൾക്ക് സമാധാനം എന്നു പറഞ്ഞു)" (ലൂക്കോസ് 24: 36)

'നിങ്ങൾക്കു സമാധാനം' എന്നത് അറബിയിലെ 'അസ്സലാമു അലൈക്കും' ഹിബ്രുവിലെ 'ശലോം അലൈകും' എന്നിവയുടെ പരിഭാഷയാണല്ലോ. നബിതിരുമേനി ആവശ്യപ്പെട്ടപ്രകാരം യേശുവും സമാധാനമാശംസിക്കാൻ കല്പിക്കുന്നു.

"ഏതു വീട്ടിൽ എങ്കിലും ചെന്നാൽ; ഈ വീട്ടിന്നു സമാധാനം എന്നു ആദ്യം പറവിൻ, അവിടെ ഒരു സമാധാനപുത്രൻ ഉണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവന്മേൽ വസിക്കും; ഇല്ലെന്നു വരികിലോ നിങ്ങളിലേക്കു മടങ്ങിപ്പോരും."(ലൂക്കോസ്: 10 5, 6)

"യേശു പിന്നെയും അവരോട്: നിങ്ങൾക്കു സമാധാനം; പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നു പറഞ്ഞു."(യോഹന്നാൻ 20: 21)

"എട്ടു ദിവസം കഴിഞ്ഞിട്ടു ശിഷ്യന്മാർ പിന്നെയും അകത്തു കൂടിയിരിക്കുമ്പോൾ തോമാസും ഉണ്ടായിരുന്നു. വാതിൽ അടച്ചിരിക്കെ യേശു വന്നു നടുവിൽ നിന്നുകൊണ്ടു: നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു."(യോഹന്നാൻ 20: 26)

വിശ്വാസത്തോടൊപ്പം മുഴു ജീവിതത്തിലും ദൈവകൽപനകൾ പ്രമാണിച്ചു സൽകർമങ്ങളനുഷ്ഠിച്ചു ജീവിച്ചാൽ മാത്രമേ നരകശിക്ഷയിൽനിന്നു രക്ഷപ്പെട്ട് സ്വർഗാവകാശിയാവുകയുള്ളൂവെന്ന് ബൈബിളിനെപ്പോലെ ഖുർആനും അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു:

"കാലമാണ് സത്യം, മനുഷ്യരൊക്കെയും കൊടിയ നഷ്ടത്തിലാകുന്നു. സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും സത്യം സ്വീകരിക്കാനും ക്ഷമയവലംബിക്കാനും പരസ്പരം ഉപദേശിക്കുകയും ചെയ്തവരൊഴികെ."(ഖുർആൻ 103: 1-3)

ചുരുക്കത്തിൽ ആരും പാപികളായല്ല പിറക്കുന്നത്; മറിച്ച് പരിശുദ്ധരായാണ്. സത്യവിശ്വാസമുൾക്കൊണ്ടും സൽക്കർമങ്ങളനുഷ്ഠിച്ചും ദൈവകൽപനകളെ പ്രമാണിക്കുന്നവരാണ് സ്വർഗാവകാശികളായി വിജയം വരിച്ച് നിത്യജീവൻ നേടുക. അതിനു വിരുദ്ധമായി പാപംചെയ്താലുള്ള പരിഹാരം പ്രായശ്ചിത്തവും പശ്ചാതാപവും ദൈവത്തോടു മാപ്പിരക്കലുമാണ്. അതുകൊണ്ടുതന്നെ ഒരാൾക്കും പിതാവുൾപ്പെടെ മറ്റാരുടെയും പാപഫലം അനുഭവിക്കേണ്ടിവരില്ല.

"മക്കൾക്കു പകരം അപ്പന്മാരും അപ്പൻമാർക്കു പകരം മക്കളും മരണശിക്ഷ അനുഭവിക്കരുത്. താന്താന്റെ പാപത്തിന് താന്താൻ മരണ

ശിക്ഷ അനുഭവിക്കേണം."(ആവർത്തനപുസ്തകം 24: 16)

"അപ്പന്മാർ പച്ച മുന്തിരിങ്ങാ തിന്നു മക്കളുടെ പല്ലു പുളിച്ചു എന്നു അവർ പറയുകയില്ല. ഓരോരുത്തൻ താന്താന്റെ അകൃത്യം നിമിത്തമത്രേ മരിക്കുന്നത്. പച്ച മുന്തിരിങ്ങാ തിന്നുന്നവന്റെ പല്ലേ പുളിക്കുകയുള്ളൂ." (യിരമ്യാവ് 31: 29, 30)

"മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട; അപ്പൻ മകന്റെ അകൃത്യവും വഹിക്കേണ്ട. നീതിമാന്റെ നീതി അവന്റെ മേലും ദുഷ്ടന്റെ ദുഷ്ടത അവന്റെ മേലും ഇരിക്കും. എന്നാൽ ദുഷ്ടൻ താൻ ചെയ്ത സകല പാപങ്ങളെയും വിട്ടു തിരിഞ്ഞു എന്റെ ചട്ടങ്ങളെയൊക്കെയും പ്രമാണിച്ചു, നീതിയും ന്യായവും പ്രവർത്തിക്കുന്നു എങ്കിൽ, അവൻ മരിക്കാതെ ജീവിച്ചിരിക്കും. അവൻ ചെയ്ത അതിക്രമങ്ങളിൽ ഒന്നിനെയും അവനു കണക്കിടുകയില്ല; അവൻ ചെയ്ത നീതിയാൽ അവൻ ജീവിക്കും. ദുഷ്ടന്റെ മരണത്തിൽ എനിക്കു അല്പമെങ്കിലും താല്പര്യം ഉണ്ടോ? അവൻ തന്റെ വഴികളെ വിട്ടു വിട്ടുതിരിഞ്ഞു. ജീവിക്കേണമെന്നല്ലയോ എന്റെ താല്പര്യം എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു."(യെഹേസ്കേൽ 18: 20–23)

"മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തന്നും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നൽകും."(മത്തായി 17: 27)

വിശുദ്ധഖുർആൻ പറയുന്നു: "ഓരോ മനുഷ്യനും താൻ നേടിയതിനോട് കടപ്പെട്ടവനാകുന്നു."(52: 21)

"ആരെങ്കിലും അണു അളവ് നന്മ ചെയ്തിട്ടുണ്ടെങ്കിൽ അന്ന് അതവൻ കാണും. ആരെങ്കിലും അണുഅളവ് തിന്മ ചെയ്തിട്ടുണ്ടെങ്കിൽ അതും അന്ന് അവൻ കാണും."(99: 7, 8)

"ഓരോ മനുഷ്യനും എന്തു സമ്പാദിക്കുന്നുവോ, അതിന്റെ ഉത്തരവാദി അയാൾ തന്നെയാകുന്നു. ഭാരം ചുമക്കുന്ന യാതൊരുവനും മറ്റൊരുവന്റെ ഭാരം ചുമക്കുകയില്ല."(6: 164)

"ആർ സന്മാർഗം സ്വീകരിക്കുന്നുവോ അത് അവന്റെ തന്നെ ഗുണത്തിന്നു വേണ്ടിയാകുന്നു. ആർ ദുർമാർഗിയാകുന്നുവോ അതിന്റെ ദോഷവും അവന്നുതന്നെ. ഭാരം വഹിക്കുന്നവരാരും തന്നെ മറ്റൊരുവന്റെ ഭാരം വഹിക്കുകയില്ല."(17: 15)

അതുകൊണ്ടുതന്നെ ആദിമ മനുഷ്യനായ ആദാം പാപം ചെയ്തതിനാൽ എല്ലാ മനുഷ്യരും പാപികളായാണ് പിറക്കുന്നതെന്ന ധാരണ ബൈബിളിന്റെയും ഖുർആന്റെയും അധ്യാപനങ്ങൾക്കെതിരാണ്. പാപ പരിഹാരാർഥം യേശു കുരിശിലേറി സ്വന്തം ജീവനെ മറുവിലയായി നൽകിയെന്ന ധാരണയെയും ഖുർആൻ തിരുത്തുന്നു. അത് യഹൂദർ ചമച്ചുണ്ടാക്കിയ വ്യാജകഥയാവാനാണ് സാധ്യത. ജൂതന്മാർ യേശുവിനെ ശക്തിയായി എതിർത്തുകൊണ്ടിരുന്നു. സാധ്യമായ സകല മാർഗവുമുപയോഗിച്ച് അവർ അദ്ദേഹത്തിന്നും അദ്ദേഹത്തിന്റെ ദൗത്യത്തിനുമെതിരെ നിലകൊണ്ടു. പരമാവധി അദ്ദേഹത്തെ പരിഹസിക്കുകയും

പീഡിപ്പിക്കുകയും ചെയ്തു. യേശു ജാരപുത്രനും വ്യാജവാദിയുമാണെന്നവർ നിരന്തരം പ്രചരിപ്പിച്ചുകൊണ്ടിരുന്നു . അതിന്റെ ഭാഗമായാണ് കുരിശിലേറ്റി കൊന്നുവെന്ന ജൂതഅവകാശവാദം. ആവർത്തനപുസ്തകത്തിലെ 21: 21, 22 വചനമനുസരിച്ച് യേശു ശപിക്കപ്പെട്ടവനാണെന്ന് സ്ഥാപിക്കലായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ വിശുദ്ധഖുർആൻ ജൂതന്മാരുടെ ഈ വ്യാജപ്രചാരണത്തെ ശക്തമായി നിഷേധിച്ച് സത്യസ്ഥിതി വ്യക്തമാക്കുകയുണ്ടായി: "യഹൂദർ പറഞ്ഞു: മർയമിന്റെ മകൻ മസീഹ് ഈസായെ, ദൈവദൂതനെ ഞങ്ങൾ വധിച്ചു കളഞ്ഞിട്ടുണ്ട്; സത്യമോ അവരദ്ദേഹത്തെ വധിച്ചിട്ടില്ല. ക്രൂശിച്ചിട്ടുമില്ല. പിന്നെയോ സംഭവം അവർക്ക് അവ്യക്തമാവുകയത്രെ ഉണ്ടായത്. അദ്ദേഹത്തെക്കുറിച്ചുള്ള ഭിന്നാഭിപ്രായമുള്ളവരും സംശയഗ്രസ്തർ തന്നെ. അവരുടെയടുക്കൽ ആ സംഭവത്തെ സംബന്ധിച്ച യാതൊരറിവുമില്ല. ഊഹത്തെ പിന്തുടരുന്നതല്ലാതെ. അവർ മസീഹിനെ ഉറപ്പായും വധിച്ചിട്ടില്ല. പ്രത്യുത, അദ്ദേഹത്തെ അല്ലാഹു അവങ്കലേക്കുയർത്തിയതാകുന്നു. അല്ലാഹു അജയ്യനും അഭിജ്ഞനുമല്ലോ."(ഖുർആൻ 4: 157, 158)

യേശുവിന്റെ അന്ത്യത്തെ സംബന്ധിച്ച് ജനം അവ്യക്തതയിലും ആശയക്കുഴപ്പത്തിലും ഭിന്നാഭിപ്രായത്തിലുമാണെന്ന ഖുർആന്റെ പ്രസ്താവം പൂർണമായും ശരിയാണെന്ന് ബൈബിളിലെ ഇവ്വിഷയകമായ പരസ്പര വൈരുധ്യം തെളിയിക്കുന്നു. പാപപരിഹാരാർഥമുള്ള യേശുവിന്റെ കുരിശേറ്റമെന്ന സങ്കൽപം പിൽക്കാലത്തുണ്ടായതാണെന്ന് എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക വ്യക്തമാക്കുന്നു. അതിൽ പ്രമുഖ ക്രൈസതവ പണ്ഡിതനായ റവറന്റ് ചിറത്സ എൻഡോഴ്സൺ എഴുതുന്നു: "യേശുക്രിസ്തുവിന്റെ പരീക്ഷണ വൃത്താന്തം(കുരിശുസംഭവം) മൂന്നു സുവിശേഷങ്ങളിലും അതിന്റെ മഹത്വത്തിനു യോജിക്കും വണ്ണം ശക്തിയുക്തം പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ 'ജീവനെ മറുവിലയായി കൊടുക്കുക'(10: 45) എന്ന മാർക്കോസിന്റെ പ്രയോഗവും അവസാന 'പെസഹ'യുടെ സന്ദർഭത്തിൽ അദ്ദേഹം പറഞ്ഞ മറ്റു ചില വാക്കുകളുമൊഴിച്ചാൽ ആ സംഭവത്തിനു പില്കാലത്തു നൽകപ്പെട്ടിട്ടുള്ള അർഥം മുമ്പ് വല്ലപ്പോഴെങ്കിലും നൽകിയതായി കാണുകയില്ല. മനുഷ്യന്റെ പാപവുമായോ പാപമോചനവുമായോ അദ്ദേഹത്തിന്റെ മരണത്തിനു വല്ല ബന്ധവുമുണ്ടെന്നതിലേക്കു ഒരു എളിയ സൂചന പോലും ആ സുവിശേഷങ്ങളിൽ കാണുകയില്ല."(1954-ലെ പതിപ്പിൽനിന്ന് )

അധ്യായം ഏഴ്

# ക്രൈസ്തവ സാക്ഷ്യം

**ദൈ**വിക ഗ്രന്ഥത്തിന്റെ സവിശേഷത ആശയങ്ങളിൽ മാത്രമല്ല; അതിന്റെ ഭാഷയിലും ശൈലിയിലും പ്രയോഗങ്ങളിലുമെല്ലാം ഉൾക്കൊള്ളുന്നതാണെന്നതിനാൽ യേശുവിലൂടെ അവതീർണമായ ദിവ്യസന്ദേശം അതിന്റെ തനിമയോടെ മൂലഭാഷയിൽ ലഭ്യമല്ലെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമത്രെ. ഇതുകൂടി പരിഗണിക്കുമ്പോൾ യേശുവിന്റെ ശരിയായ ചരിത്രവും സന്ദേശവും മനസ്സിലാക്കാൻ ഇന്ന് ഏറ്റവും അവലംബനീയം പിന്നീട് വരുമെന്ന് മോശെയും യേശുവും സുവിശേഷമറിയിച്ച പ്രവാചകൻ (ആവർത്തനപുസ്തകം 18: 17-19; യോഹന്നാൻ 14:16, 14: 26, 14: 29,30, 15: 26, 27, 16: 7-15) മുഹമ്മദ് നബിയിലൂടെ അവതീർണമായ ദൈവികഗ്രന്ഥമായ വിശുദ്ധ ഖുർആനാണെന്ന് ഏവർക്കും ബോധ്യമാകും. മനുഷ്യന്റെ ഭാഗത്തുനിന്നുള്ള വെട്ടിച്ചുരുക്കലും കൂട്ടിച്ചേർക്കലും മാറ്റത്തിരുത്തലും ഉൾപ്പെടെ എല്ലാറ്റിൽനിന്നും തീർത്തും മോചിതമായി മൂലഭാഷയിൽ പൂർണ സ്വഭാവത്തിൽ നിലനിൽക്കുന്ന ഏക വേദഗ്രന്ഥം അതു മാത്രമാണല്ലോ.

ഖുർആനിക വിവരണത്തെ ശരിവെക്കുന്ന നിരവധി ക്രൈസ്തവ സാക്ഷ്യങ്ങൾ സത്യാന്വേഷകർക്ക് നിഷ്പ്രയാസം കണ്ടെത്താൻ കഴിയും. വേദപുസ്തക നിഘണ്ടു എഴുതുന്നു: "ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ യേശു യഥാർഥ മനുഷ്യത്വമുള്ളവനാണെന്ന് കാണുന്നു. അവൻ ശരീരത്തിലും ബുദ്ധിയിലും സ്വാഭാവികമായ വളർച്ചപ്രാപിച്ചു. വിശപ്പും ദാഹവും അനുഭവിച്ചു. ഉപദ്രവങ്ങൾ സഹിച്ചു. സന്തോഷം, ദുഃഖം, സ്നേഹം, കോപം ആദിയായവ എല്ലാ മനുഷ്യരെയും പോലെ അവന്നും ഉണ്ടായിരുന്നു. സാധാരണ മനുഷ്യരെക്കാളും ജ്ഞാനിയായിരുന്നുവെങ്കിലും സർവജ്ഞത ഉണ്ടായിരുന്നില്ല.... അത്തി വൃക്ഷത്തിൽ ഫലമുണ്ടായിരിക്കുമെന്നു വിചാരിച്ച് ചെന്ന് നോക്കുമ്പോൾ ഫലമുണ്ടായിരുന്നില്ല. അവൻ പ്രവർത്തിച്ച അദ്ഭുതങ്ങൾ സ്വന്തം പ്രവൃത്തിയാലല്ല, ദൈവവിശ്വാസത്താലാണ് ചെയ്തതെന്ന് വിചാരിപ്പാൻ ന്യായമുണ്ട്. യേശു അവതാര പുരുഷനായി വന്നപ്പോൾ അവനു മനുഷ്യചിത്തവും ദൈവചിത്തവും എന്നിങ്ങനെ രണ്ടു ചിത്തങ്ങൾ ഉണ്ടായിരുന്നുവെന്ന് ചിലർ അഭിപ്രായപ്പെടുന്നു. അതിന് ഈ സുവിശേഷങ്ങളിൽ യാതൊരു ആധാരവുമില്ല." (റവ. എ.സി. ക്ലേയിറ്റൻ: വേദപുസ്തക നിഘണ്ടു, പുറം: 413)

പ്രമുഖ ക്രൈസ്തവ പണ്ഡിതനായ റവറന്റ് ചിറത്സ് എൻഡേഴ്സൺ സ്കോട്ട് പറയുന്നു: "ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ (മത്തായി, മാർക്കോസ്, ലൂക്കോസ്) അവയുടെ ലേഖകൻമാർ യേശുക്രിസ്തുവിനെ ഒരു മനുഷ്യനിൽ കവിഞ്ഞു മറ്റു വല്ലതുമായി മനസ്സിലാ

ക്കിയിരുന്നുവെന്നൂഹിക്കാവുന്ന ഒന്നും കാണുന്നില്ല. അവരുടെ ദൃഷ്ടിയിൽ അദ്ദേഹം ഒരു മനുഷ്യനായിരുന്നു. ദൈവത്തിന്റെ ആത്മാവിനാൽ അനുഗൃഹീതനായ ഒരു മനുഷ്യൻ; ദൈവവുമായി സദാ ബന്ധമുള്ള ഒരു മനുഷ്യൻ. തൻമൂലം അദ്ദേഹത്തെ ദൈവപുത്രൻ എന്നു വിളിക്കുകയാണെങ്കിൽ അത് യുക്തമായിരിക്കും. മത്തായി അദ്ദേഹത്തെ ആശാരിയുടെ പുത്രനായി വിവരിച്ചിരിക്കുന്നു. ഒരിടത്ത് പത്രോസ് അദ്ദേഹത്തെ മിശിഹയായി അംഗീകരിച്ചശേഷം, 'അവനെ വേറിട്ടു കൊണ്ടു പോയി ശാസിച്ചു തുടങ്ങി' എന്നും പറഞ്ഞിരിക്കുന്നു (മത്തായി 16: 22). കുരിശു സംഭവത്തിന്റെ ശേഷം ക്രിസ്തുവിന്റെ രണ്ടു ശിഷ്യൻമാർ 'എമ്മുവുസ്സി'ൽ കടന്നുചെന്നു അദ്ദേഹത്തെ പ്രവാചകൻ എന്ന് അഭിസംബോധനചെയ്തത് ലൂക്കോസിൽ നാം കാണുന്നു. 'ദൈവത്തിനും സകലജനത്തിനും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്ന, നസറായനായ യേശു' (ലൂക്കോസ് 24: 19) എന്ന്." ഇവിടെ ഒരു സംഗതി പ്രത്യേകം ശ്രദ്ധേയമത്രെ: ആദ്യം രചിക്കപ്പെട്ട മാർക്കോസിന്റെ സുവിശേഷത്തിലൊരിടത്തും 'ലോർഡ്'(കർത്താവ്) എന്ന പേരിൽ അദ്ദേഹത്തെ അനുസ്മരിച്ചതായി നാം കാണുന്നില്ല. മറിച്ചു, ആ പദം ദൈവത്തിനു പ്രയോഗിച്ചതായി ധാരാളം കാണാവുന്നതാണ്. എൻഡേഴ്സൺ തുടരുന്നു: "യേശുക്രിസ്തുവിന്റെ പരീക്ഷണ വൃത്താന്തം (കുരിശു സംഭവം) മൂന്നു സുവിശേഷങ്ങളിലും അതിന്റെ മഹത്ത്വത്തിനു യോജിക്കും വണ്ണം ശക്തിയുക്തം പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ 'ജീവനെ മറുവിലയായി കൊടുക്കുക' (10: 45) എന്ന മാർക്കോസിന്റെ പ്രയോഗവും അവസാന 'പെസഹ'യുടെ സന്ദർഭത്തിൽ അദ്ദേഹം പറഞ്ഞ മറ്റു ചില വാക്കുകളുമൊഴിച്ചാൽ ആ സംഭവത്തിനു പിൽക്കാലത്ത് നൽകപ്പെട്ടിട്ടുള്ള അർഥം മുമ്പു വല്ലപ്പോഴെങ്കിലും നൽകിയതായി കാണുകയില്ല. മനുഷ്യന്റെ പാപവുമായോ പാപമോചനവുമായോ അദ്ദേഹത്തിന്റെ മരണത്തിനു വല്ല ബന്ധവുമുണ്ടെന്നതിലേക്ക് ഒരു എളിയ സൂചന പോലും ആ സുവിശേഷങ്ങളിൽ കാണുന്നില്ല."

ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ നിന്ന് വ്യത്യസ്തമായി യേശുവിനെക്കുറിച്ച് തെറ്റിദ്ധാരണകൾ സൃഷ്ടിക്കാൻ കാരണമാകുന്ന ചില പരാമർശങ്ങൾ യോഹന്നാന്റെ സുവിശേഷത്തിലുണ്ട്. യേശു സംസാരിച്ചത് അറാമിക് ഭാഷയിലായിരുന്നുവെങ്കിലും സുവിശേഷങ്ങളെഴുതപ്പെട്ടത് ഗ്രീക്ക് ഭാഷയിലായിരുന്നു. കാരണം അവ എഴുതിയത് ക്രിസ്തുവിനു ശേഷം ക്രിസ്തു മതത്തിൽ ചേർന്ന ഗ്രീക്ക് ഭാഷ സംസാരിക്കുന്നവരായിരുന്നു. അവയിൽ ആദ്യത്തെ മൂന്നും രചിക്കപ്പെട്ടത് ക്രിസ്തുവർഷം എഴുപതിനുശേഷമാണെങ്കിൽ നാലാമത്തെ യോഹന്നാന്റെ സുവിശേഷം രചിക്കപ്പെട്ടത് നൂറു വർഷം പിന്നിട്ടശേഷമാണ്. അതും ഏഷ്യാമൈനറിലെ ഇഫീസ് പട്ടണത്തിൽ വെച്ച്. ഈ നാലു സുവിശേഷങ്ങളും ആദ്യമായി രചിക്കപ്പെട്ട ഗ്രീക്ക് ഭാഷയിലെ ഏടുകളൊന്നും സൂക്ഷിക്കപ്പെട്ടിട്ടില്ലെന്നതും ശ്രദ്ധേയമത്രെ. അതുകൊണ്ടുതന്നെ അവ പല ഭേദഗതികൾക്കും വിധേയമാവുകയുണ്ടായി. യോഹന്നാന്റെ സുവിശേഷം

യേശുവിന്റെ കാലം കഴിഞ്ഞ് ഒരു നൂറ്റാണ്ടു പിന്നിട്ട ശേഷമാണ് രചിക്കപ്പെട്ടതെന്നതിനാൽ മറ്റുള്ളവയിലുള്ളതിനെക്കാൾ കൂടുതൽ അബദ്ധങ്ങൾ അതിൽ കടന്നുകൂടുകയുണ്ടായി. മറ്റു സുവിശേഷങ്ങളിൽ നിന്നത് വ്യത്യസ്തവും വിഭിന്നവുമാവാൻ കാരണം അതത്രെ. സുവിശേഷങ്ങൾ ഭേദഗതികൾക്കു വിധേയമായിട്ടുണ്ടെന്ന വസ്തുത സുസമ്മതവും സുവിദിതവുമാണല്ലോ. എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്ക എഴുതുന്നു: "സുവിശേഷങ്ങൾ അറിഞ്ഞുകൊണ്ട് ചില ഭേദഗതികൾക്കു വിധേയമായിട്ടുണ്ട്. ചില പൂർണവാക്യങ്ങൾ മറ്റു സ്രോതസ്സുകളിൽ നിന്നെടുത്ത് വേദപുസ്തകത്തിൽ ചേർത്തത് അതിനുദാഹരണമാകുന്നു..... മൂലവേദത്തിൽ ചേർക്കാവുന്ന വല്ലതും കണ്ടെത്തുകയും വേദം കൂടുതൽ പ്രയോജനപ്രദമാകുന്നതിന് അവ കൂടി അതിൽ ചേർക്കുന്നത് ഹിതകരമാണെന്ന് കരുതുകയും ചെയ്തവർ വ്യക്തമായും മനപ്പൂർവം നടത്തിയതാണീ ഭേദഗതികൾ. രണ്ടാം നൂറ്റാണ്ടിൽ തന്നെ നിരവധി കൂട്ടിച്ചേർക്കലുകൾ നടന്നിട്ടുണ്ട്. അവയുടെ ആധാരമെന്താണെന്ന കാര്യം അജ്ഞാതമാകുന്നു." (1954-ലെ പതിപ്പിലെ 'ബൈബിൾ' എന്ന ശീർഷകത്തിൽനിന്ന്)

റവറന്റ് ചിറത്സ് എൻഡേഴ്സൺ സ്കോട്ട് എഴുതുന്നു:

"യേശുക്രിസ്തു, തന്നെ ഒരു പ്രവാചകനായിട്ടാണ് അവതരിപ്പിച്ചതെന്നുള്ള വസ്തുത സുവിശേഷങ്ങളുടെ ധാരാളം വാചകങ്ങളിൽനിന്നു വ്യക്തമാവുന്നുണ്ട്. ഉദാഹരണമായി, 'ഇന്നും നാളെയും മറ്റന്നാളും ഞാൻ സഞ്ചരിക്കേണ്ടതാകുന്നു. യേരൂശലേമിനു പുറത്തുവെച്ചു ഒരു പ്രവാചകൻ നശിച്ചുപോവുക അസംഭവ്യമല്ലോ' (ലൂക്കോസ് 13: 33). അദ്ദേഹം തന്നെപ്പറ്റി 'മനുഷ്യപുത്രൻ' എന്ന് പലപ്പോഴും പറഞ്ഞിട്ടുണ്ട്... എന്നാൽ 'ദൈവപുത്രൻ' എന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. സമകാലീനർ തന്നെപ്പറ്റി ആ പദം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ മിക്കവാറും 'ദൈവത്താൽ ജ്ഞാനസ്നാനം ചെയ്യപ്പെട്ടവൻ' എന്ന അർഥത്തിലാണത്. എന്നാൽ കേവലം 'പുത്രൻ' എന്ന് അദ്ദേഹം സ്വയം വിശേഷിപ്പിച്ചിരുന്നു. ദൈവവുമായി തനിക്കുള്ള അഗാധബന്ധത്തെ ദ്യോതിപ്പിക്കാനായി 'പിതാവ്' എന്ന പദവും അതേ ആശയത്തിൽ അദ്ദേഹം പ്രയോഗിക്കാറുണ്ടായിരുന്നു... ഈ ബന്ധത്തെ സംബന്ധിച്ചിടത്തോളം താനതിൽ അദ്വിതീയനോ ഏകനോ ആണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നില്ല. പ്രത്യുത, ദൈവികബന്ധത്തിൽ മറ്റുള്ളവരെയും തന്റെ പങ്കാളികളായിട്ടാണ് ആരംഭഘട്ടത്തിൽ അദ്ദേഹം ഗണിച്ചിരുന്നത്. പിന്നീട് അവരുടെ പ്രകൃതത്തെക്കുറിച്ചുള്ള കൂലങ്കഷമായ പഠനവും അനുഭവവും തദ്വിഷയത്തിൽ താനൊറ്റയാണെന്നു മനസ്സിലാക്കാൻ തന്നെ നിർബന്ധിച്ചു."

വീണ്ടും തുടരുന്നു:

"പെന്തിക്കോസ്ത്' പെരുന്നാൾ സന്ദർഭത്തിൽ പത്രോസ് പറഞ്ഞു, 'ദൈവത്തിങ്കൽനിന്നുള്ള ഒരു മനുഷ്യൻ' എന്ന വാക്ക് നമുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്, യേശുവിനെ തന്റെ സമകാലീനർ ഏത് നിലക്കാണ് മനസ്സിലാക്കിയിരുന്നതെന്ന്.... യേശു ശൈശവം മുതൽ യൗവനംവരെ തികച്ചും പ്രകൃതിയുക്തമായിട്ടാണ് തന്റെ ശരീരവും മാനസികവുമായ

വളർച്ചാഘട്ടങ്ങൾ തരണം ചെയ്തതെന്ന് സുവിശേഷങ്ങളിൽനിന്ന് മനസ്സിലാവുന്നു.

"അദ്ദേഹം വിശപ്പും ദാഹവുമുള്ളവനായിരുന്നു. അദ്ദേഹത്തിനു ക്ഷീണം ബാധിച്ചിരുന്നു. ഉറക്കവും മയക്കവുമുണ്ടായിരുന്നു. പരിഭ്രമവും അന്ധാളിപ്പും പിടിപെട്ടിരുന്നു. സ്ഥിതിഗതികൾ അന്വേഷിച്ചറിയേണ്ടിയിരുന്നു. ദുഃഖമനുഭവിച്ചുകൊണ്ടാണ് അദ്ദേഹം മരണമടഞ്ഞത്. താൻ സർവശ്രോതാവും സർവദ്രഷ്ടാവുമാണെന്ന് ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. പ്രത്യുത, അതിനെ വ്യക്തമായും നിഷേധിക്കുകയാണുണ്ടായത്.... അദ്ദേഹം എല്ലാം കാണുന്നവനും സമീപസ്ഥനുമാണെന്ന് വാദിക്കപ്പെടുകയാണെങ്കിൽ സുവിശേഷങ്ങളിൽനിന്ന് നമുക്ക് മനസ്സിലായ വിഭാവനത്തിനു കടകവിരുദ്ധമാണീ വാദം. പരീക്ഷണ സന്ദർഭത്തിലും ഗിതസ്മനിയിൽവെച്ചും കോപ്പടിയിൽവെച്ചും ഉണ്ടായ സംഭവങ്ങളുമായി അതൊട്ടു യോജിക്കുന്നുമില്ല. അങ്ങനെ യോജിപ്പിക്കണമെങ്കിൽ അതെല്ലാം അയഥാർഥമായി തള്ളേണ്ടിവരും. പ്രസ്തുത സ്ഥിതിവിശേഷങ്ങളെല്ലാം നടക്കുമ്പോൾ മാനുഷിക ജ്ഞാനത്തിന്റെ സാമാന്യ പരിമിതി അദ്ദേഹത്തോട് ഒട്ടിപ്പിടിച്ചിരുന്നു. വല്ലതും ഒഴിവാക്കാവുന്നതുണ്ടെങ്കിൽ അത് പ്രവാചകോചിതമായ ആന്തരദൃഷ്ടിയുടെയും ദൈവത്തിലുള്ള ഉറച്ച വിശ്വാസത്തിന്റെയും അടിസ്ഥാനത്തിലുള്ള ഒന്നു മാത്രമാണ്. കൂടാതെ, യേശുക്രിസ്തു അജയ്യനായ ദൈവമായിരുന്നുവെന്ന് മനസ്സിലാക്കാനുള്ള യാതൊരു പഴുതും സുവിശേഷങ്ങളിൽ കാണുന്നില്ല. തന്റെ യാതൊരു പ്രവൃത്തിയും ദൈവമുക്തമോ സ്വതന്ത്രമോ ആയിരുന്നില്ല. എല്ലാം ദൈവാശ്രിതങ്ങളായിരുന്നു. അടിക്കടി പ്രാർഥിച്ചുകൊണ്ടിരിക്കുക അദ്ദേഹത്തിന്റെ പതിവായിരുന്നു. 'പ്രാർഥനകൊണ്ടല്ലാതെ മറ്റൊരു വഴിക്കും സാധിക്കാത്തതാണിത്' എന്നിങ്ങനെയുള്ള അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ ദ്യോതിപ്പിക്കുന്നുണ്ട്, തന്റെ സത്ത തികച്ചും ദൈവാശ്രിതമായിരുന്നുവെന്ന്. സുവിശേഷങ്ങളുടെ ചരിത്രപരമായ പ്രാധാന്യതക്ക് ഒരു മുഖ്യ തെളിവാണിത്. ക്രിസ്തുസഭകൾ മശിഹായെ ദൈവമെന്ന് ധരിക്കാൻ തുടങ്ങുന്നതിനു മുമ്പ് സുവിശേഷങ്ങളുടെ നിർമാണം പൂർത്തീകരിക്കപ്പെട്ടിരുന്നില്ലെങ്കിലും പ്രസ്തുത രേഖകളിൽനിന്ന് ഒരു വശത്ത് യേശുക്രിസ്തു ഒരു മനുഷ്യനായിരുന്നുവെന്നും മറുവശത്ത് താൻ സ്വയം ദൈവമെന്നു ധരിച്ചിരുന്നില്ലെന്നും തെളിയുന്നു." (എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക, പതിനാലാം പതിപ്പ്, Jesus Christ എന്ന ശീർഷകം.)

ഈ യഥാർഥ വിശ്വാസത്തിൽനിന്ന് ക്രൈസ്തവ സമൂഹം വ്യതിചലിക്കാനിടയായ പശ്ചാത്തലം റവറന്റ് ചിറത്സ് എൻഡേഴ്സൻ സ്കോട്ട് വിശദീകരിക്കുന്നു: "ഉയർത്തപ്പെടൽ സംഭവം നടക്കുമ്പോൾ ആ ക്രിയ മുഖേന യേശുക്രിസ്തു എല്ലാ വിധ അധികാര സ്വാതന്ത്ര്യങ്ങളോടും കൂടിയ 'ദൈവപുത്ര' പദവിയിലേക്കുയർന്നു എന്ന് പ്രഖ്യാപിച്ചത് സെന്റ് പോളാകുന്നു..... ദൈവപുത്ര പ്രയോഗത്തിൽ പോൾ തന്നെ മറ്റൊരു സ്ഥലത്ത് വ്യക്തമാക്കിയ പ്രകാരം, 'ദൈവത്തിന്റെ സ്വന്തം പുത്രൻ'

എന്ന ആശയം അന്തർഭവിച്ചിട്ടുണ്ട്. മശിഹാക്ക് 'കർത്താവ്' എന്ന സ്ഥാന പ്പേർ അതിന്റെ സാക്ഷാൽ മതവിവക്ഷയിൽ പ്രയോഗിച്ചത് പോളോ, അതോ ആദ്യക്രിസ്ത്യാനികളോ എന്ന് തീർത്തു പറവാൻ വയ്യ. ഒരുപക്ഷേ, ആദ്യക്രിസ്ത്യാനികളായിരിക്കാം അത് ചെയ്തത്. പക്ഷേ, അതിനെ അതിന്റേതായ സമ്പൂർണാർഥത്തിൽ പ്രയോഗിക്കാൻ തുടങ്ങി യത് പോളാണെന്നതിൽ സംശയമില്ല. പിന്നീട് തന്റെ വാദം ഒന്നുകൂടി വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം 'കർത്താവായ യേശുക്രിസ്തു'വിനോട് പല ധാരണകളും സാങ്കേതിക സംജ്ഞകളും കൂട്ടിച്ചേർത്തു. അവയാ കട്ടെ, പുരാതന ദൈവഗ്രന്ഥങ്ങളിൽ 'യഹോവ' (അല്ലാഹു)യുടെ സവി ശേഷതകളായിരുന്നു. അദ്ദേഹം യേശുക്രിസ്തുവിനെ ദൈവത്തിന്റെ മഹ ത്വത്തോടും ജ്ഞാനത്തോടും സാമ്യപ്പെടുത്തിക്കളഞ്ഞു. അദ്ദേഹത്തെ കേവലാർഥത്തിൽ ദൈവപുത്രനാക്കുകയും ചെയ്തു. പോൾ മശീഹായെ പല നിലക്കും ദൈവതുല്യനായി സ്ഥാപിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തെ 'യഹോവ'യെന്നു വിളിക്കുന്നതിൽനിന്ന് എന്തുകൊണ്ടോ ഒഴിഞ്ഞുനിന്നി രിക്കുകയാണ്." (Ibid)

എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ, 'ക്രിസ്ത്യാനിറ്റി' (Christianity) എന്ന തലക്കെട്ടിൽ, ക്രൈസ്തവസഭയുടെ അടിസ്ഥാനാദർശങ്ങൾ പ്രതിപാദിച്ചുകൊണ്ട് റവ: ജോർജ് വില്യം നാക്സ് എഴുതുന്നു:

"ത്രിയേകത്വ വിശ്വാസത്തിന്റെ വിചാരപരമായ മൂശ ഗ്രീക്ക് നിർമിത മാകുന്നു. ജൂത സിദ്ധാന്തങ്ങളെ അതിൽ വാർത്തെടുത്തിരിക്കുന്നു. ഈ വശത്തിൽകൂടി നോക്കിയാൽ ബഹുവിചിത്രമായ ഒരു ഘടനയത്രെ അത്; മതപരമായ ആശയങ്ങൾ ബൈബിളിന്റേതും അവ വാർത്തെടുത്ത കരു ഇതര തത്ത്വശാസ്ത്രത്തിന്റേതും.

"പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ സാങ്കേതിക സംജ്ഞ കൾ യഹൂദികൾ വഴിക്കു വന്നതാണ്. പരിശുദ്ധാത്മാവ് എന്ന പദം ദുർല ഭമായി ചിലപ്പോഴൊക്കെ യേശുക്രിസ്തു തന്നെ പ്രയോഗിച്ചിരുന്നു. പോളും അതുപയോഗിച്ചിരുന്നു. എങ്കിലും അതിന്റെ സാരം തികച്ചും അവ്യക്തമായിരുന്നു. എന്നാൽ യഹൂദ സാഹിത്യങ്ങളിൽ അത് ഒരു മൂർത്തിമൽഭാവത്തോട് അടുത്തിട്ടുണ്ടായിരുന്നു. അപ്പോൾ ഈ വിശ്വാ സത്തിന്റെ പദാർഥം യഹൂദികളുടേതും, (പ്രസ്തുത ഘടനയിൽ ലയി ക്കുന്നതിനു മുമ്പ് അത് ഗ്രീക്കിന്റെ സ്വാധീനം കൈക്കൊണ്ടിരുന്നുവെ ങ്കിലും) പ്രശ്നം തനി യവനവുമാണ്. പ്രസ്തുത വിശ്വാസം ഉടലെടു ക്കാൻ ഹേതുവായ യഥാർഥ പ്രശ്നം ധാർമികമോ മതപരമോ ആയ ഒന്നല്ലായിരുന്നു, തികച്ചും തത്ത്വശാസ്ത്രപരമായിരുന്നു. അതായത്, പ്രസ്തുത ത്രിമൂർത്തികൾ (പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്) തമ്മി ലുള്ള ബന്ധത്തിന്റെ പൊരുളെന്ത് എന്ന പ്രശ്നമായിരുന്നു. ഈ പ്രശ്ന ത്തിനു ക്രൈസ്തവസഭ നൽകിയ ഉത്തരമാണ് പ്രസ്തുത വിശ്വാസ ത്തിലന്തർഭൂതമായിരിക്കുന്നത്. നിക്കെയ്യാ കൗൺസിൽ അംഗീകരിച്ച പ്രസ്തുത വിശ്വാസം പരിശോധിച്ചാൽ തന്നെ അറിയാം, സകല സവി

ശേഷതകൾകൊണ്ടും അത് തികച്ചും ഗ്രീക്ക് ചിന്തയുടെ മാതൃകയാണെന്ന്.”

ഈ വിഷയകമായി എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ ചർച്ച് ഹിസ്റ്ററി (Church History) എന്ന ലേഖനത്തിലിങ്ങനെ കാണാം:

“ക്രിസ്ത്വബ്ദം മൂന്നാം നൂറ്റാണ്ട് അവസാനിക്കുന്നതിനു മുമ്പ് യേശു ക്രിസ്തുവിനെ പൊതുവേ ‘വചനത്തിന്റെ ശാരീരികാവതാര’മായിട്ടാണ് വിശ്വസിച്ചുപോന്നിരുന്നത്. എന്നിരുന്നാലും ക്രിസ്ത്യാനികളിൽ അധിക പേരും മിശിഹയുടെ ദൈവത്വം വാദിച്ചിരുന്നില്ല. നാലാം നൂറ്റാണ്ടിൽ ആ പ്രശ്നത്തെപ്പറ്റി വമ്പിച്ച വിവാദം നടന്നു. തന്മൂലം ക്രൈസ്തവസഭകളുടെ അടിത്തറയിളകി. അങ്ങനെ ക്രി. 325-ൽ ചേർന്ന നിക്കെയ്യാ കൗൺസിൽ മിശിഹയുടെ ദൈവത്വം ക്രിസ്ത്യാനികളുടെ സാക്ഷാൽ വിശ്വാസങ്ങളിൽ പെട്ടതാണെന്ന് ഔപചാരികമായി പ്രഖ്യാപിച്ചു. പ്രത്യേക വാക്കുകളിൽ അതിനെ ക്രോഡീകരിക്കുകയുംചെയ്തു. തർക്ക വിതർക്കങ്ങൾ കുറേ കാലത്തോളം പിന്നെയും തുടർന്നു നടന്നെങ്കിലും അവസാന വിജയം നിക്കെയ്യാ കൗൺസിലിന്റെ തീരുമാനത്തിനു തന്നെ സിദ്ധിച്ചു. അതാണ് സത്യക്രിസ്ത്യാനികളുടെ വിശ്വാസമെന്ന് പാശ്ചാത്യരും പൗരസ്ത്യരുമായ ക്രിസ്തുസമുദായം ഉറപ്പിച്ചു. അങ്ങനെ പുത്രന്റെ ദൈവത്വത്തോടൊന്നിച്ചു പരിശുദ്ധാത്മാവിന്റെ ദൈവത്വവും സമ്മതിക്കപ്പെട്ടു. ജ്ഞാനസ്നാന മൊഴിയിലും പ്രചാരത്തിലിരുന്ന മത ചിഹ്നങ്ങളിലും പിതാപുത്രൻമാരോടൊപ്പം അതും സ്ഥലംപിടിച്ചു. ഇങ്ങനെ നിക്കെയ്യാ കൗൺസിലിന്റെ വിഭാവനത്തിൻ ഫലമായാണ് ത്രിയേകത്വം ക്രിസ്തുമതത്തിന്റെ ഒരവിഭാജ്യഘടകമായിത്തീർന്നത്.”

## ഇസ്‌ലാമിക സമീപനം

യേശുവിന്റെ മഹത്ത്വം പൂർണമായും അംഗീകരിക്കുകയും വാഴ്ത്തുകയും ചെയ്യുന്ന ഖുർആൻ അദ്ദേഹമുൾപ്പെടെ മുഴുവൻ പ്രവാചകൻമാരെയും അംഗീകരിക്കാനും അവർക്കിടയിൽ വിവേചനമൊന്നും കല്പിക്കാതിരിക്കാനും മുസ്‌ലിംകളോടാവശ്യപ്പെടുന്നു. “മുസ്‌ലിംകളേ, നിങ്ങൾ പ്രഖ്യാപിക്കുവിൻ: ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്ക് അവതരിച്ചു കിട്ടിയ സൻമാർഗത്തിലും ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്തതികൾ എന്നിവർക്കവതീർണമായതിലും മൂസാക്കും ഈസാക്കും നൽകപ്പെട്ടതിലും വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ അവരിൽ ആരോടും വിവേചനം കാണിക്കുന്നില്ല. ദൈവത്തിന് സർവവും സമർപ്പിച്ചവരാകുന്നു ഞങ്ങൾ.” (ഖുർആൻ 2: 136)

അതുകൊണ്ടുതന്നെ യേശുവിന്റെ നാമം കേൾക്കുമ്പോൾ മറ്റു പ്രവാചകൻമാരുടെ പേരുകൾ കേൾക്കുമ്പോഴെന്ന പോലെ “അദ്ദേഹത്തിന് ദൈവത്തിന്റെ രക്ഷയും സമാധാനവും ഉണ്ടാവട്ടെ” (അലൈഹിസ്സലാം) എന്നു പറയാൻ മുഴുവൻ മുസ്‌ലിംകളും ബാധ്യസ്ഥരാണ്. അവ്വിധം പ്രാർഥിക്കുന്നവരുമാണ്.

യേശുവുൾപ്പെടെ എല്ലാ ദൈവദൂതൻമാരെയും അല്ലാഹു അനുഗ്രഹിക്കട്ടെ. അവരുടെ യഥാർഥ അനുയായികളാവാൻ നമ്മെ തുണക്കുമാറാവട്ടെ.